## പതിനാറാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

2026 ഒക്ടോബർ 13, ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

### [ആകെ ചോദ്യങ്ങൾ--356]

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി | : 345 മുതൽ 473 വരെ |
| വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി | : 474 മുതൽ 541 വരെ |
| വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 542 മുതൽ 627 വരെ |
| സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി | : 628 മുതൽ 700 വരെ |

### ലഹരിമുക്തരാകുന്ന യുവാക്കൾക്കായി മാനസിക-സ്വഭാവ സംസ്കരണ പദ്ധതികൾ

345 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയിൽ നിന്ന് മോചിതരാകുന്ന യുവാക്കളിൽ വീണ്ടും ആ ശീലം ഉണ്ടാകാതിരിക്കാൻ(റിലാപ്സ്) കൃത്യമായ ഫോളോ-അപ്പ് സംവിധാനം ലഭ്യമാണോ; വ്യക്തമാക്കാമോ;

(ബി) ഇവരിൽ ദീർഘകാല സ്വഭാവ സംസ്കരണവും മാനസിക പരിവർത്തനവും സാധ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ലക്ഷ്യത്തിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് മാനസികാരോഗ്യ വിദഗ്ധർ, സോഷ്യൽ വർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി ക്ലിനിക്കൽ സൈക്കോളജി അടിസ്ഥാനമാക്കിയുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം മാനസിക-സ്വഭാവ സംസ്കരണ പദ്ധതികൾ സംസ്ഥാനമൊട്ടാകെ വിപുലീകരിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**മുൻ സർക്കാരുകളുടെ കാലത്തുണ്ടായ കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും**

346 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്തുണ്ടായ കസ്റ്റഡി മർദ്ദനങ്ങൾ, കസ്റ്റഡി മരണങ്ങൾ എന്നിവ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും ഒഴിവാക്കുന്നതിന് നിലവിലെ സർക്കാർ ആഭ്യന്തര വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലയളവിൽ പോലീസിന്റെ വീഴ്ചകൾ കാരണം സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിനും പോലീസിനും പ്രതിച്ഛായ നഷ്ടപ്പെട്ടുവെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിച്ഛായ വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ഗുണ്ടാ ആക്രമണങ്ങൾ**

347 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം കണക്കുകൾ സഹിതം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് സർക്കാരിന്റെയും കാലയളവിൽ ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിൽ പോലീസ് പരാജയപ്പെട്ടതായുള്ള ആരോപണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ?

**ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ വ്യാപനം**

348 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിയിലൂടെ എത്ര ലഹരി വിരുദ്ധകേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തെന്നും വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളും പുതുതായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

**<u>ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിക്കുള്ള അന്യസംസ്ഥാന പിന്തുണ</u>**

349 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. മഞ്ഞളാംകുഴി അലി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെയുള്ള കേരള സർക്കാരിന്റെ ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിക്ക് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പിന്തുണ നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ലഹരിപദാർത്ഥങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) കർണാടകയിലെ ബംഗളൂരുവിൽ കഴിയുന്ന മലയാളി വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വർധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ കർണാടക സർക്കാരിന്റെ സത്വര നടപടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കാസർഗോഡ് കാലിക്കടവ് മയക്കുമരുന്ന് കേസ് അന്വേഷണം</u>**

350 **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. കാരായി രാജൻ**

**ശ്രീ. എം. വിജിൻ**

**ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാലിക്കടവിൽ രാജ്യാന്തര മയക്കുമരുന്ന് റാക്കറ്റിൽപ്പെട്ട പ്രതികളെ പിടികൂടിയ കേസിൽ തൊണ്ടിമുതലായ മൊബൈൽ ഫോണുകൾ കോടതിയിൽ ഹാജരാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കസ്റ്റഡിയിലെടുത്ത മുഴുവൻ ഫോണുകളും കോടതിയിൽ ഹാജരാക്കാതിരുന്നതും എഫ്.ഐ.ആറിലും റിമാൻഡ് റിപ്പോർട്ടിലും ഫോണുകളുടെ ഐ.എം.ഇ.ഐ. നമ്പർ രേഖപ്പെടുത്താതിരുന്നതും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കേസിലെ പ്രതികൾക്ക് ഉന്നതരുമായുള്ള ബന്ധം തെളിയിക്കുന്ന ഫോണിലെ നിർണായക വിവരങ്ങളും ദൃശ്യങ്ങളും പോലീസ് ഇടപെട്ട് നശിപ്പിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്ത് അന്വേഷണമാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) നശിപ്പിക്കപ്പെട്ട ഡിജിറ്റൽ തെളിവുകൾ വീണ്ടെടുക്കുന്നതിനായി പ്രസ്തുത ഫോണുകൾ അടിയന്തരമായി ഫോറൻസിക് പരിശോധനയ്ക്ക് അയച്ചിട്ടുണ്ടോ; കേസ് അന്വേഷണത്തിലോ നടപടിക്രമങ്ങളിലോ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## <u>ഓപ്പറേഷൻ ഡി ഹണ്ട്</u>

351 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി ഹണ്ട് ദൗത്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ദൗത്യം മുഖേന ഇതുവരെ പിടിച്ചെടുത്തിട്ടുള്ള ലഹരിവസ്തുക്കളുടെ മൂല്യം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഓപ്പറേഷൻ ഡി ഹണ്ടുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര വ്യക്തികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസ്തുത കേസുകൾ മാത്രം പരിഗണിക്കുന്നതിനായി

പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>അകലാട് സ്വദേശിക്കെതിരെയുള്ള പരാതികളിലെ അന്വേഷണ പുരോഗതി</u>**

352 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സനോജ് ശിവജി ഗായക്‌വാദ്, അകലാട് സ്വദേശി സുനീർ നുറു (S/o അലി, വട്ടംപറമ്പിൽ ഹൗസ്) എന്നിവർക്കെതിരെ എം.എൽ.എ. മുഖേന ആഭ്യന്തര വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ (കത്ത് നമ്പർ: 3801/2026/മിനിസ്റ്റർ ഹോം, കയർ, വിജിലൻസ്) ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സുനീർ നുറു എന്നയാൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ടിയാനെതിരെ പുതിയതായി വഞ്ചനാ കേസുകളോ പരാതികളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെയുള്ള പരാതികളിൽ സമയബന്ധിതമായി നടപടി എടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട കേസ്സുകൾ</u>**

353 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ചുമത്തിയ കേസുകൾ പിൻവലിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) നിലവിൽ എത്ര കേസുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ടി കേസുകളിൽ പിൻവലിക്കാൻ ബാക്കിയുള്ള കേസുകൾ എത്ര; ജില്ല തിരിച്ച് കണക്ക് നൽകുമോ?

**<u>സി എം ആർ എൽ– എക്സാലോജിക് ഇടപാട്</u>**

354 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ആർ.എൽ.-എക്സാലോജിക് ഇടപാടുകളുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ കത്തിന്റെയോ വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ ഇതുവരെ ആരുടെയെങ്കിലും അറസ്റ്റ് രേഖപ്പെടുത്തുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഓപ്പറേഷൻ ഡി-ഹണ്ട് 2.0**

355 **ശ്രീ. അപ്പു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുള്ള ലക്ഷ്യപ്രാപ്തി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ;

(ബി) ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനും ഗ്രാമകേന്ദ്രീകൃത ലഹരി നിർവ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലഹരിയിൽ നിന്ന് മുക്തി നേടുന്നവരുടെ പുനരധിവാസത്തിന് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ;

(ഡി) അന്തർ സംസ്ഥാന, അന്തർദേശീയ ബന്ധമുള്ള മയക്കുമരുന്ന് കേസുകളുടെ അന്വേഷണത്തിനായി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**എച്ച്.എം.എൽ എസ്റ്റേറ്റിലെ വാച്ചറായിരുന്ന മഞ്ജുഷയുടെ ആത്മഹത്യ**

356 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലാപ്പിള്ളി-കുണ്ടായി എച്ച്.എം.എൽ

എസ്റ്റേറ്റിലെ വാച്ചറായി ജോലി ചെയ്തിരുന്ന മഞ്ജുഷയുടെ ആത്മഹത്യ തൊഴിലിടത്തിലെ ഓഫീസർമാരുടെ പീഡനം മൂലമാണ് എന്ന ആക്ഷേപം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിരാലംബയും, രോഗിയുമായ മഞ്ജുഷയെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടതായി ആരോപിക്കപ്പെട്ടിട്ടുള്ള എസ്റ്റേറ്റ് കമ്പനി ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>**ഓപ്പറേഷൻ ഡി-ഹണ്ട് കേസുകളും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും**</u>

357 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ട് ദൗത്യത്തിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസുകളുടെ തുടർനടപടികളിൽ വീഴ്ച ഉണ്ടാകാതിരിക്കാനും പ്രതികൾ നിയമനടപടികളിൽനിന്ന് രക്ഷപ്പെടാതിരിക്കാനും എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദൗത്യത്തിന്റെ ഭാഗമായി കണ്ടെത്തിയ ലഹരിയ്ക്ക് അടിമപ്പെട്ട വ്യക്തികൾക്ക് ലഹരിമുക്തി നേടുന്നതിനാവശ്യമായ ചികിത്സാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിനായി പ്രത്യേകം ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാലയങ്ങളെയും വിദ്യാർഥികളെയും കേന്ദ്രീകരിച്ചുള്ള ലഹരിവിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതി കൂടുതൽ ശാക്തീകരിക്കാനും വിപുലപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ഡെന്റൽ കോളേജ് വിദ്യാർഥിയായിരുന്ന നിധിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്**

358 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർഥിയായിരുന്ന നിധിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ ആഭ്യന്തര വകുപ്പിന് വീഴ്ച സംഭവിച്ചതായി ബഹു. ഹൈക്കോടതി നിരീക്ഷിച്ചിരുന്നോ;

(ബി) കേസിലെ മുഖ്യപ്രതി ഡോ. എം. കെ. റാമിനെ അറസ്റ്റ് ചെയ്തത് നടപടിക്രമങ്ങളും ബഹു. സുപ്രീംകോടതി നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും പാലിക്കാതെയായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ മൂലമാണ് പ്രതിക്ക് ജാമ്യം ലഭിക്കുന്ന സാഹചര്യം ഉണ്ടായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് നടപടി**

359 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കാൻ പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുമോ; രാത്രികാല പോലീസ് പട്രോളിംഗ് കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ സ്ഥിരമായി നിരീക്ഷിക്കുന്നതിനും അവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

**ഓപ്പറേഷൻ തൂഫാൻ ലഹരിവിരുദ്ധ ഡ്രൈവും എൻഫോഴ്സ്മെന്റ് നടപടികളും**

360 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കടത്തും വിതരണവും തടയുന്നതിനായി സംസ്ഥാന വ്യാപകമായി പോലീസ് നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ ഡി-ഹണ്ട് എന്ന പ്രത്യേക പരിശോധനയിലൂടെ എൻ.ഡി.പി.എസ് ആക്റ്റിന് കീഴിൽ നാളിതുവരെ സംസ്ഥാനത്തൊട്ടാകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും സംബന്ധിച്ച, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓപ്പറേഷന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പേരെ കോടതി മുഖേന ശിക്ഷിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് ശിക്ഷാ നിരക്ക് വർദ്ധിപ്പിക്കുന്നതിനും പ്രതികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നിയമ/അന്വേഷണ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തേക്ക് വൻതോതിൽ ലഹരിമരുന്ന് എത്തിക്കുന്ന പ്രധാന സ്രോതസ്സുകൾ (മേജർ സോഴ്സസ് / കിങ്പിൻസ്) എവിടെയാണെന്ന് അന്വേഷണ ഏജൻസികൾക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; അതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയുന്നതിനായി അന്യസംസ്ഥാന പോലീസ് സേനകളെയും കേന്ദ്ര ഏജൻസികളെയും ഏകോപിപ്പിച്ച് ഓപ്പറേഷൻ ഡി-ഹണ്ട് -ന്റെ ഭാഗമായി സംയുക്ത ഓപ്പറേഷനുകൾ നിലവിൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കൊറിയർ-പാഴ്സൽ സർവീസുകൾ ഡാർക്ക്‌വെബ് തുടങ്ങിയ ആധുനിക മാർഗ്ഗങ്ങൾ ദുരുപയോഗം ചെയ്ത് നടത്തപ്പെടുന്ന ലഹരിക്കടത്തും ഉത്പാദനവും വിൽപനയും തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള അത്യാധുനിക നിരീക്ഷണ -പ്രതിരോധ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>പൊലീസ് സേനയെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് കീഴ്പ്പെടുത്താനുള്ള നീക്കം</u>**

361 **ശ്രീ. കെ. രാജൻ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് സംഘടനകളെ ഏകപക്ഷീയമായി പുനഃസംഘടിപ്പിക്കാനും അതുവഴി സേനയെ പൂർണമായി രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് കീഴ്പ്പെടുത്താനുമുള്ള സർക്കാരിന്റെ നീക്കം ജനാധിപത്യവിരുദ്ധമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡൽഹി ജന്തർമന്തർ പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച വിദ്യാർഥികൾക്കെതിരെ കേരള പൊലീസ് രജിസ്റ്റർ ചെയ്ത കേസ് പിൻവലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കണ്ണൂർ അഞ്ചരക്കണ്ടി സ്വകാര്യ ഡെന്റൽ കോളേജ് വിദ്യാർഥി നിതിൻ രാജ് ആത്മഹത്യചെയ്ത സംഭവത്തിൽ ഡോ. എം.കെ. റാമിനെ അറസ്റ്റ് ചെയ്ത നടപടിയിൽ ഡി.വൈ.എസ്.പി.ക്ക് വീഴ്ച പറ്റിയെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടും നടപടിയെടുക്കാത്തതെന്തുകൊണ്ടാണെന്ന ഹൈക്കോടതിയുടെ രൂക്ഷവിമർശനം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാപ്പാ കേസിലെ പ്രതിയായിരുന്നിട്ടുകൂടി ഒരാൾക്ക് തിരുവനന്തപുരം നഗരസഭ കൗൺസിലറായി സത്യപ്രതിജ്ഞ ചെയ്യാൻ ജയിലിൽ സൗകര്യമൊരുക്കി കൊടുത്തത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഓപ്പറേഷൻ തൂഫാൻ – ബോധവൽക്കരണ പരിപാടി</u>**

362 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളരെയധികം ജനശ്രദ്ധ നേടിവരുന്ന ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും കുട്ടികൾക്ക് പോലീസ്, എക്സൈസ്, ഹെൽത്ത് എന്നിവിടങ്ങളിൽ ഉള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടി നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ ഭാഗമാക്കി സ്കൂളുകളിലും കോളേജുകളിലും മറ്റും ബോധവൽക്കരണ പരിപാടി നടത്തുവാൻ നടപടി സ്വീകരിക്കുമോ;

വിശദമാക്കാമോ;

**മയ്യനാട് പഞ്ചായത്ത് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ**

363 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ വ്യാപ്തിയും ജനസംഖ്യാപരമായ വർദ്ധനവും കണക്കിലെടുത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സ്റ്റേഷനുകൾ വിഭജിക്കുന്നതിനും ഉള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇരവിപുരം മണ്ഡലത്തിലെ ജനസാന്ദ്രതയേറിയ തീരദേശ മേഖലകളിലും വികസിച്ചുവരുന്ന നഗര വാർഡുകളിലും ജനങ്ങൾക്ക് വേഗത്തിൽ പോലീസ് സേവനം ലഭ്യമാക്കാൻ മയ്യനാട് പഞ്ചായത്ത് കേന്ദ്രീകരിച്ച് പുതിയ സ്റ്റേഷനോ ഔട്ട്പോസ്റ്റോ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**പി.എസ്.സി. പരീക്ഷ ക്രമക്കേടുകളിലെ എസ്.ഐ.ടി. അന്വേഷണം**

364 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേടുകളെ സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (എസ്.ഐ.ടി.) അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ അന്വേഷണം നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ എല്ലാം അന്വേഷണം നടത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ബോർഡ് ചീഫ് തസ്തികയ്ക്കായുള്ള പി.എസ്.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ഒന്നാം റാങ്ക് ലഭിച്ച വ്യക്തി ഉത്തരം എഴുതാതിരുന്ന ചോദ്യങ്ങൾ മൂല്യനിർണ്ണയത്തിൽനിന്നും ഒഴിവാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പി.എസ്.സി. പരീക്ഷ ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**തൂഫാൻ പദ്ധതി**

365 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഋഫാൻ പദ്ധതി പ്രകാരം സംസ്ഥാനത്തു നാളിതുവരെ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളിൽ ബോധവത്കരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>**പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**</u>

366 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടത്തിയ സമരത്തിൽ ഉൾപ്പെട്ടവർക്കെതിരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എടുത്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) അത്തരത്തിലുള്ള കേസുകൾ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുവാൻ നടപടി**</u>

367 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ വളരെയധികം അതിഥി തൊഴിലാളികൾ കേന്ദ്രീകരിച്ച് വസിക്കുന്നത് കണക്കിലെടുത്ത് ക്രമസമാധാനം ഉറപ്പുവരുത്തുന്നതിലേക്കായി പ്രസ്തുത സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് അടിയന്തരമായി സ്ഥാപിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം വ്യക്തമാക്കുമോ;

(ബി) എം.സി. റോഡിൽ ചങ്ങനാശ്ശേരി ഭാഗത്ത് അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സുഗമമായ ഗതാഗതം

ഉറപ്പാക്കുന്നതിനും പോലീസ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ, സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ നിലവിലുള്ള പോലീസ് സ്റ്റേഷനുകളുടെയും ഔട്ട്പോസ്റ്റുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിടങ്ങൾ നവീകരിക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുമായി വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പോലീസ് വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും രാത്രികാല പട്രോളിംഗ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനുമായി നടപ്പുവർഷം ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ ക്രമസമാധാന പാലനത്തിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം അനുവദിച്ച ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ ബന്ധപ്പെട്ട കണക്കുകൾ സഹിതം രേഖാമൂലം ലഭ്യമാക്കാമോ?

## മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ

368 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്, ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ,

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത മങ്കട പോലീസ് സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനായി മങ്കട വില്ലേജിൽ കടന്നമണ്ണ അംശം ദേശത്ത് വെറ്ററിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥലം വിട്ടു കിട്ടാൻ സാധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ മറ്റൊരു സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>**ഓപ്പറേഷൻ തൂഫാൻ**</u>

369 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ വിതരണക്കാരെയും പ്രധാന കണ്ണികളെയും കണ്ടെത്തുന്നതിൽ പോലീസ് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്; അവ പരിഹരിക്കാൻ സ്വീകരിക്കുന്ന അടിയന്തര നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>**ഓപ്പറേഷൻ തൂഫാൻ**</u>

370 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തൂഫാൻ വഴി കണ്ടെത്തിയ ലഹരി പദാർത്ഥങ്ങൾ എവിടെയാണ് സൂക്ഷിക്കുന്നത്;വ്യക്തമാക്കുമോ;

(ബി) ഈ സാധനങ്ങൾ വീണ്ടും ലഹരി വിതരണക്കാരുടെ കൈയിൽ എത്താതിരിക്കാൻ എന്തെല്ലാം സുരക്ഷാ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ?

<u>**ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം തടയാൻ നടപടി**</u>

371 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗുണ്ടകൾക്കും സ്ഥിരം കുറ്റവാളികൾക്കുമെതിരെയുള്ള ഓപ്പറേഷൻ ഗ്രിപ് പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇവരുടെ സംരക്ഷകരിലേക്കും സ്പോൺസർമാരിലേക്കും അന്വേഷണം നടത്താൻ ആലോചനയുണ്ടോ;

(സി) ഗുണ്ടാ മാഫിയ സംഘത്തലവൻമാരുടെ ജന്മദിനം, വിവാഹ വാർഷികം എന്നിവ വിപുലമായി ആഘോഷിക്കുന്നതും സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതും തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗുണ്ടാ ക്രിമിനൽ സംഘങ്ങളുടെ പ്രവർത്തനത്തിൽ നിരീക്ഷണം ശക്തമാക്കി ഇവരുടെ പ്രവർത്തനം തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിലെ സാമ്പത്തിക ക്രമക്കേടുകൾ**

372 **ശ്രീ. ടി. വി. ഇബ്രാഹിം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ഫുട്ബോൾ താരം ലയണൽ മെസ്സിയെയും ടീമിനേയും കേരളത്തിൽ എത്തിക്കുന്നതിനായി നടത്തിയ സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(ബി) മെസ്സിയെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് സ്പോൺസർമാരെ തെരഞ്ഞെടുത്തതു മുതൽ ഒപ്പുവച്ച മുഴുവൻ കരാറുകളും പരിശോധിക്കാൻ അന്വേഷണ സംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സാമ്പത്തിക ഇടപാടുകളും ഫണ്ടിന്റെ സ്രോതസ്സും അന്വേഷണ വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഓപ്പറേഷൻ തൂഫാൻ**

373 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഓപ്പറേഷൻ തൂഫാൻ പദ്ധതിയിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ

ചെയ്യുവെന്നും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ലഹരിക്കെതിരായ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലും കലാലയങ്ങളിലും വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) ഓപ്പറേഷൻ ശുഭയാത്രമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**പുത്തൂർ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ**</u>

374 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് ആരംഭിച്ചതിനെ തുടർന്ന് വലിയ തോതിൽ സന്ദർശകരും വാഹനങ്ങളും എത്തിച്ചേരുന്ന സാഹചര്യത്തിൽ, സുവോളജിക്കൽ പാർക്ക് ഉൾപ്പെടുന്ന പുത്തൂർ പ്രദേശം നിലവിൽ ഒല്ലൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലായതിനാലും ഒല്ലൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിൽ പുത്തൂർ ഉൾപ്പെടെ വിപുലമായ പ്രദേശങ്ങൾ ഉൾപ്പെടുന്നതിനാലും, നിലവിലെ പോലീസ് സംവിധാനത്തിന്റെ ജോലിഭാരം വർധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒല്ലൂർ പോലീസ് സ്റ്റേഷന്റെ നിലവിലെ അധികാരപരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, ജനസംഖ്യ, പോലീസ് സ്റ്റേഷനിൽ നിലവിലുള്ള അംഗബലം, അനുവദിച്ചിട്ടുള്ള തസ്തികകൾ, നിലവിലുള്ള ഒഴിവുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പുത്തൂർ സുവോളജിക്കൽ പാർക്കിലെത്തുന്ന സന്ദർശകരുടെയും വാഹനങ്ങളുടെയും വർധിച്ചുവരുന്ന എണ്ണം, പ്രദേശത്തെ ജനവാസ മേഖല, മലയോര-ആദിവാസി മേഖലകൾ എന്നിവ കണക്കിലെടുത്ത് പുത്തൂർ കേന്ദ്രീകരിച്ച് പ്രത്യേക പോലീസ് സ്റ്റേഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പുത്തൂർ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ

ഫയൽ നമ്പർ, നിലവിലെ പരിഗണനാ ഘട്ടം, അനുവദിക്കേണ്ട തസ്തികകളുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ?

**പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി**

375 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–2026 വരെയുള്ള കാലയളവിൽ അഴിമതി, കൈക്കൂലി വാങ്ങൽ, മറ്റ് തരത്തിലുള്ള കുറ്റകൃത്യങ്ങൾ എന്നിവയിൽ ഏർപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരെ അച്ചടക്ക നടപടിക്രമങ്ങൾ പൂർത്തിയാക്കി സർവീസിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കിളിമാനൂർ പോലീസ് സ്റ്റേഷനിലെ തസ്തികകൾ**

376 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ആഭ്യന്തരവകുപ്പിന് കീഴിലുള്ള ചെമ്മാട് ടൗണിലെ ഭൂമി**

377 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ചെമ്മാട് ടൗണിൽ ആഭ്യന്തരവകുപ്പിന് കീഴിലുള്ളതും ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതുമായ ഭൂമി പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനോ ഉപയോഗയോഗ്യമാക്കുന്നതിനോ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏത് വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി കാട്ടുപിടിച്ച് കിടക്കുന്നതു കൊണ്ട് പ്രദേശവാസികളും മറ്റും പ്രയാസപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>**കെ.എ.പി. നാലാം ബറ്റാലിയൻ ഒഴിവുകൾ**</u>

378 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; കാറ്റഗറി തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**ശിവസൂര്യയെ കണ്ടെത്തുന്നതിനുള്ള നടപടി**</u>

379 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ ജിഗീഷ്. എ, ശിവപ്രിയം, പാറേമ്മൽ, പുളിയനമ്പ്രം-പോസ്റ്റ്, കരിയാട് എന്നയാളുടെ മകൻ 17 വയസ്സുള്ള ശിവസൂര്യ എന്ന വിദ്യാർഥിയെ 2026 ആഗസ്റ്റ് 8 മുതൽ കാണാതായത് സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) ശിവസൂര്യയെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>**ഫോർട്ട് കൊച്ചിയിലെ ലഹരിവിരുദ്ധ/ പ്രതിരോധ പ്രവർത്തനങ്ങൾ**</u>

380 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി ബീച്ച്, ക്വീൻസ് വാക്ക്‌വേ പരിസരങ്ങളിൽ മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിന് പോലീസ് സ്വീകരിച്ചിട്ടുള്ള കർശന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ലൈസൻസ് ദുരുപയോഗം ചെയ്ത് പ്രവർത്തിക്കുന്ന അനധികൃത വഴിയോരക്കടകൾ പെട്ടിക്കടകൾ എന്നിവയ്ക്കെതിരെ പോലീസും ബന്ധപ്പെട്ട അധികാരികളും ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ മേഖലകളിലെ ലഹരിവിരുദ്ധ/പ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സബ് കളക്ടറെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി ആഴ്ചതോറും അവലോകനം നടത്താൻ തീരുമാനിച്ചിരുന്നതിൽ എന്തെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>പോലീസ് സേനയുടെ കാര്യക്ഷമത ഉയർത്താൻ നടപടി</u>**

381 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത ഉയർത്താൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) വിശ്രമമില്ലാതെയുള്ള ജോലിഭാരം പോലീസ് ഉദ്യോഗസ്ഥർക്ക് മാനസിക സംഘർഷത്തിന് കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം കഴിഞ്ഞ 8 വർഷത്തിനിടെ 130 ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എസ്.എച്ച്.ഒ. മാർ മുതൽ സി.പി.ഒ. വരെയുള്ളവർക്ക് ആഴ്ചയിലൊരിക്കൽ നിർബന്ധിത അവധി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് പൊതുജനങ്ങളോടുള്ള പോലീസിന്റെ ഇടപെടലിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(ഡി) കൂടുതൽ സഹാനുഭൂതിയോടെ പൊതുസമൂഹത്തിൽ ഇടപെടലുകൾ നടത്താൻ പോലീസിനെ പ്രാപ്തരാക്കും വിധം പരിശീലന പരിപാടികൾക്ക് രൂപം നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>പെരിമ്പിലാവ് പോലീസ് സ്റ്റേഷൻ രൂപീകരണം</u>**

382 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ കേസുകളുടെയും പരാതികളുടെയും എണ്ണം വർദ്ധിച്ചതുമൂലം അനുഭവപ്പെടുന്ന അമിത ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയുടെ ഭാഗവും, മലപ്പുറം, പാലക്കാട് ജില്ലകളുമായി അതിർത്തി പങ്കിടുന്നതുമായ പെരിമ്പിലാവ് കേന്ദ്രീകരിച്ച് കടവല്ലൂർ, കാട്ടകമ്പാൽ, പോർകുളം പഞ്ചായത്തുകൾ ഉൾപ്പെടുത്തി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മൂന്ന് ജില്ലകളുടെ സംഗമ /അതിർത്തി പ്രദേശം എന്ന പ്രാധാന്യവും ജനങ്ങളുടെ സുരക്ഷയും ക്രമസമാധാനപാലനവും കണക്കിലെടുത്ത് പെരുമ്പിലാവിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ജനമൈത്രി പോലീസ് പദ്ധതി</u>**

383 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>അടിവാരം പോലീസ് എയിഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന്</u>**

384 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ അടിവാരം പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നത് പരിഗണിക്കാമെന്ന് 01.07.2026 തീയതിയിൽ ബഹു. ആഭ്യന്തര മന്ത്രി നിയമസഭയിൽ സബ്മിഷന് മറുപടി നൽകിയതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുടർനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പാനൂരിലെ പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം**

385 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ മേഖലയിൽ വർഷങ്ങളായി പ്രവർത്തിച്ചിരുന്ന പോലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം അവസാനിപ്പിച്ച് കണ്ണൂരിലേക്ക് മാറ്റിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) നിയന്ത്രണ സംവിധാനം കണ്ണൂരിലേക്ക് മാറ്റിയതോടെ പാനൂർ, തലശേരി മേഖലകളിൽ അടിയന്തര സാഹചര്യങ്ങളിൽ പോലീസ് സമയബന്ധിതമായി സ്ഥലത്തെത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്ന ആശങ്ക പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(സി) രാഷ്ട്രീയ സംഘർഷസാധ്യതയുള്ള മേഖലകളിൽ കൺട്രോൾ റൂം വാഹനങ്ങളുടെ നിരന്തര സാന്നിധ്യം ക്രമസമാധാനപാലനത്തിൽ നിർണായകമായതിനാൽ പൊലീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം നേരത്തെയുണ്ടായിരുന്ന രീതിയിൽ തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**മാധ്യമ സ്ഥാപനത്തിൽ പോലീസ് റെയ്ഡ്**

386 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു പ്രമുഖ മാധ്യമ സ്ഥാപനത്തിൽ അവരുടെ വാർത്താസംപ്രേക്ഷണത്തിന് തടസ്സം വരുത്തുന്ന വിധത്തിൽ പോലീസ് റെയ്ഡ് നടത്തിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ആഭ്യന്തരവകുപ്പ് മന്ത്രി വിദേശയാത്രയിലായിരുന്ന അവസരത്തിൽ വകുപ്പിന്റെ ചുമതല ആർക്കാണ് കൈമാറിയിരുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചാനൽ സംപ്രേഷണം ചെയ്ത ഏതെങ്കിലും വാർത്തയുടെ വിശദാംശങ്ങൾ തേടുന്നതിനായിരുന്നോ റെയ്ഡ് നടത്തിയത്, എങ്കിൽ ഏത് വാർത്തയുടെ വിവരങ്ങൾ ആണ് തേടിയത്;

(ഡി) പ്രസ്തുത റെയ്ഡിനെക്കുറിച്ചുള്ള വിവരങ്ങൾ ആഭ്യന്തരവകുപ്പ് മന്ത്രിക്ക് ലഭിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റെയ്ഡിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ വാർത്താവിഭാഗം എഡിറ്ററുടെ കസേരയിൽ കയറിയിരുന്ന് നടപടികൾ നിയന്ത്രിക്കുകയായിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ആയത് ശരിയായ നടപടിയായി സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റെയ്ഡിന്റെ ഭാഗമായി കളമശ്ശേരിയിലെ പ്രസ്തുത മാധ്യമസ്ഥാപനത്തിന്റെ ഓഫീസിൽ നിന്നും എന്തെല്ലാം സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും ആയതിൽ വാർത്തകൾ സംബന്ധിച്ചും പിടിച്ചെടുത്ത സാധനങ്ങൾ സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കാമോ?

**മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിന് മാർഗതടസം സൃഷ്ടിച്ച സംഭവം**

387 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വർഷത്തെ ശ്രീനാരായണഗുരു ജയന്തി ദിവസം തിരുവനന്തപുരം ജില്ലയിൽ പൊതുപരിപാടിയിൽ പങ്കെടുക്കാൻ പോയ ബഹു. മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിന് മുന്നോട്ട് പോകാൻ സാധിക്കാത്ത തരത്തിൽ മുൻകൂട്ടി പ്രഖ്യാപിക്കാതെ മാർഗതടസ്സം സൃഷ്ടിച്ച സംഭവത്തിൽ പോലീസ് സ്വമേധയാ കേസ് എടുത്തിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട ഒരു വ്യക്തിയെ മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥൻ ബലം പ്രയോഗിച്ച് ഒഴിവാക്കിയിരുന്നോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ; കേസിന്റെ എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വ്യക്തി മുൻപ് ഏതൊക്കെ കേസുകളിൽ ഉൾപ്പെട്ടിരുന്നു വ്യക്തമാക്കാമോ; പ്രസ്തുത കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**എം.ഡി.എം.എ. കേസിന്റെ നിലവിലെ അന്വേഷണപുരോഗതി**

388 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചന്തേര പോലീസ് സ്റ്റേഷൻ പരിധിയിൽ കാലിക്കടവിൽവച്ച് 139.29 ഗ്രാം എം.ഡി.എം.എ.യുമായി മൂന്ന് പേർ പിടിയിലായ കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി എന്താണ്; ഇതുവരെ എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദമാക്കാമോ;

(ബി) ഇവരുടെ വീടുകളിൽ റെയ്ഡ് നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) എൻ.ഡി.പി.എസ്. നിയമപ്രകാരം എം.ഡി.എം.എ. യുടെ കൊമേഴ്സ്യൽ ക്വാണ്ടിറ്റി 10 ഗ്രാം ആയിരിക്കെ, 139.29 ഗ്രാം പിടികൂടിയ ഈ കേസിന്റെ അന്തർസംസ്ഥാന-അന്തർദേശീയ ബന്ധങ്ങൾ കണക്കിലെടുത്ത് കൂടുതൽ ശക്തമായ അന്വേഷണം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) കേസിലെ സാമ്പത്തിക സ്രോതസ്സ് (ഫിനാൻഷ്യൽ ട്രെയിൽ), ഹവാല ഇടപാടുകൾ, അന്തർ-സംസ്ഥാന ശൃംഖല, ഡാർക്ക് വെബ് ബന്ധം എന്നിവയെക്കുറിച്ച് അന്വേഷിക്കാൻ പോലീസിന് സാങ്കേതിക പരിമിതികളുണ്ടോ; ഉണ്ടെങ്കിൽ വിദഗ്ധ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ;

(ഇ) പ്രതികളിൽ ഒരാൾ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ എന്ന് സ്വയം അവകാശപ്പെടുന്ന എന്ന പ്രചാരണത്തിന്റെ നിജസ്ഥിതി എന്താണ്;

(എഫ്) കേസ് അന്വേഷണം അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

**പോലീസ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

389 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ അംഗരക്ഷകരായി ഡ്യൂട്ടി ചെയ്തിരുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ബി) ഇവർക്കെതിരെ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധി പിന്നിട്ടശേഷവും ഇവർ സസ്പെൻഷനിൽ തുടരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇവരെ സർവീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**വാഴോട്ടുകോണം കൗൺസിലർക്കെതിരയുള്ള ക്രിമിനൽ കേസുകൾ**</u>

390 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ വാഴോട്ടുകോണം വാർഡിന്റെ നിലവിലെ കൗൺസിലറായ വ്യക്തിക്കെതിരെ എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിക്കെതിരെ 2007 -ലെ ദി കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് പ്രകാരം തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നും എത്ര കാലയളവിലേയ്ക്കുള്ള തടങ്കലാണ് ഉത്തരവായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കേരള മുനിസിപ്പാലിറ്റി നിയമം 1994 പ്രകാരം തുടർച്ചയായി മൂന്ന് സാധാരണ യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ കൗൺസിലറുടെ അംഗത്വം നഷ്ടപ്പെടുമെന്നിരിക്കെ ജയിലിൽ കഴിയുന്ന കൗൺസിലർക്ക് 6 മാസത്തെ അവധി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജയിലിൽ കഴിയുന്ന കൗൺസിലർക്ക് എസ്കോർട്ട് പരോൾ നിഷേധിച്ചുകൊണ്ടും കോർപ്പറേഷനിൽ അവധിക്ക് അപേക്ഷിക്കാൻ നിർദ്ദേശിച്ചുകൊണ്ടും ആഭ്യന്തര വകുപ്പിന്റെ 2026 ജൂലൈ 2-ാം തീയതിയിലെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരമാണ് അപ്രകാരം നിർദേശം നൽകിയതെന്നുള്ള വിവരവും പ്രസ്തുത കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

<u>**കുന്നംകുളം പോലീസ് സ്റ്റേഷനിലെ അന്യായമായ പോലീസ് മർദ്ദനം**</u>

391 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്നംകുളം പോലീസ് സ്റ്റേഷനിൽ വെച്ച് 2023 ഏപ്രിൽ മാസത്തിൽ അന്നത്തെ പ്രതിപക്ഷ യുവജന സംഘടനാ പ്രസിഡന്റിനെ അകാരണമായി മർദ്ദിച്ചുവെന്ന ആക്ഷേപം സംബന്ധിച്ച് പ്രസ്തുത സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ആയിരുന്ന നുഹ്മാൻ സി.പി.ഒ മാരായ ശശീന്ദ്രൻ, സന്ദീപ്, സജീവൻ എന്നിവർക്കെതിരെ സ്വീകരിച്ചിട്ടുള്ള വകുപ്പുതല ശിക്ഷാ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ അവരുടെ സർവീസ് കാലയളവിൽ ഉണ്ടായിട്ടുള്ള പരാതികൾ അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ഉദ്യോഗസ്ഥർ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർവീസിൽ നിന്നും പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പോലീസ് വകുപ്പിലെ ഒഴിവുകൾ</u>**

392 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പ്രൊമോഷൻ, ബൈട്രാൻസ്ഫർ എന്നീ മാർഗ്ഗങ്ങളിലൂടെ നികത്തേണ്ട തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രൊമോഷൻ, ബൈട്രാൻസ്ഫർ എന്നിവ മുഖേനയുള്ള നിയമനങ്ങൾ നടത്താത്തതിനാൽ എൻട്രി കേഡർ തസ്തികകളിൽ ഒഴിവുകൾ നിലവിൽ വരുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്</u>**

393 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം കൂടുതൽ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അനുവദിച്ച സ്കൂളുകളുടെ പട്ടിക ഉത്തരവ് സഹിതം ലഭ്യമാക്കാമോ?

<u>സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ</u>

394 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും പോക്സോ കേസുകളും വർധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ കൃത്യസമയത്ത് കുറ്റപത്രം സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സൈബർ ഇടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അധിക്ഷേപങ്ങളും ആക്രമണങ്ങളും തടയാൻ സൈബർ പൊലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിർഭയ, പിങ്ക് പൊലീസ് പദ്ധതികളുടെ നിലവിലെ പ്രവർത്തനക്ഷമതയും അവയുടെ സേവനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>കുട്ടികൾക്കെതിയുള്ള ഓൺലൈൻ അതിക്രമങ്ങൾ</u>

395 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ കണ്ടെത്താൻ ആവിഷ്കരിച്ച ഓപ്പറേഷൻ പി-ഹണ്ട് മുഖേന എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഓപ്പറേഷൻ ത്രൂഫാൻ - രജിസ്റ്റർ ചെയ്ത കേസുകൾ</u>

396 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്ന് മാഫിയകൾക്കെതിരെ സംസ്ഥാന പോലീസ് വിഭാവനം ചെയ്ത നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ ഡി-ഹണ്ട് പ്രത്യേക ഡ്രൈവിലൂടെ ഇതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെയും അറസ്റ്റിലായ പ്രതികളുടെയും പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെയും ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓപ്പറേഷന്റെ ഭാഗമായി പിടിക്കപ്പെടുന്ന കേസുകളിൽ കുറ്റപത്രം കൃത്യസമയത്ത് സമർപ്പിക്കുന്നുണ്ടെന്നും പ്രതികൾക്ക് എളുപ്പത്തിൽ ജാമ്യം ലഭിക്കുന്നില്ലെന്നും ഉറപ്പാക്കാൻ എന്തെല്ലാം പ്രത്യേക നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തോ അയൽ സംസ്ഥാനങ്ങളിലോ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട ലഹരി ശൃംഖലകളുടെയും സാമ്പത്തിക ഉറവിടങ്ങളുടെയും വേരറുക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി ), നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ (എൻ.സി.ബി) തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി ചേർന്ന് അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ടോ;

(ഡി) പിടിച്ചെടുക്കുന്ന രാസലഹരികളുടെയും (എം.ഡി.എം.എ ഉൾപ്പെടെ) മറ്റ് മയക്കുമരുന്നുകളുടെയും ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ ഫോറൻസിക് ലാബുകളിൽ നിന്ന് സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) ഓപ്പറേഷൻ ഡി-ഹണ്ട് റെയ്ഡുകൾക്ക് അനുബന്ധമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ലഹരിക്ക് അടിമകളായവരെ പുനരധിവസിപ്പിക്കുന്നതിനും ലഹരിമുക്ത കേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അനധികൃത പണമിടപാട്</u>**

397 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിന് കോടിക്കണക്കിനു രൂപയുടെ കുഴൽപ്പണം കൊണ്ടുവന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

എവിടെയൊക്കെ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കൊണ്ടുവന്ന കുഴൽപ്പണം കൊള്ളയടിക്കപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എത്ര രൂപ കണ്ടെടുത്തിട്ടുണ്ട്; ഇതു സംബന്ധിച്ച് പോലീസ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>**പി എസ് സി യിലെ പരീക്ഷാ ക്രമക്കേട്**</u>

398 **ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിലെ ഉന്നത തസ്തികയിലേക്കുള്ള പരീക്ഷയിലെ ക്രമക്കേടിൽ പി എസ് സി ഉദ്യോഗസ്ഥർക്കെതിരെ പ്രത്യേക അന്വേഷണസംഘം കേസെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇടത് സർവീസ് സംഘടനയിൽപ്പെട്ടയാൾക്ക് ജോലി ലഭിക്കാൻ പരീക്ഷാനടപടിക്രമങ്ങളിൽ ഗുരുതര ക്രമക്കേട് നടന്നുവെന്ന ആരോപണം സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അഴിമതി നിരോധനം, പൊതു സേവകരുടെ വിശ്വാസവഞ്ചന എന്നീ വകുപ്പുകൾ പ്രകാരമാണോ കേസ് എടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>**കേരള സർവകലാശാലയിലെ ലാത്തിച്ചാർജ് - കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി**</u>

399 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കായിക ദിനാചരണ ചടങ്ങിനിടെ സമാധാനപരമായി പ്രകടനം നടത്തിയ വിദ്യാർഥികൾക്കെതിരെ യാതൊരു പ്രകോപനവുമില്ലാതെ ലാത്തിച്ചാർജ് നടത്തിയതായ സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ലാത്തിച്ചാർജിൽ ഗുരുതരമായി പരിക്കേറ്റ വൈഷ്ണവി ഷാജി എന്ന വിദ്യാർഥി നേതാവിനെ പുരുഷ പോലീസ് മർദിച്ചുവെന്നത് സംബന്ധിച്ച്

പരിശോധന നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഗുരുതരമായി പരിക്കേറ്റ വിദ്യാർഥിനിക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിൽ പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ചയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ**

400 **ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. സി. കെ. കാസിം**
**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) അപകടമേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തെരുവ് വിളക്കുകൾ കത്താത്തതുമൂലം റോഡ് കുറുകെ കടക്കുന്നവർ അപകടത്തിൽപ്പെടുന്നതായി ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**വളാഞ്ചേരിയിൽ പോലീസ് ട്രാഫിക് യൂണിറ്റ്**

401 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി ടൗണിലെ രൂക്ഷമായ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി പോലീസ് ട്രാഫിക് യൂണിറ്റ് അനുവദിക്കണമെന്നത് സംബന്ധിച്ച് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ നിരവധി വിദ്യാഭ്യാസ/സ്വകാര്യ/വ്യവസായ സ്ഥാപനങ്ങളും ആശുപത്രികളും സ്ഥിതി ചെയ്യുന്ന വളാഞ്ചേരി ടൗണിൽ ഉണ്ടാകുന്ന ഗതാഗത കുരുക്ക് പ്രദേശവാസികളെയും വിദ്യാർത്ഥികളെയും

യാത്രികരെയും സാരമായി ബാധിക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് വളാഞ്ചേരിയിൽ പോലീസ് ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**തളിപ്പറമ്പ് മണ്ഡലത്തിലെ ട്രാഫിക് പരിഷ്കരണവും റോഡ് സുരക്ഷയും**</u>

402 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് ടൗണിലും മണ്ഡലത്തിലെ പ്രധാന ദേശീയപാത/ സംസ്ഥാനപാത/മറ്റ് റോഡുകൾ എന്നിവിടങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും അപകടങ്ങൾ കുറയ്ക്കാനും പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) തളിപ്പറമ്പ് ടൗൺ കേന്ദ്രീകരിച്ച് ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ, ജംഗ്ഷൻ വികസനം, പാർക്കിംഗ് നിയന്ത്രണങ്ങൾ എന്നിവ നടപ്പിലാക്കാൻ പ്രത്യേക ട്രാഫിക് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തളിപ്പറമ്പ് മണ്ഡലത്തിലെ പ്രധാന ജംഗ്ഷനുകളിലും അതിർത്തി പ്രദേശങ്ങളിലും കുറ്റകൃത്യങ്ങൾ തടയുന്നതിനും ഗതാഗത നിരീക്ഷണത്തിനുമായി സി.സി.ടി.വി/സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ സുരക്ഷ ശക്തമാക്കുന്നതിനായി കൂടുതൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും സർവൈലൻസ് നെറ്റ്‌വർക്ക് ആധുനീകരിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**ട്രാഫിക് സിഗ്നലുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**</u>

403 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് സിഗ്നലുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ട്രാഫിക് സിഗ്നലുകൾ പരിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പുതിയ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**തൃശ്ശൂർ ആളൂർ ഭാഗത്ത് പോലീസ് വാഹനം ഇടിച്ചുണ്ടായ അപകടം**

404 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആളൂർ കദളിച്ചിറ ഭാഗത്ത് വച്ച് 15.06.2026 തീയതിയിൽ ആളൂർ പിണിക്കപ്പറമ്പിൽ വീട്ടിൽ രാജു മകൻ ജ്യുവിൻ, ആനത്തടം തയ്യിൽ വീട്ടിൽ പ്രദീപ് മകൻ അനന്തു എന്നീ വിദ്യർത്ഥികൾ സഞ്ചരിച്ചിരുന്ന ഇലക്ട്രിക് സ്കൂട്ടറിലേക്ക് തെറ്റായ ദിശയിൽ അമിത വേഗതയിൽ വന്ന പോലീസ് വാഹനം ( KL 01 BW 6036) ഇടിച്ചു കയറി കുട്ടികൾക്ക് ഗുരുതരമായ പരിക്കുപറ്റുകയും ജ്യുവിൻ പിന്നീട് മരണപ്പെടുകയുമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**പുതുക്കാട് ആമ്പല്ലൂർ ഭാഗത്തുവച്ചുണ്ടായ അപകടം**

405 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ ആമ്പല്ലൂർ, ഭരതയിൽ ഇഞ്ചോടി വീട്ടിൽ പ്രസന്നയുടെ മകൻ അമൽകൃഷ്ണ സുഹൃത്തുക്കളായ അഭിലാഷ്, വിഷ്ണു എന്നിവർ ബൈക്കിൽ സഞ്ചരിക്കുമ്പോൾ പിന്നിൽ നിന്ന് പോലീസ് ജീപ്പിടിച്ചു വീഴ്ത്തിയതായുള്ള പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ അടിയന്തരമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സൈബർ ഡോം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

406 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്ന സൈബർ സാമ്പത്തിക തട്ടിപ്പുകളും തടയുന്നതിനുമായി സൈബർഡോം മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>സൈബർ ക്രൈം</u>

407 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യാജപ്രചാരണം നടത്തുകയും കോന്നി എം.എൽ.എയെ അപകീർത്തിപ്പെടുത്തുകയും ചെയ്ത സംഭവവുമായി ബന്ധപ്പെട്ട്, 2026 ജൂൺ 10-ന് അഡ്വ. കെ. യു. ജനീഷ് കുമാർ എം.എൽ.എ തിരുവനന്തപുരം സൈബർ പോലീസിൽ നൽകിയ പരാതിയിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേര് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യമാധ്യമത്തിലൂടെ അസഭ്യം പറഞ്ഞ സംഭവത്തിൽ പത്തനംതിട്ട സൈബർ പോലീസ് മുൻപാകെ 2026 ആഗസ്റ്റ് 2-ന് അഡ്വ. കെ. യു. ജനീഷ് കുമാർ എം.എൽ.എ നൽകിയ പരാതിയിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേര് വ്യക്തമാക്കാമോ; ഈ കേസിന്റെ തുടർനടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>വ്യാജ ലോൺ ആപ് കേന്ദ്രം നടത്തി കോടികൾ തട്ടിച്ച സംഭവം</u>

408 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കേന്ദ്രീകരിച്ച് വ്യാജ ലോൺ ആപ്പ് കേന്ദ്രം നടത്തി കോടികൾ തട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ

നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ തരത്തിലുള്ള ഡിജിറ്റൽ തട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളുടെ കൂടി സഹായത്തോടെ നടപടി സ്വീകരിക്കുമോ?

**<u>എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് നിർമ്മാണം</u>**

409 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് നിർമ്മാണം ഏത് ഘട്ടത്തിൽ എത്തിയെന്ന് അറിയിക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച തുക എത്രയാണ്; ഇതിൽ എത്ര തുകയുടെ പ്രവ്യത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്;വിശദമാക്കാമോ;

(സി) പൂർത്തിയാക്കിയ പ്രവർത്തികളുടെ ബില്ലുകൾ മുഴുവൻ മാറി നൽകിയിട്ടുണ്ടോ; ഇനിയും മാറി നൽകാനുള്ള ബിൽ തുക എത്രയാണ്;

(ഡി) ഈ പ്രവ്യത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

**<u>നിലമ്പൂർ എടക്കര പോലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണ പ്രവ്യത്തികൾ</u>**

410 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കര പോലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണ പ്രവ്യത്തികൾ നിർവഹിക്കുന്നതിലേക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത പ്രവ്യത്തികൾ അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മാപ്പിള ബേ തീരദേശ പോലീസ് സ്റ്റേഷൻ</u>**

411 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാപ്പിള ബേ തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത

പോലീസ് സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടങ്ങൾ</u>**

412 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര പോലീസ് സ്റ്റേഷനുകളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വാടക കെട്ടിടത്തിലും അടിസ്ഥാന സൗകര്യമില്ലാത്ത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളെ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്ന നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) മൈ പോലീസ് സ്റ്റേഷൻ പദ്ധതിയിൽ എല്ലാ പോലീസ് സ്റ്റേഷനുകളും സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുക എന്നതു കൂടി ഉൾക്കൊള്ളിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) 18 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കരിപ്പൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

413 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ (പൊതുമരാമത്ത് , പോലീസ് വകുപ്പ് തുടങ്ങിയ) ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അടങ്ങിയ ഫയൽ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിൽ ആഭ്യന്തര വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മാവേലിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് നവീകരണം**

414 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെ ചുറ്റുമതിൽ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ടി ഓഫീസ് നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**മൈ പോലീസ് സ്റ്റേഷൻ**

415 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന മൈ പോലീസ് സ്റ്റേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പരാതിക്കാർക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ കഴിയുന്ന സേവന കേന്ദ്രങ്ങളാക്കി പോലീസ് സ്റ്റേഷനുകളെ മാറ്റുക എന്നതാണോ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ;

(സി) പരാതികളുമായി എത്തുന്നവർക്കായി പ്രത്യേക പരാതി ഹെൽപ്പ് ഡെസ്കിന് പുറമേ വനിതകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർമാർ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രത്യേക ഹെൽപ്പ് ലൈൻ നടപ്പാക്കുമോയെന്ന് വിശദമാക്കുമോ?

**പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ ചുമതല**

416 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ. ചുമതലയിൽ പുനഃക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എല്ലാ സ്റ്റേഷനുകളെയും ഉൾപ്പെടുന്ന രീതിയിലാണോ പുനഃക്രമീകരണം ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പോലീസ് സേനയിലെ പുനഃക്രമീകരണത്തിന്റെ ഭാഗമായി സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സംവിധാനം പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ;

(സി) പോലീസ് സേനയിലെ പുനഃക്രമീകരണം സേനയുടെ പ്രവർത്തനത്തിൽ ഏതെല്ലാം വിധത്തിലാണ് ഗുണം ചെയ്യുക എന്ന് വിശദമാക്കാമോ?

**<u>പോലീസ് സ്റ്റേഷനുകളിലെ നിരീക്ഷണ ക്യാമറകൾ</u>**

417 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം സ്റ്റേഷനുകളിലെ നിരീക്ഷണ ക്യാമറകളാണ് പ്രവർത്തനക്ഷമമല്ലാത്തതായിട്ടുള്ളത്; അവ കൂടി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വിവരാവകാശനിയമം അനുശാസിക്കുന്ന പ്രകാരമുള്ള വിവരങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ സ്റ്റാഫ് സ്ട്രെങ്ത്</u>**

418 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ സാംക്ഷൻഡ് കേഡർ സ്ട്രെങ്ത് എത്രയാണെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പോലീസ് സ്റ്റേഷനിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഡി) കോതമംഗലം പോലീസ് സ്റ്റേഷൻ പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(ഇ) വിനോദസഞ്ചാര കേന്ദ്രമായ ഭൂതത്താൻകെട്ടിൽ നിലവിലുണ്ടായിരുന്ന പോലീസ് ഔട്ട്പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**നിലമ്പൂർ പോലീസ് ഡിവിഷനിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ**

419 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ പോലീസ് ഡിവിഷനിൽ മാത്രം ട്രാഫിക് പോലീസ് സ്റ്റേഷൻ സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**വർക്കല അയിരൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

420 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിലെ അയിരൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ടാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**സംസ്ഥാനത്തെ മോഷണക്കേസുകൾ**

421 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മോഷണക്കേസുകൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത മോഷണക്കേസുകളിൽ ഭവനങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ നടന്ന മോഷണങ്ങളെത്രയെന്ന് പ്രത്യേകം തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ എത്ര മോഷ്ടാക്കളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>കടത്തനാട് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിലെ നിക്ഷേപ പ്രശ്നം</u>**

422 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കടത്തനാട് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിൽ നിക്ഷേപിച്ച പണം തിരികെ ലഭിക്കാത്തതിനെ തുടർന്ന് തിരുവള്ളൂർ സ്വദേശി ഇബ്രാഹിം ഹാജി ആത്മഹത്യ ചെയ്യാനിടയായ സംഭവത്തിൽ ക്രൈംബ്രാഞ്ച് നടത്തുന്ന അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളതെന്നും ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പരേതനായ ഇബ്രാഹിം ഹാജിയുടെ നിക്ഷേപത്തുക അദ്ദേഹത്തിന്റെ അവകാശികൾക്ക് തിരികെ നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ എത്ര നിക്ഷേപകർക്ക് പണം നഷ്ടമായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; സമാനമായ തുക തിരികെ ലഭിക്കാനുള്ള മറ്റ് നിക്ഷേപകർക്ക് തുക ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മെഡിക്കൽ കോളേജിൽ കട്ടിലിൽ നിന്നും വീണ രോഗി മരണപ്പെട്ട സംഭവം</u>**

423 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗി കട്ടിലിൽ നിന്നും വീണ് മരണപ്പെട്ട സംഭവത്തിൽ പോലീസ് കേസ്

രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിൽ ആരെയൊക്ക പ്രതിചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗികൾക്ക് നൽകപ്പെടുന്ന സുരക്ഷാ മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പെരുമ്പാവൂർ പോലീസ് പ്ലാറ്റൂണിന്റെ അടിസ്ഥാന സൗകര്യങ്ങൾ

424 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂരിൽ പുതിയ പോലീസ് പ്ലാറ്റൂൺ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്ലാറ്റൂണിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് പ്ലാറ്റൂണിന് ആവശ്യമായ ഓഫീസ് സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കൗമാരക്കാരിലെ കുറ്റകൃത്യങ്ങളും പ്രതിരോധ നടപടികളും

425 **ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിമൂന്നുവയസ്സുകാരി ഉറ്റബന്ധുവായ വയോധികനെ കൊലപ്പെടുത്താൻ മൂന്ന് സുഹൃത്തുക്കളെ ഏർപ്പെടുത്തിയെന്ന അത്യപൂർവ സംഭവം നടന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വർധിച്ചുവരുന്ന ലഹരി ഉപയോഗം, മദ്യാസക്തി, ആക്രമണപ്രവണത, ആത്മഹത്യാശ്രമങ്ങൾ, റാഗിങ്, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾക്ക് മാനസികാരോഗ്യപ്രശ്നങ്ങൾ, കുടുംബബന്ധങ്ങളിലെ തകരാർ, ഏകാന്തത, അമിതമായ ഡിജിറ്റൽ ജീവിതശൈലി, പരീക്ഷാസമ്മർദം തുടങ്ങിയ ഘടകങ്ങൾ കാരണമാകുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട്-ഗൈഡ്, എൻ.എസ്.എസ്. തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിച്ച് വിദ്യാർഥികൾ നേതൃത്വം നൽകുന്ന ഒരു ജനകീയ സാമൂഹികാരോഗ്യ പ്രസ്ഥാനം രൂപീകരിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുൻകൈയെടുക്കുമോ; വിശദമാക്കാമോ;

(ഡി) പുതിയകാല സാമൂഹിക സാഹചര്യങ്ങളിൽ ബാല്യം, കൗമാരം എന്നിവയുടെ പ്രായപരിധി പുനർനിർണ്ണയിക്കുന്നതിനും പ്രസ്തുത വിഭാഗങ്ങൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരിഹാര നയസമീപനങ്ങളിലും മാറ്റം അനിവാര്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ലഹരി മരുന്നിന്റെ വിപണനവും ഉപയോഗവും പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ</u>

426 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് പിടിച്ചെടുത്ത ലഹരി മരുന്നിന്റെ കണക്കും എടുത്തിട്ടുള്ള കേസുകളുടെ എണ്ണവും അറസ്റ്റ് ചെയ്തിട്ടുള്ള പ്രതികളുടെ എണ്ണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓപ്പറേഷൻ ഡി-ഹണ്ട് പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതാണ് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്ത് ലഹരി മരുന്ന് വ്യാപനം ഉണ്ടായതിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടത് എന്നത് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ആഭ്യന്തര വകുപ്പ് പിടിച്ചെടുത്ത ലഹരി മരുന്നിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ലഹരി മരുന്നിന്റെ വിപണനവും ഉപയോഗവും പൂർണ്ണമായും തടയുന്ന തരത്തിൽ കർശന നടപടികൾ തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 592/2002 കേസിന്റെ അന്വേഷണ പുരോഗതി.</u>**

427 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് കുവോട്ടുള്ള മുൻ നാവികസേനാ ഉദ്യോഗസ്ഥൻ വി. രാമകൃഷ്ണന്റെ വീട്ടിൽ നിന്നും 02-09-2002-ൽ 45 പവനിലേറെ സ്വർണം കവർച്ച ചെയ്യപ്പെട്ട സംഭവത്തിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 592/2002 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2002-ൽ നടന്ന പ്രസ്തുത കവർച്ചാ കേസിൽ നാളിതുവരെ കുറ്റവാളികളെ കണ്ടെത്താനോ നഷ്ടപ്പെട്ട സ്വർണം വീണ്ടെടുക്കാനോ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) മുൻ രാഷ്ട്രപതി, മുൻ പ്രധാനമന്ത്രി എന്നിവരുടെ വി.വി.ഐ.പി വിമാനങ്ങളുടെ ഗ്രൗണ്ട് ക്രൂവിൽ സേവനമനുഷ്ഠിച്ച മുതിർന്ന പൗരനായ ഒരു വിമുക്തഭടന്റെ പരാതിയിൽ, കേസ് അന്വേഷണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ഡി) സംഭവം നടന്ന് 24 വർഷങ്ങൾ കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിനോ പ്രത്യേക അന്വേഷണ സംഘത്തിനോ (സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം) കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ലഹരി വ്യാപനം തടയുന്നതിനുള്ള നടപടി</u>**

428 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്ന് വ്യാപനം തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'ഓപ്പറേഷൻ ഡി-ഹണ്ട്'

പദ്ധതിയിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ പിടിച്ചെടുത്ത എം.ഡി.എം.എ, കഞ്ചാവ്, മറ്റ് രാസലഹരി വസ്തുക്കൾ എന്നിവയുടെ അളവും വിപണി മൂല്യവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ/കോളേജ് അധ്യാപകർ, ഡോക്ടർമാർ, മറ്റ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ ലഹരിവസ്തുക്കളുടെ കടത്ത്, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രതികളായ എത്ര കേസുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസുകളിൽ അധ്യാപകർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ലഹരിക്കേസുകളിലെ പ്രതികളുടെ അനധികൃത സ്വത്തുക്കളും കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ച വാഹനങ്ങളും കണ്ടുകെട്ടുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരിവസ്തുക്കളുടെ വിൽപ്പന തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## <u>ഓപ്പറേഷൻ ഡി-ഹണ്ട് 2.0</u>

429 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓപ്പറേഷൻ ഡി-ഹണ്ട് രണ്ടാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓപ്പറേഷൻ ഡി-ഹണ്ട് 2.0 ന്റെ ഭാഗമായി ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) ലഹരി ഉപയോഗത്തിന്റെ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുന്നതിനും ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**ഓപ്പറേഷൻ തൂഫാൻ**

430 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കിയ ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകളെയും സാംസ്കാരിക സംഘടനകളെയും സഹകരിപ്പിച്ച് ഈ പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**ഓപ്പറേഷൻ ഡി ഹണ്ട്**

431 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടന്ന ഏറ്റവും വലിയ 10 ഓപ്പറേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ടി പദ്ധതിയിലൂടെ ആകെ ശിക്ഷിക്കപ്പെട്ടവർ എത്രയാണ്; വിശദമാക്കാമോ?

**കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ നിർമ്മാണപ്രവൃത്തികൾ**

432 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ പോലീസ് ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് സെന്റർ, വനിതാ സെൽ എന്നിവയുടെ നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യഥാക്രമം എത്ര തുക വീതമാണ് ഭരണാനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി നിലവിൽ ഏതൊക്കെ ഘട്ടങ്ങളിലാണെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നത് വ്യക്തമാക്കാമോ?

<u>**പോക്സോ കോടതികളുടെ പ്രവർത്തനം**</u>

433 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും പോക്സോ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്ന എത്ര കോടതികൾ നിലവിലുണ്ടെന്നും ആയതിൽ താത്ക്കാലിക കോടതികൾ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പോക്സോ കേസുകളിൽ തീരുമാനമാകാതെയുള്ള കേസുകൾ സംബന്ധിച്ച് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്ത വർഷം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോക്സോ കേസുകൾ തീർപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത താത്കാലിക പോക്സോ കോടതികൾ സ്ഥിരം കോടതികളായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**പ്രവേശന പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകൾ**</u>

434 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രാജ്യത്താകമാനം രജിസ്റ്റർ ചെയ്ത കേസുകൾ അതതു സംസ്ഥാനങ്ങൾക്ക് പിൻവലിക്കാവുന്നതാണ് എന്ന സുപ്രീം കോടതി നിർദേശത്തെ തുടർന്ന് സംസ്ഥാനത്ത് എത്ര കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്; പ്രസ്തുത കേസുകളിൽ എത്ര പേരാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകൾ പിൻവലിക്കുന്നതിന് കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്; എത്ര കേസുകൾ പിൻവലിക്കുന്നതിന് കോടതി അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

(സി) പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് ഗുരുതര സ്വഭാവമുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കുട്ടികളുടെ ഭാവി കണക്കിലെടുത്ത്, അവ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

**സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ**

435 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഓഗസ്റ്റ് 24-ന് ആലുവ സബ് ജയിലിൽനിന്ന് മോഷണക്കേസിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന അസം സ്വദേശിയായ പ്രതി രക്ഷപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംഭവവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അതീവ സുരക്ഷാ മേഖലയായ ജയിലിൽനിന്ന് ഒരു പ്രതി യാതൊരു തടസ്സവുമില്ലാതെ രക്ഷപ്പെടാനിടയായത് ജയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അനാസ്ഥയാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; അവരുടെ പേരും തസ്തികയും ഉൾപ്പെടെ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ സംബന്ധിച്ച പൊതുജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

**അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിധിൻ രാജിന്റെ ആത്മഹത്യ**

436 **ശ്രീ. വി. കെ. സനോജ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർത്ഥി നിധിൻ രാജിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിലെ മുഖ്യപ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുപ്രീംകോടതിയുടെ അറസ്റ്റ് മാർഗനിർദേശങ്ങൾ പാലിക്കാതെ പ്രതിയെ ഹാജരാക്കി, തലശ്ശേരി പ്രത്യേക കോടതിയിൽ നിന്ന് ജാമ്യം ലഭിക്കാൻ പോലീസ് ഒത്തുകളിച്ചുവെന്ന് ഹൈക്കോടതി

വിമർശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിമർശനം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രതിയിൽ നിന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി. പാരിതോഷികം കൈപ്പറ്റിയെന്നും പോലീസ് തലപ്പത്ത് ഗൂഢാലോചന നടന്നുവെന്ന് സംശയിക്കണമെന്നും ഹൈക്കോടതി പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതിക്ക് ജാമ്യം ലഭിക്കാനിടയായ സാഹചര്യവും ഉന്നത ഉദ്യോഗസ്ഥർ ഗൂഢാലോചനയിൽ ഏർപ്പെട്ടതായി പറയപ്പെടുന്നതും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

**<u>എക്സാ ലോജിക് - സി എം ആർ എൽ സാമ്പത്തിക ഇടപാട് സംബന്ധിച്ച കേസുകൾ</u>**

437 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മുഖ്യമന്ത്രിയുടെ വാടകവീട്ടിൽ റെയ്ഡിനെത്തിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ ഒരു സംഘം ആളുകൾ ആക്രമിച്ച സംഭവത്തിൽ ഇന്റലിജൻസ് വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സി.എം.ആർ.എൽ. - എക്സാലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ലളിതകുമാരി കേസിലെ സുപ്രീം കോടതി വിധിപ്രകാരം പ്രഥമദൃഷ്ട്യാ ജാമ്യമില്ലാക്കുറ്റം വെളിപ്പെടുന്നുണ്ടെങ്കിൽ സി.ആർ.പി.സി സെക്ഷൻ 154 പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യൽ നിയമപരമായി

നിർബന്ധമാണ് എന്നിരിക്കെ നടപടി പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിലെ വിജിലൻസിന്റെ പ്രാഥമിക അന്വേഷണം എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ഇ) വിദേശ ഹവാല ഇടപാടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത കേസ് സി.ബി.ഐക്ക് കൈമാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>ശബരിമല സ്ത്രീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ട കേസുകൾ</u>**

438 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് പ്രക്ഷോഭകർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ ഗുരുതര ക്രിമിനൽ സ്വഭാവം ഇല്ലാത്ത വകുപ്പുകൾ പ്രകാരമുള്ള കേസുകൾ പിൻവലിക്കുന്നതിന് 26.02.2021 തീയതിയിലെ സ.ഉ.(കൈയെഴുത്ത്) നം. 70/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ പറയുന്ന ഗുരുതര ക്രിമിനൽ സ്വഭാവം എന്ന നിർവചനത്തിൽ ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നിലവിൽ അവശേഷിക്കുന്ന കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഓപ്പറേഷൻ കുബേര പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം</u>**

439 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കാളികളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം സർക്കാർ തലത്തിൽ ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ലോകായുക്ത ഉപലോകായുക്ത യോഗം വിളിച്ചു ചേർക്കുന്നത്</u>

440 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്രമായും നീതിപൂർവ്വമായും പ്രവർത്തിക്കേണ്ട ലോകായുക്ത, ഉപലോകായുക്ത എന്നിവയുടെ യോഗം വിളിച്ചു ചേർക്കപ്പെട്ടത് സർക്കാർ അറിവോടെയാണോ; വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും നിയമസഭാ സാമാജികരും സർക്കാർ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പൊതുസേവകർക്ക് എതിരെയുള്ള അഴിമതി, സ്വജനപക്ഷപാതം, അധികാര ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കേണ്ട ചുമതലയുള്ള ലോകായുക്ത, ഉപലോകായുക്ത എന്നിവരുടെ യോഗം വിളിച്ചു ചേർത്തതിന്റെ ഉദ്ദേശ്യമെന്തെന്നും പ്രസ്തുത യോഗം സർക്കാർ തീരുമാനപ്രകാരമാണോ വിളിച്ചു ചേർത്തതെന്നും യോഗത്തിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

<u>പുനർജനി</u>

441 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018ലെ പ്രളയത്തെ തുടർന്ന് പറവൂർ മണ്ഡലത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 'പുനർജനി' എന്ന പേരിൽ മണപ്പാട്ട് ഫൗണ്ടേഷൻ വഴി വിദേശത്തുനിന്നും ധനസമാഹരണത്തിന് അന്നത്തെ എം.എൽ.എ.യുടെ യാത്രയുടെ വിമാന ടിക്കറ്റടക്കമുള്ള ചെലവുകൾ വഹിച്ചത് ആരാണ് എന്ന വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രളയത്തെ തുടർന്ന് പറവൂർ മണ്ഡലത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പുനർജനി എന്ന പേരിൽ വൻതുക കൈമാറി സുതാര്യത ഇല്ലാത്ത ഇടപാടുകൾ നടത്തി എന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടോ; കുറ്റാരോപിതന്റെ അക്കൗണ്ടിൽ പണം വന്നില്ലെന്നത് അഴിമതി നിരോധന നിയമ പ്രകാരമുള്ള കേസ് അവസാനിപ്പിക്കുന്നതിന് മതിയായ കാരണം ആണോയെന്ന് വ്യക്തമാക്കാമോ?

**സർക്കാർ ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ**

442 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സർക്കാർ ജീവനക്കാർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ പേര് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**വിജിലൻസ് മാന്വൽ പരിഷ്കരണം**

443 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണത്തിലും ഉദ്യോഗസ്ഥ നിയമനങ്ങളിലും അടക്കം സംസ്ഥാനത്തെ വിജിലൻസ് വകുപ്പിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇരുപത്തിനാല് വർഷത്തിനുശേഷം പരിഷ്കരിക്കുന്ന വിജിലൻസ് മാന്വലിൽ എന്തെല്ലാം പുതിയ മാറ്റങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വിജിലൻസിൽ പരാതി നൽകാനും അതിന്റെ പുരോഗതി അറിയാനും പൊതുജനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>**എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ**</u>

444 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2025 ജനുവരി മാസം മുതൽ 2026 സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ആകെ രജിസ്റ്റർ ചെയ്ത കേസുകളുടെ മാസം തിരിച്ചുള്ള എണ്ണം പട്ടികയായി ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2021 ജനുവരി മാസം മുതൽ 2026 ഏപ്രിൽ മാസം വരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ആകെ രജിസ്റ്റർ ചെയ്ത കേസുകളിലായി പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഇനവും അളവും എത്രയെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് 2026 മെയ് മാസം മുതൽ നാളിതുവരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ആകെ രജിസ്റ്റർ ചെയ്ത കേസുകളിലായി പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഇനവും അളവും എത്രയെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ?

<u>**പരപ്പ -ബിരിക്കുളം ഫയർ സ്റ്റേഷൻ**</u>

445 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പരപ്പ -ബിരിക്കുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**</u>

446 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന്റെ ഭരണാനുമതിയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മാവേലിക്കരയിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) മാവേലിക്കര പോലീസ് ക്വാർട്ടേഴ്സിലെ ചുറ്റുമതിൽ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;അതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

<u>വിദ്യാർത്ഥികൾക്കായി നീന്തൽ പരിശീലന പദ്ധതികൾ</u>

447 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുങ്ങിമരണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ജലാശയങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി ഫയർ & റെസ്ക്യൂ വകുപ്പ് മുഖാന്തരം നീന്തൽ പരിശീലന പദ്ധതികൾ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>അഗ്നിസുരക്ഷാ വിഭാഗത്തിന്റെ നവീകരണം</u>

448 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും ഉയരം കൂടിയ കെട്ടിടങ്ങളുടെ എണ്ണവും കണക്കിലെടുത്ത് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഉയരം കൂടിയ കെട്ടിടങ്ങളിലെ തീപിടിത്തം നിയന്ത്രിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ആവശ്യമായ ഹൈഡ്രോളിക് പ്ലാറ്റ്ഫോമുകളും ഏരിയൽ ലാഡറുകളും അഗ്നിസുരക്ഷാ വിഭാഗത്തിന്റെ പക്കൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കാലപ്പഴക്കം ചെന്ന ഫയർ എഞ്ചിനുകളും മറ്റ് രക്ഷാപ്രവർത്തന ഉപകരണങ്ങളും മാറ്റി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കൊണ്ടോട്ടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി**

449 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോഴിക്കോട് വിമാനത്താവളം, ദേശീയ പാത 66, ദേശീയ പാത 966 എന്നിവ കടന്നുപോകുന്ന കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ കൊണ്ടോട്ടി ആസ്ഥാനമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം അടിയന്തിരമായി പരിഗണിക്കുമോ; വിശദമാക്കുമോ?

**വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ**

450 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ അനുവദിച്ചതിന്റെയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തിയതിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം**

451 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതിയും അസൗകര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഫയർ & റെസ്ക്യൂ സ്റ്റേഷന് വേണ്ടി ചാലക്കുടി നഗരത്തിൽ കണ്ടെത്തിയ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടെയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>**തെന്മലയിൽ പുതിയ അഗ്നിരക്ഷാ നിലയം**</u>

452 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ തെന്മല പ്രദേശം കേന്ദ്രീകരിച്ച് പുതിയ അഗ്നിരക്ഷാ നിലയം ആരംഭിക്കണമെന്നും തത്കാലം ആയത് സാധ്യമല്ലെങ്കിൽ പുനലൂർ അഗ്നിരക്ഷാ നിലയത്തിന്റെ ഒരു സബ് ഓഫീസ് തെന്മലയിൽ അടിയന്തരമായി ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ നിവേദനം (ഫയൽ നം. എഫ്2/152/2026 ആഭ്യന്തരം) സംബന്ധിച്ച് സ്വീകരിച്ച നടപടികളും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) തെന്മലയിൽ ഏറ്റവും അനിവാര്യമായിട്ടുള്ള അഗ്നിരക്ഷാ നിലയം എത്രയും വേഗത്തിൽ ആരംഭിക്കുന്നതിന് മുൻഗണന നൽകി പരിഗണിക്കുമോ; വ്യക്തമാക്കാമോ?

<u>**തളിപ്പറമ്പ് ഫയർ സ്റ്റേഷന്റെ രണ്ടാം ഘട്ട നിർമ്മാണം**</u>

453 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ തളിപ്പറമ്പ് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയായെങ്കിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ഗാരേജ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായ തോതിൽ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി രണ്ടാം ഘട്ടത്തിൽ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നിലവിൽ

സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് (പി.ഡബ്ല്യു.ഡി) വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് വകുപ്പിൽ/ ഓഫീസിൽ ആണ് പെൻഡിംഗ് ആയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) നിർദ്ദിഷ്ട രണ്ടാം ഘട്ട വികസനത്തിന് എന്ന് ഭരണാനുമതി നൽകി തുക അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

454 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പഴയന്നൂർ ആസ്ഥാനമായി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ</u>

455 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ആസ്ഥാനമായി പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയിലും ഗായത്രിപ്പുഴയിലും ഉണ്ടാകുന്ന മുങ്ങിമരണങ്ങളും വനമേഖലയോട് ചേർന്ന ജനവാസ കേന്ദ്രങ്ങളിലെ തീപിടുത്തങ്ങളും കണക്കിലെടുത്ത് പഴയന്നൂരിൽ പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കാമോ?

**തകഴി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം**

456 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കവും മറ്റ് പ്രകൃതിക്ഷോഭങ്ങളും കാരണം ബുദ്ധിമുട്ടുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് ആശ്വാസകരമാകുന്ന പ്രസ്തുത ഫയർ സ്റ്റേഷന് എത്രയും വേഗം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കോഴിക്കോട് ബീച്ച് പ്രദേശത്തെ ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ആധുനികവൽക്കരണം**

457 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് പ്രദേശത്ത് വർധിച്ചുവരുന്ന ജനത്തിരക്കും വിനോദസഞ്ചാര സാന്നിധ്യവും പരിഗണിച്ച് അഗ്നിരക്ഷാ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കോഴിക്കോട് ബീച്ച് ഫയർ സ്റ്റേഷൻ ആധുനിക സൗകര്യങ്ങളോടെ ശക്തിപ്പെടുത്തുന്നതിനോ പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോഴിക്കോട് ബീച്ചിലും സമീപ പ്രദേശങ്ങളിലും അടിയന്തര സാഹചര്യങ്ങളിൽ നിലവിലുള്ള ഫയർ സ്റ്റേഷനുകളിൽനിന്ന് എത്തിച്ചേരുന്നതിനുള്ള സമയവും സൗകര്യങ്ങളും സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ബീച്ച് പ്രദേശത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന് ആവശ്യമായ അധിക വാഹനങ്ങൾ, ഉപകരണങ്ങൾ, ജീവനക്കാർ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി കോഴിക്കോട് ജില്ലയിൽ പ്രത്യേക അടിസ്ഥാനസൗകര്യ വികസന പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**ഉപ്പള അഗ്നിരക്ഷാ നിലയത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണം**</u>

458 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള അഗ്നിരക്ഷാ നിലയത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഈ വർഷം ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**നെട്ടുകാൽത്തേരി തുറന്ന ജയിൽ**</u>

459 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെട്ടുകാൽത്തേരിയിൽ നിലവിലുള്ള തുറന്ന ജയിലിന് പുറമെ പുതിയ ജയിൽ നിർമ്മിക്കുന്നതിന് ജയിൽ വകുപ്പിന്റെ പരിഗണനയിൽ ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പാറശ്ശാല-കാസർഗോഡ് മലയോര ഹൈവേയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന നെട്ടുകാൽത്തേരി തുറന്ന ജയിൽ പ്രദേശത്ത് ജയിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന്

ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദാംശവും വ്യക്തമാക്കാമോ;

(സി) നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിൽ നിലവിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളതെന്നും പ്രസ്തുത ഭൂമിയുടെ സർവേ നമ്പർ, വിസ്തീർണ്ണം എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിലുള്ള ഭൂമിയിൽനിന്ന് ഏതെങ്കിലും സർക്കാർ വകുപ്പുകൾക്കോ മറ്റ് പൊതു ആവശ്യങ്ങൾക്കോ വേണ്ടി ഭൂമി കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി, ഏത് വകുപ്പിന്/ആവശ്യത്തിന്, ഏത് കാലയളവിൽ കൈമാറിയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ചാവക്കാട് സബ്-ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തി

460 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയ ചാവക്കാട് സബ് ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ ജയിൽ വകുപ്പിലേയ്ക്ക് ഫയൽ എന്നാണ് നല്കിയതെന്നും പ്രസ്തുത ഫയലിന്മേൽ ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

## ജയിൽ വകുപ്പിലെ ട്രാൻസ്ഫർ അപേക്ഷകൾ

461 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഏപ്രിൽ 1 മുതൽ ജയിൽ വകുപ്പിൽ സ്ഥലം മാറ്റത്തിനായി ലഭിച്ച അപേക്ഷകൾ എത്ര എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2026 ഏപ്രിൽ 1 മുതൽ നാളിതുവരെ ഭരണപരമായ സൗകര്യം പരിഗണിച്ച് സ്ഥലം മാറ്റിയിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക

തിരിച്ച് വിശദമാക്കാമോ?

**ജയിലുകളിലെ ഓവർ ക്രൗഡിങ്**

462 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ഓവർ ക്രൗഡിങ് സംബന്ധിച്ചും അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതിന് 04.02.2025 തീയതിയിൽ മുഖ്യമന്ത്രി തലത്തിൽ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ നാളിതുവരെ നടപ്പാക്കിയിട്ടുള്ളവ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത തീരുമാനങ്ങളിൽ ഇനിയും നടപ്പാക്കാത്തവ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

**ജയിൽ പേരുമാറ്റം**

463 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ സ്ഥാപനങ്ങളുടെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അവയുടെ പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ജയിൽ എന്ന വാക്ക് പൂർണ്ണമായും ഒഴിവാക്കി പുതിയ പേര് നൽകാനാണോ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രിസൺ അല്ലെങ്കിൽ ജയിൽ എന്ന പേരുകൾ തടവുകാരുടെ തിരുത്തൽ, മാനസാന്തരം, പുനരധിവാസം എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളെ

പ്രതിഫലിപ്പിക്കുന്നവയല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണോ പേരുമാറ്റത്തിന് നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജയിൽ, പ്രിസൺ എന്നീ പേരുകൾ സമൂഹത്തിൽ ഭയം സൃഷ്ടിക്കുന്നതിനും തെറ്റായ പ്രതിച്ഛായ ഉണ്ടാക്കുന്നതിനും കാരണമാകുന്നുവെന്ന് കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ?

<u>**മഞ്ചേരിയിൽ പുതിയ ജില്ലാ ജയിൽ അനുവദിക്കുന്നതിനുള്ള നടപടി**</u>

464 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ അന്തേവാസികളെ പാർപ്പിക്കുന്നത് മൂലം രൂക്ഷമായ പ്രയാസങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ എത്ര സ്ത്രീ പുരുഷ അന്തേവാസികളെ പാർപ്പിക്കാനുള്ള സൗകര്യമാണുള്ളത്; മലപ്പുറം ജില്ലയിലെ ഏതൊക്കെ പൊലീസ്, ഫോറസ്റ്റ്, എക്സൈസ് ഓഫീസുകളുടെ പരിധിയിൽ നിന്നുള്ള റിമാൻഡ് പ്രതികളെയാണ് നിലവിൽ ഇവിടെ പാർപ്പിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ജില്ലാ ജയിൽ ഇല്ലാത്ത ഏക ജില്ല മലപ്പുറം ആണെന്ന കാര്യവും ജില്ലയിലെ സെഷൻസ് കോടതി ഉൾപ്പെടെയുള്ള കോർട്ട് കോംപ്ലക്സ് മഞ്ചേരിയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന കാര്യവും പരിഗണിച്ച് മഞ്ചേരിയിൽ ജില്ലാ ജയിൽ അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**കയർ മേഖല മെച്ചപ്പെടുത്താൻ നടപടി**</u>

465 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള വിലക്കയറ്റം, തൊഴിൽ ലഭ്യതയുടെ കുറവ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) 2006 -2011 കാലയളവിൽ കയർ വകുപ്പ് മുൻകാലങ്ങളിലെ പോരായ്മ പരിഹരിക്കാൻ ആവിഷ്കരിച്ച നവീന പദ്ധതികളുടെയും മാർഗ്ഗങ്ങളുടെയും വിശദവിവരങ്ങൾ പരിശോധിക്കാൻ സർക്കാർ താത്പര്യപ്പെടുമോ; വ്യക്തമാക്കുമോ;

(ഡി) ദി ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി - ദൈവത്തിന്റെ നാട്ടിലെ സുവർണ്ണ നാര് എന്ന ബാനറിൽ കയർ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് ഉണ്ടായത് പരിഗണിച്ച് മേൽപ്പറഞ്ഞ പേര് രാജ്യത്തിനകത്തും വിദേശത്തും പ്രചരിപ്പിക്കാൻ സർക്കാർ താത്പര്യം പ്രകടിപ്പിക്കുമോ; വ്യക്തമാക്കുമോ?

**മെറ്റീരിയൽ ബാങ്ക്, റിവോൾവിംഗ് ഫണ്ട് പദ്ധതികൾ**

466 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ച മെറ്റീരിയൽ ബാങ്ക്, റിവോൾവിംഗ് ഫണ്ട് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതുവഴി കയർ മേഖലയിലെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കയർ വ്യവസായ മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരം**

467 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളായ ചകിരിയുടെയും തൊണ്ടിന്റെയും വിലവർദ്ധന മൂലവും ലഭ്യതക്കുറവ് മൂലവും കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അസംസ്കൃത വസ്തുക്കളുടെ അഭാവം മൂലം വിദേശ ഓർഡറുകൾ പലതും കയറ്റുമതി ചെയ്യാനാവാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; അസംസ്കൃത

വസ്തുക്കളുടെ ലഭ്യതയും സംഭരണവും വിപുലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) കയറിന്റെയും അനുബന്ധ ഉല്പന്നങ്ങളുടെയും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ ധനസഹായം ലഭ്യമാക്കുമോ;

(ഡി) കയർ മേഖലയിൽ നിലവിൽ തൊഴിലാളി ക്ഷാമം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കയർ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമം</u>**

468 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കയർ നിർമ്മാണ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>കയർ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>**

469 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന പ്രതിസന്ധിയും പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ തൊഴിലാളികളുടെ തൊഴിൽദിനങ്ങളും വരുമാനവും വർധിപ്പിക്കുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനരഹിതമായതോ സാമ്പത്തിക പ്രതിസന്ധിയിലുള്ളതോ ആയ കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ഡി) കയർ ഉല്പന്നങ്ങൾക്ക് പുതിയ വിപണികൾ കണ്ടെത്തുന്നതിനും കയർഫെഡ് ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനും

സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പരമ്പരാഗത കയർ തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ, തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>**പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക**</u>

470 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ ജില്ലയിലെ കയർ സംഘങ്ങൾക്ക് പി പി എസ് (പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ) ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് വ്യക്തമാക്കാമോ;

(ബി) ചേർത്തല താലൂക്കിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം പണം നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ചേർത്തല താലൂക്കിൽ ആകെ എത്ര തുകയാണ് ഈ ഇനത്തിൽ നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>**ആലപ്പുഴ ജില്ലയിൽ മാർക്കറ്റ് ഡെവലപ്മെൻറ് അസിസ്റ്റൻസ് ഇനത്തിലെ കുടിശ്ശിക**</u>

471 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റിംഗ് ഡെവലപ്മെൻറ് അസിസ്റ്റൻസ് (എം.ഡി.എ) ഇനത്തിൽ കയർ കോർപറേഷന് സംസ്ഥാന സർക്കാർ നൽകുവാനുള്ള വിഹിതം കുടിശികയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര രൂപയാണ് ഈ ഇനത്തിൽ സംഘങ്ങൾക്ക് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ചേർത്തല താലൂക്കിൽ ആകെ എത്ര സംഘങ്ങൾക്ക് എം.ഡി.എ ഇനത്തിലെ സംസ്ഥാനസർക്കാർ വിഹിതം നൽകുവാൻ ഉണ്ടെന്നും അതിനായി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഈ തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് ഇനത്തിൽ കയർ കോർപ്പറേഷന് ലഭിക്കുവാനുള്ള കേന്ദ്ര വിഹിതം സമയബന്ധിതമായി നേടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഗ്രീവൻസ് കമ്മിറ്റി യോഗം

472 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിനുള്ള പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ (പി പി എസ് ) ഗ്രീവൻസ് കമ്മിറ്റി ദീർഘകാലമായി യോഗം ചേർന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ ഗ്രീവൻസ് കമ്മിറ്റി യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിനും കയർ ഉൽപ്പന്നങ്ങൾക്ക് പുതുക്കിയ വില നിശ്ചയിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## കയർപിരി തൊഴിലാളികളുടെ വേതന വർദ്ധനവും സർക്കാർ വിഹിതവും

473 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 സെപ്റ്റംബർ മാസം കയർപിരി തൊഴിലാളികളുടെ വേതനം 400 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നുവെങ്കിലും വർദ്ധനവിലെ സർക്കാർ വിഹിതം നാളിതുവരെ സംഘങ്ങൾക്ക് നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത ഇനത്തിൽ ഇനിയും എത്ര രൂപ നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചേർത്തല താലൂക്കിൽ പ്രസ്തുത ഇനത്തിൽ ഇനിയും എത്ര രൂപ നൽകുവാൻ ഉണ്ടെന്നും എത്ര സംഘങ്ങൾക്ക് പ്രസ്തുത ഇനത്തിൽ തുക

നൽകുവാൻ ഉണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഇനത്തിൽ നൽകുവാനുള്ള തുക സംഘങ്ങൾക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**ഐ.ടി. മേഖലയുടെ നവീകരണം**

474 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനെ കേരള ടെക് എന്ന് പുനർനാമകരണം ചെയ്യുന്നതിലൂടെ ഐ.ടി. സേവനങ്ങൾക്കപ്പുറം ബയോടെക്നോളജി, റോബോട്ടിക്സ് തുടങ്ങിയ ഉന്നത സാങ്കേതിക വ്യവസായ മേഖലകളെ ഏകോപിപ്പിക്കുന്നതിനുള്ള നയപരമായ ചട്ടക്കൂട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതികവിദ്യയുടെ വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള കെ-എ.ഐ. പ്രോജക്റ്റിന് കീഴിൽ ധാർമ്മികവും സുരക്ഷിതവുമായ രീതിയിൽ നിർമ്മിത ബുദ്ധി എങ്ങനെ പ്രായോഗികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇൻഫോപാർക്ക് ഫേസ് 3-ൽ 500 ഏക്കറിൽ വിഭാവനം ചെയ്യുന്ന എ.ഐ. നേറ്റീവ് സിറ്റി എന്ന ആശയം സംസ്ഥാനത്തെ ഐ.ടി ആവാസവ്യവസ്ഥയിൽ (IT Ecosystem) എന്തെല്ലാം ഘടനാപരമായ മാറ്റങ്ങളാണ് കൊണ്ടുവരികയെന്ന് വിശദമാക്കാമോ;

(ഡി) ഐ.ടി. പാർക്കുകളിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ഐ.ടി. പാർക്ക് അഫിലിയേഷൻ സ്കീം, പ്രൈവറ്റ് ഐ.ടി. പാർക്ക് പ്രൊമോഷൻ സ്കീം എന്നിവയുടെ അടിസ്ഥാനത്തിലുള്ള സ്വകാര്യ ഭൂവിനിയോഗ മാതൃകകൾ എപ്രകാരമാണ് പ്രവർത്തിക്കുകയെന്ന് വിശദമാക്കാമോ?

**ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ**

475 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കൂടുതൽ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി. കമ്പനികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമീണ മേഖലകളിൽ ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്ത് പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഐ.ടി. മേഖലയിൽ കേരളത്തിലെ യുവാക്കൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തിന്റെ ഐ.ടി. വികസനം</u>**

476 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിലെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) അടുത്ത അഞ്ച് വർഷത്തേക്ക് സംസ്ഥാനത്തിന്റെ ഐ.ടി. മേഖലയിൽ സർക്കാർ നിശ്ചയിച്ച പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേരളത്തെ ദേശീയതലത്തിൽ പ്രമുഖ ഐ.ടി. നിക്ഷേപ കേന്ദ്രമാക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>സി-ഡിറ്റിലെ സാമ്പത്തിക നഷ്ടവും ക്രമക്കേടുകളും</u>**

477 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ അനധികൃത പർച്ചേസുകളിലൂടെ കോടികളുടെ നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

(ബി) സി-ഡിറ്റിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചും ടെൻഡർ നടപടികളിൽ ക്രമക്കേട് നടത്തിയുമാണോ പർച്ചേസ് നടത്തിയിട്ടുള്ളത്; സി.എ.ജി. റിപ്പോർട്ടിലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലും ഇതുമൂലം ഉണ്ടായ നഷ്ടം ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; നഷ്ടമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സി-ഡിറ്റിൽ ലക്ഷങ്ങൾ മുടക്കി വാങ്ങിയ ടെനബിൾ നെസ്സസ് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകൾ ഒരു തവണപോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഉപയോഗിക്കാതെ കാലഹരണപ്പെട്ട സോഫ്റ്റ്‌വെയറുകളുടെയും ഹാർഡ്‌വെയറുകളുടെയും പട്ടികയും അവയ്ക്കായി ചെലവഴിച്ച തുകയുടെ വിവരവും നൽകാമോ;

(ഡി) കിഫ്ബി, പ്രവാസി ചിട്ടി, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം, കെ-ഡിസ്ക്, മാർക്കറ്റ്ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് മുഖേന നടത്തിയ പർച്ചേസുകളിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ പർച്ചേസുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) സി-ഡിറ്റിൽ വിജിലൻസ് നിർദേശങ്ങൾ ലംഘിച്ച് ചില ഉദ്യോഗസ്ഥരെ സുപ്രധാന തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ; അവർ ഒരേസമയം ഒന്നിലധികം സ്ഥാപനങ്ങളിൽ ഉപദേശകരായി പ്രവർത്തിച്ച് പർച്ചേസുകളിൽ ക്രമക്കേട് നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(എഫ്) സി-ഡിറ്റിനെ സംബന്ധിച്ച് 2020-ൽ ലഭിച്ച പരാതികളിൽ ഐ.ടി. വകുപ്പും സി-ഡിറ്റ് അധികൃതരും മനഃപൂർവം അന്വേഷണം വൈകിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ടുകൾ നൽകുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള പ്രോജക്റ്റുകൾ**

478 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ ഇതുവരെ സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള പ്രോജക്റ്റുകൾ എത്രയാണ്; പ്രോജക്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; ഈ പ്രോജക്റ്റുകളിൽ ഓരോന്നിനും അനുവദിച്ച തുകയും യഥാർത്ഥ ചെലവും എത്രയാണ്;

(ബി) പ്രസ്തുത കാലയളവിൽ വരുമാനത്തേക്കാൾ അധിക ചെലവുണ്ടായിട്ടുള്ളതോ നഷ്ടത്തിലായിട്ടുള്ളതോ ആയ പ്രോജക്റ്റുകൾ ഏതൊക്കെയാണ്; ഓരോ പ്രോജക്റ്റിനും എത്ര രൂപയുടെ അധിക ചെലവാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്റ്റുകളിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്ര പേരാണ്; പ്രോജക്റ്റ് തിരിച്ചുള്ള അവരുടെ ശമ്പള വിവരങ്ങൾ നൽകാമോ; കോൺട്രാക്റ്റ് ജീവനക്കാരുടെ ശമ്പളവും വാർഷിക ശമ്പളവർധനവും നിശ്ചയിക്കുന്നതിന് സർക്കാർ/സി-ഡിറ്റ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**സി-ഡിറ്റിലെ രജിസ്ട്രാറുടെ നിയമനം**

479 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ നിലവിലുള്ള രജിസ്ട്രാറുടെ നിയമനത്തിന്റെ നിബന്ധനകൾ/സേവന വ്യവസ്ഥകൾ എന്തൊക്കെയാണ്; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; രജിസ്ട്രാറുടെ നിയമന കാലാവധി എത്രയാണെന്നും നിലവിലെ രജിസ്ട്രാർ എത്ര കാലമായി ഈ തസ്തികയിൽ തുടരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതി ഇല്ലാതെ കോൺട്രാക്റ്റ് ജീവനക്കാരുടെ കാലാവധി നീട്ടി നൽകുന്നതിനും അവരുടെ ശമ്പളത്തിൽ അനധികൃതമായി വർദ്ധനവ് വരുത്തുന്നതിനും നിലവിലെ രജിസ്ട്രാർ ഇടപെട്ടിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരായ ഡോ. സാജൻ അമ്പാടി, ബിജു എസ്.ബി എന്നിവരെ സംരക്ഷിക്കുന്നതിനും അവരെ ഉന്നത സ്ഥാനങ്ങളിൽ നിലനിർത്തുന്നതിനും രജിസ്ട്രാർ അനധികൃതമായി ഇടപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവർക്കെതിരായ വിജിലൻസ് കേസിന്റെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഒരു വനിതാ ജീവനക്കാരി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലെ രജിസ്ട്രാർക്കെതിരെ എസ്.സി/എസ്.റ്റി. അതിക്രമ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>സി-ഡിറ്റ് വികസിപ്പിച്ച മലയാളം യൂണിക്കോഡ് ഫോണ്ടുകൾ</u>

480 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ച മലയാളം ഫോണ്ടുകൾ എത്രയാണ്; ഓരോ ഫോണ്ടിന്റെയും പേര്, വികസിപ്പിച്ച വർഷം എന്നിവ ഉൾപ്പെടുന്ന വർഷം തിരിച്ചുള്ള പട്ടിക നൽകാമോ; ഈ ഫോണ്ടുകൾക്കായി ആകെ ചെലവഴിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) സി-ഡിറ്റ് മറ്റ് ഏജൻസികൾ/വ്യക്തികൾ മുഖേന മലയാളം ഫോണ്ടുകൾ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏജൻസിയുടെയോ വ്യക്തിയുടെയോ പേര്, അവർ വികസിപ്പിച്ച ഫോണ്ടിന്റെ പേര്, അവർക്കു നൽകിയ പ്രതിഫലം എന്നിവയുടെ വിശദാംശം നൽകാമോ; ഈ ഏജൻസികളെയോ വ്യക്തികളെയോ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും നടപടിക്രമവും എന്തായിരുന്നു; ഇതിനായി ടെൻഡർ വിളിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ച മലയാളം ഫോണ്ടുകളുടെ യൂണിക്കോഡ് മാനദണ്ഡം, ഗുണനിലവാരം, മൗലികത എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ, പരാതികളുടെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ; ഈ ഫോണ്ടുകൾക്ക് സ്വതന്ത്രമായ സാങ്കേതിക പരിശോധന (തേഡ്-പാർട്ടി ഓഡിറ്റ്) നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ,

ഏത് ഏജൻസിയോ വ്യക്തിയോ ആണ് പരിശോധന നടത്തിയത് എന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ചതായി പറയുന്ന മലയാളം ഫോണ്ടുകൾ, മുമ്പ് വികസിപ്പിച്ച നിള സീരീസിൽപ്പെട്ട ഫോണ്ടുകളുടെ പേര് മാറ്റി തയ്യാറാക്കിയവയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരിശോധന നടത്തുമോ; ഇത്തരത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>സി-ഡിറ്റിലെ സാമ്പത്തിക നഷ്ടവും ക്രമക്കേടുകളും</u>

481 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ അനധികൃത പർച്ചേസുകളിലൂടെ കോടികളുടെ നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) സി-ഡിറ്റിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചും ടെൻഡർ നടപടികളിൽ ക്രമക്കേട് നടത്തിയുമാണോ പർച്ചേസ് നടത്തിയിട്ടുള്ളത്; സി.എ.ജി. റിപ്പോർട്ടിലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലും ഇതുമൂലം ഉണ്ടായ നഷ്ടം ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; നഷ്ടമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സി-ഡിറ്റിൽ ലക്ഷങ്ങൾ മുടക്കി വാങ്ങിയ ടെനബിൾ നെസ്സസ് ഉൾപ്പെടെയുള്ള സോഫ്റ്റ്വെയറുകൾ ഒരു തവണപോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഉപയോഗിക്കാതെ കാലഹരണപ്പെട്ട സോഫ്റ്റ്വെയറുകളുടെയും ഹാർഡ്‌വെയറുകളുടെയും പട്ടികയും അവയ്ക്കായി ചെലവഴിച്ച തുകയുടെ വിവരവും നൽകാമോ;

(ഡി) കിഫ്ബി, പ്രവാസി ചിട്ടി, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം, കെ-ഡിസ്ക്, മാർക്കറ്റ്ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് മുഖേന നടത്തിയ പർച്ചേസുകളിൽ

ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ പർച്ചേസുകളുടെ വിശദാംശം നൽകാമോ;

(ഇ) സി-ഡിറ്റിൽ വിജിലൻസ് നിർദ്ദേശങ്ങൾ ലംഘിച്ച് ചില ഉദ്യോഗസ്ഥരെ സുപ്രധാന തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ; അവർ ഒരേ സമയം ഒന്നിലധികം സ്ഥാപനങ്ങളിൽ ഉപദേശകരായി നിന്ന് പർച്ചേസിൽ തിരിമറി നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(എഫ്) സി-ഡിറ്റിനെ സംബന്ധിച്ച് 2020-ൽ ലഭിച്ച പരാതികളിൽ ഐ.ടി. വകുപ്പും സി-ഡിറ്റ് അധികൃതരും മനഃപൂർവം അന്വേഷണം വൈകിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ടുകൾ നൽകുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>**സി-ഡിറ്റ് മുൻ രജിസ്ട്രാർക്ക് നൽകിയ സ്ഥാനക്കയറ്റങ്ങൾ**</u>

482 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് രജിസ്ട്രാറായിരുന്ന ഡോ. പി.വി. ഉണ്ണികൃഷ്ണന് 08.02.1992 മുതൽ 07.02.1994 വരെ രണ്ട് വർഷത്തേക്ക് ലീവ് സാലറിയോടുകൂടിയ സ്റ്റഡി ലീവ് അനുവദിച്ച് 09.05.2001-ന് C-DIT/01/PRO/2001/37 നമ്പർ പ്രകാരമുള്ള പ്രൊസീഡിങ്സ് സി-ഡിറ്റ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം ലീവ് സാലറി നൽകുന്നത് സംബന്ധിച്ച് പഠനാവധി ചട്ടങ്ങളിൽ ഡോ. പി.വി. ഉണ്ണികൃഷ്ണന് നൽകിയിട്ടുള്ള ഇളവ് സർക്കാർ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കുമെന്ന് പ്രസ്തുത പ്രൊസീഡിങ്സിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഡോ.പി.വി. ഉണ്ണികൃഷ്ണന് പഠനാവധി ചട്ടങ്ങളിൽ ഇളവ് അനുവദിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അത്തരത്തിലുള്ള ഇളവ് സർക്കാർ അംഗീകരിച്ചിട്ടില്ലെങ്കിൽ, ഡോ. പി.വി. ഉണ്ണികൃഷ്ണന് അനുവദിച്ച ലീവ്, ലീവ് സാലറി, സർവീസ്, പ്രമോഷനുകൾ എന്നിവ നിയമാനുസൃതമാണോയെന്ന് സർക്കാർ പരിശോധിക്കുമോ;

(ഇ) സർവീസ് കാലാവധിയായി കണക്കാക്കാൻ കഴിയാത്ത നാല് വർഷത്തെ ലീവ് ഫോർ സ്റ്റഡി പർപ്പസ് എങ്ങനെയാണ് സർവീസായി

പരിഗണിക്കാവുന്ന സ്റ്റഡി ലീവായി മാറിയതെന്നും, പ്രസ്തുത ലീവ് കാലയളവിൽ ഡോ. പി.വി. ഉണ്ണികൃഷ്ണൻ പഠനം പൂർത്തിയാക്കാതിരുന്നിട്ടുകൂടി ആ കാലയളവ് ഏത് ചട്ടപ്രകാരമാണ് സർവീസായി പരിഗണിച്ചതെന്നും വ്യക്തമാക്കുമോ?

**<u>സി-ഡിറ്റ് മുൻ ഡെപ്യൂട്ടി ഡയറക്ടർ സജി നാരായണന്റെ പെൻഷൻ ആനുകൂല്യങ്ങൾ</u>**

483 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 - ൽ സി-ഡിറ്റിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടർ ആയി റിട്ടയർ ചെയ്യുകയും 2023-ൽ മരണപ്പെടുകയും ചെയ്ത സജി നാരായണന്റെ വിധവ, അദ്ദേഹത്തിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകണം എന്നഭ്യർത്ഥിച്ച് സർക്കാരിന് നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ നാളിതുവരെ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിൽ സി-ഡിറ്റ് ഉദ്യോഗസ്ഥരായിരുന്ന ജി. ജയരാജ്, ഉണ്ണികൃഷ്ണൻ പി.വി. തുടങ്ങിയവരുടെ സർവീസും യോഗ്യതയും കണക്കാക്കിയതിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സജി നാരായണൻ ജോലി ചെയ്തിരുന്ന ഒപ്റ്റിക്കൽ ഇമേജ് പ്രോസസ്സിംഗ് വകുപ്പിലെ ആരോഗ്യ സുരക്ഷ സംവിധാനങ്ങളുടെ കാര്യക്ഷമത സർക്കാർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ?

**<u>ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കാൻ നടപടി</u>**

484 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, സെമികണ്ടക്ടർ - ചിപ്പ്, ബ്ലോക്ക്ചെയിൻ, സൈബർ സുരക്ഷ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഗ്രീൻ ഹൈഡ്രജൻ, വൈദ്യുത വാഹന സാങ്കേതികവിദ്യ, ബയോടെക്നോളജി - ജീൻ എഡിറ്റിംഗ് തുടങ്ങിയ ഉന്നത സാങ്കേതികവിദ്യാ മേഖലകളിൽ ആഗോള കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും, അതുവഴി സംസ്ഥാനത്തെ

വിദഗ്ധരുടെ കൊഴിഞ്ഞുപോക്ക് (ബ്രെയിൻ ഡ്രെയിൻ) തടയുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

**നിലമ്പൂരിൽ സ്മാർട്ട് സിറ്റി മാതൃകയിൽ ഐ.ടി. പാർക്ക്**

485 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെട്രോ നഗരങ്ങളിലെ അമിത തിരക്കിൽ നിന്നും ഉയർന്ന ചെലവുകളിൽ നിന്നും മാറിയും മികച്ച ജീവിതസാഹചര്യങ്ങൾ തേടിയും ഐ.ടി.വിദഗ്ധരും സാങ്കേതിക പ്രവർത്തകരും സെമി അർബൻ മേഖലകളെ തങ്ങളുടെ തൊഴിലിടമായും താമസസ്ഥലമായും കൂടുതൽ തെരഞ്ഞെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ അധീനതയിലുള്ള ഭൂമി ലഭ്യമായാൽ നിലമ്പൂരിൽ സ്മാർട്ട് സിറ്റി മാതൃകയിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**സംസ്ഥാനത്ത് പുതിയ ഐ. ടി . പാർക്കുകൾ**

486 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ നയം വിശദമാക്കാമോ;

(ബി) ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഒരു ഐ.ടി.പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കേണ്ട തുടർ നടപടികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കാസറഗോഡ് ജില്ലയിൽ ഐ.ടി. പാർക്ക്**

487 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണെന്നും പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) മികച്ച ഇന്റർ സ്റ്റേറ്റ് ദേശീയ പാത സംവിധാനങ്ങളും മംഗലാപുരത്തിന്റെ തുറമുഖ- വിമാനത്താവള സാമീപ്യവും അതിർത്തിയോട് ചേർന്നുള്ള ഇൻഫോസിസ് അടക്കമുള്ള ഐ.ടി. പാർക്കുകളുടെ സാന്നിധ്യവുമുള്ള മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സ്ഥലം ലഭ്യമാക്കിയാൽ എ.ഐ.ക്ക് പ്രാമുഖ്യം നൽകി ഒരു ഐ.ടി. പാർക്ക് അനുവദിക്കുന്നത് പരിഗണിക്കാമോ?

## ടെക്നോളജി പാർക്ക്

488 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുമായി ചേർന്ന് ടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഐ.ടി. പാർക്കുകളുടെ ഘടനാപരമായ മാറ്റങ്ങൾക്ക് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ടെക്നോളജി കമ്പനികളെയും ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളെയും (ജി.സി.സി.) ആകർഷിക്കുന്നതിനായി വിമാനത്താവളങ്ങൾക്ക് സമീപം പുതിയ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും കെ-ഫോൺ കണക്ഷൻ

489 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എത്ര സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും കെ-ഫോൺ കണക്ഷൻ നല്കിയിട്ടുണ്ട്; സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ കെ-ഫോൺ ഒ. ടി .ടി. ഉൾപ്പെടെ എത്ര വാണിജ്യ കണക്ഷനുകൾ നല്കിയിട്ടുണ്ട്; സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ എത്ര സൗജന്യ കെ-ഫോൺ കണക്ഷൻ നല്കിയിട്ടുണ്ട്; വ്യക്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എം.പി./എം.എൽ.എ.മാരുടെ ക്യാമ്പ് ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നല്കുന്നത് പരിഗണനയിലുണ്ടോ; വിവരം ലഭ്യമാക്കുമോ?

**കെ -ഫോൺ**

490 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് കെ-ഫോൺ കണക്ഷനുകൾ നല്കിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം സ്കൂളുകളിൽ കെ-ഫോൺ സൗകര്യം ലഭിക്കുന്നതിന് പുതിയ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

**കെ-ഫോൺ അപേക്ഷ**

491 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതിന്റെ വിശദാംശം നൽകാമോ;

(ബി) അഴീക്കോട് മണ്ഡലത്തിൽ എത്ര വീടുകളിലും സ്ഥാപനങ്ങളിലും കെ-ഫോൺ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കുണ്ടൂർമല ഐ.ടി. പാർക്ക് നിർമ്മാണത്തിന്റെ ആദ്യഘട്ട പ്രവൃത്തികൾ**

492 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -(മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II ക്രമനമ്പർ 522 (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ 3 കോടി രൂപ നീക്കിവച്ചിരുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ കുണ്ടൂർമല ഐ.ടി. പാർക്ക് നിർമ്മാണത്തിന്റെ ആദ്യഘട്ട പ്രവൃത്തികൾക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

<u>**കൊട്ടാരക്കര ഐ.ടി. പാർക്ക് നിർമ്മാണം**</u>

493 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ഐ.ടി. പാർക്ക് നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് കഴിഞ്ഞ സർക്കാർ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഐ.ടി. പാർക്ക് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

<u>**വടകരയിലെ വ്യവസായ സംരംഭങ്ങളുടെ വളർച്ച**</u>

494 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകളുടെ എണ്ണവും അവ നേരിട്ടും പരോക്ഷമായും ലഭ്യമാക്കുന്ന തൊഴിൽ അവസരങ്ങളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ പരമ്പരാഗത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, കൈത്തറി, വുഡ് ഇൻഡസ്ട്രീസ്, കാർഷികാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ സംരംഭകർക്ക് നൽകിവരുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്;

(സി) വടകര നിയോജകമണ്ഡലത്തിൽ കൂടുതൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ വ്യവസായ ഭൂമി, അടിസ്ഥാനസൗകര്യങ്ങൾ, വ്യവസായ എസ്റ്റേറ്റ്/മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വടകര മണ്ഡലത്തിന്റെ പ്രാദേശിക വിഭവങ്ങളും ഭക്ഷ്യ-തീരദേശ-കാർഷിക വിഭവ സാധ്യതകളും പ്രയോജനപ്പെടുത്തി പുതിയ വ്യവസായ ക്ലസ്റ്ററുകളും മത്സ്യബന്ധനമേഖലയിലെയും നാളികേര ഉൽപ്പന്ന മേഖലയിലെയും ഉൾപ്പടെ മൂല്യവർധിത ഉൽപ്പന്ന യൂണിറ്റുകളും ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

## <u>പുതിയ വ്യവസായ നിക്ഷേപങ്ങൾ</u>

495 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് പുതിയ വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ ലഭിക്കാൻ എടുക്കുന്ന കാലതാമസവും നടപടിക്രമങ്ങളും കുറയ്ക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വ്യവസായ മേഖലയുടെ പുരോഗതി</u>

496 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി കെ-സ്വിഫ്റ്റ് പോലുള്ള ഓൺലൈൻ സംവിധാനങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ, ഗ്രീൻ എനർജി, റീസൈക്ലിംഗ് എന്നീ മേഖലകളിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) വിദേശ നിക്ഷേപവും (എഫ്. ഡി. ഐ.) ആഭ്യന്തര നിക്ഷേപവും വർധിപ്പിക്കാൻ പ്രത്യേക നയപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായ യൂണിറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ;

**സംസ്ഥാനത്ത് വിദേശ നിക്ഷേപം**

497 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ് മേഖലയുടെ ഉത്തേജനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കുന്നത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നേരിട്ടുള്ള വിദേശ നിക്ഷേപം ഏതെല്ലാം മേഖലകളിൽ കൊണ്ടുവരുന്നതിനാണ് ഊന്നൽ നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം നിക്ഷേപ പദ്ധതികളിൽ ഗ്രാമീണ മേഖലയെ കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**വ്യവസായ മേഖല സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള സുരക്ഷാ സംവിധാനങ്ങൾ**

498 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ വ്യവസായ സ്ഥാപനങ്ങൾ ധാരാളമുള്ള ചിറക്കൽ-വളപട്ടണം-കരിയാട് പ്രദേശത്തെ അടിസ്ഥാന വികസനങ്ങൾ മെച്ചപ്പെടുത്തി ഒരു മിനിവ്യവസായ ഹബ്ബായി മാറ്റണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യവസായ മേഖല സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കരിയാട് പ്രദേശത്ത് ഒരു പദ്ധതി ആവിഷ്കരിക്കാമോ?

**ബേപ്പൂർ നിയോജക മണ്ഡലത്തിലെ വ്യവസായ യൂണിറ്റുകൾ**

499 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിനെ സംബന്ധിച്ച് നാഷണൽ കമ്പനീസ് ലാ ട്രൈബ്യൂണലിൽ നിലനിൽക്കുന്ന വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; സ്റ്റീൽ കോംപ്ലക്സ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി കൂടി അറിയിക്കാമോ;

(ബി) ബേപ്പൂർ കയർ ഫാക്ടറിയിൽ ഫുള്ളി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ടം**

500 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും സഞ്ചിത നഷ്ടവും പ്രത്യേകം വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി പുനരുജ്ജീവനം**

501 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുടെ വ്യവസായ പൈതൃകവും തൊഴിൽസാധ്യതകളും സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറിയുടെ നിലവിലെ സ്ഥിതിയും അവിടെ പുനരുജ്ജീവിപ്പിക്കാവുന്ന വ്യവസായ,തൊഴിൽ,സംരംഭക സാധ്യതകളും സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരമ്പരാഗത നെയ്ത്ത് മേഖലയെ ആധുനിക സാങ്കേതികവിദ്യയുമായി ബന്ധിപ്പിച്ച് യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി പോലുള്ള സ്ഥാപനങ്ങളെ ഹെറിറ്റേജ് ടെക്സ്റ്റൈൽ/ ടെക്സ്റ്റൈൽ ക്ലസ്റ്റർ മാതൃകയിൽ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി പ്രദേശത്തെ വ്യവസായ-പൈതൃക കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

<u>**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ നടപടി**</u>

502 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം ലാഭത്തിലും എത്രയെണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അടച്ചുപൂട്ടിയതോ

പ്രവർത്തനരഹിതമായതോ ആയ വ്യവസായ സ്ഥാപനങ്ങൾ പുനരാരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>ട്രാവൻകൂർ റയോൺസിന്റെ പ്രവർത്തനം</u>**

503 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിൽ കിൻഫ്രയ്ക്ക് വിട്ടു നൽകിയിട്ടുള്ള പൂട്ടിക്കിടക്കുന്ന ട്രാവൻകൂർ റയോൺസിന്റെ സ്ഥലം വെറുതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞിടത്ത് ഒരു വ്യവസായം മാത്രം ആരംഭിച്ചിട്ടുള്ളതിനാൽ ബാക്കിയുള്ള സ്ഥലത്ത് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്ന രീതിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരിയിലെ വ്യവസായ പ്രതിസന്ധികളും നവീകരിച്ച സാങ്കേതിക വികസന പദ്ധതികളും</u>**

504 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചെറുകിട-ഇടത്തരം വ്യവസായങ്ങളും പരമ്പരാഗത യൂണിറ്റുകളും നേരിടുന്ന പ്രതിസന്ധികളും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വ്യവസായങ്ങളെ കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും നവീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും സംരംഭകർക്ക് ആവശ്യമായ സബ്സിഡികളും ലോണുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അടഞ്ഞുകിടക്കുന്ന വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് കണക്കുകൾ സഹിതം വിശദമാക്കാമോ;

(സി) പുതിയതായി ആരംഭിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മണ്ഡലത്തിലെ വികസന കാര്യങ്ങളിലേക്ക് എങ്ങനെയാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് സെമികണ്ടക്ടർ ഹബ് ആരംഭിക്കുമ്പോൾ ചങ്ങനാശ്ശേരിയെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ കർമ്മപദ്ധതികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഐ.ടി. സംബന്ധമായ വികസന കാര്യങ്ങളും ഡിജിറ്റൽ/ടെക്നോളജി മേഖലയുടെ വളർച്ചയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാമാണ്;

(എഫ്) വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തമാക്കിക്കൊണ്ട് മണ്ഡലത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ നൽകാമോ?

**വിഴിഞ്ഞം-കൊല്ലം-പുനലൂർ ഇൻഡസ്ട്രിയൽ ആൻഡ് എക്കണോമിക് ഗ്രോത്ത് ട്രയാങ്കിൾ**

505 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-കൊല്ലം-പുനലൂർ ഇൻഡസ്ട്രിയൽ ആൻഡ് എക്കണോമിക് ഗ്രോത്ത് ട്രയാങ്കിൾ എന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിസ്തീർണ്ണം, പരിധി, ഉൾപ്പെടുന്ന പ്രദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(സി) പ്രസ്തുത പദ്ധതി പരിഗണനയിലുണ്ടെങ്കിൽ പത്തനാപുരം പ്രദേശത്തെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമോ?

**കിൻഫ്ര വ്യവസായ പാർക്കുകളുടെ വികസനം**

506 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കിൻഫ്ര വ്യവസായ പാർക്കുകളുടെ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാക്കഞ്ചേരിയിലെ കിൻഫ്രാ വ്യവസായ പാർക്കിന്റെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) മട്ടന്നൂരിലെ കിൻഫ്ര പാർക്കിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായോ; സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യവസായ പാർക്കുകളിലെ യൂണിറ്റുകൾ മൂലമുണ്ടാവാൻ സാധ്യതയുള്ള പരിസ്ഥിതി ആഘാതം തടയുന്നതിന് പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

<u>വ്യവസായ വകുപ്പിലെ ഏകജാലക സംവിധാനം</u>

507 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ഏകജാലകം വഴി നിലവിൽ സംരംഭക അപേക്ഷകൾ ലഭിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഏകജാലകം വഴി അപേക്ഷകൾ നൽകുമ്പോൾ സംരംഭകന് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വ്യവസായ വകുപ്പിൽ സംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

<u>വ്യവസായ വകുപ്പിന്റെ പദ്ധതികൾ</u>

508 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ചതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു വ്യവസായ പാർക്കോ മറ്റ് വിവിധങ്ങളായ സംരംഭങ്ങളോ ആരംഭിച്ച് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താനും പ്രാദേശിക വികസനം കൈവരിക്കാനും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുതകുന്ന എന്തെല്ലാം സഹായങ്ങളാണ് നിലവിൽ വ്യവസായ വകുപ്പ് നൽകി വരുന്നത്; ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ നടപടികൾ</u>**

509 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപ്പക്കാർ ജോലി തേടി സംസ്ഥാനം വിട്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഒരാഴ്ചക്കകം നല്കുന്നതിന് കുറ്റമറ്റ ഏകജാലക സംവിധാനം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിലുള്ള വ്യവസായ സംരംഭങ്ങളെയും പുതിയ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ പദ്ധതികൾ</u>**

510 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനം വർധിപ്പിക്കുന്നതിനുമായി നിലവിൽ നടപ്പാക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥാപനത്തിൽ പുതിയ ഇലക്ട്രിക് വാഹനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള വാഹനങ്ങളുടെ നവീകരണത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഫാക്ടറിയിലെ യന്ത്രസാമഗ്രികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും ഇതിനായി അനുവദിച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസിക്കുന്ന സാഹചര്യത്തിൽ, തുറമുഖവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അനുബന്ധ വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

511 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) യുവജനങ്ങൾക്കിടയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിനായി കൂടുതൽ തുക മാറ്റിവച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ</u>

512 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ എത്രയെന്നും ഇക്കാലയളവിൽ ലഭിച്ച ആകെ വ്യവസായ നിക്ഷേപമെത്രയെന്നും വിശദമാക്കമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾ എല്ലാം ലാഭത്തിലാണോയെന്നും അല്ലാത്തവ ലാഭത്തിലാക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) കേരളത്തിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ. സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ഇ) യുവാക്കൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് വിഭാവനം ചെയ്യുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണ് വിശദമാക്കാമോ?

<u>**ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് ഐ.ടി. പാർക്ക്**</u>

513 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഐ.ടി. മേഖലയിലെ വിദഗ്ധരുടെ എണ്ണം വളരെ കൂടുതലായി ഉയരുന്നതിനാലും നാട്ടിൽതന്നെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും ഇരിങ്ങാലക്കുട കേന്ദ്രമാക്കി ടെക്നോപാർക്ക് മാതൃകയിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ആരംഭിക്കുമ്പോൾ പട്ടണത്തിലേക്കുള്ള ജനങ്ങളുടെ തൊഴിൽ തേടിയുള്ള കുടിയേറ്റം ഒരു പരിധിവരെ തടയാമെന്നിരിക്കെ ഇത്തരം സംരംഭങ്ങൾ പ്രാദേശികമായി നല്ല നിലയിൽ ആരംഭിച്ച് കേരളത്തെ നല്ല ഒരു ഐ.ടി. ഹബ്ബ് ആയി വളർത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഒരു ലക്ഷം സംരംഭക പദ്ധതി**</u>

514 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഒരു ലക്ഷം സംരംഭക പദ്ധതിയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിൽ 2022-23 മുതൽ 2026 മെയ് 31 വരെ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കാമോ?

<u>**കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക്**</u>

515 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഇത്തരം വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**എം. എസ്. എം. ഇ. സംരംഭങ്ങൾ**</u>

516 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സൂക്ഷ്മ - ചെറുകിട- ഇടത്തരം (എം. എസ്. എം. ഇ.) സംരംഭങ്ങൾ വ്യവസായ വാണിജ്യ വകുപ്പു മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും നിക്ഷേപത്തിന്റെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>**എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ**</u>

517 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്; സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പുതിയ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) എം.എസ്.എം.ഇ. സംരംഭങ്ങൾ അടച്ചുപൂട്ടുന്നതിന്റെ പ്രധാന കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പ്രത്യേക പാക്കേജ് നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) എം.എസ്.എം.ഇ. മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർക്കാർ ഇടപെടലുകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി, ഭൂമി, അസംസ്കൃത വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ?

<u>തിരുവല്ല നിയോജകമണ്ഡലത്തിലെ കുന്നന്താനം ഇൻഡസ്ട്രിയൽ പാർക്ക്</u>

518 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കുന്നന്താനം ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തനമാരംഭിക്കാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ അടങ്കൽ തുക, നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതി പൂർത്തിയാക്കി വ്യവസായസംരംഭങ്ങൾക്കായി പാർക്ക് തുറന്നു കൊടുക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ആയതിനുള്ള തടസങ്ങളും വ്യക്തമാക്കാമോ; പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

<u>പൂട്ടിക്കിടന്നതും നഷ്ടത്തിലായതുമായ വ്യവസായ സ്ഥാപനങ്ങൾ</u>

519 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടന്നതും നഷ്ടത്തിലായതുമായ എത്ര വ്യവസായ സ്ഥാപനങ്ങൾ 2016-21, 2021-26 കാലയളവിൽ ലാഭത്തിലാക്കുവാൻ സാധിച്ചു എന്നുള്ള കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംഗീകൃത വ്യവസായ സ്ഥാപനങ്ങൾ**

520 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗീകൃത വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്നു എന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

**മാവേലിക്കര കൊല്ലകടവ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് റോഡുകളുടെ ശോച്യാവസ്ഥ**

521 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൊച്ചാലുംമൂട് സ്ഥിതി ചെയ്യുന്ന കൊല്ലകടവ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് റോഡുകൾ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിനായി ആവശ്യമായ തുക അനുവദിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**വ്യവസായ എസ്റ്റേറ്റ്**

522 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പഞ്ചായത്തിന്റെ തന്നെ അധീനതയിൽ നിലനിർത്തി വ്യവസായ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ചുകൊണ്ട് വ്യവസായ എസ്റ്റേറ്റായി വികസിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന് കീഴിൽ ഇത്തരമൊരു വ്യവസായ എസ്റ്റേറ്റ് യാഥാർത്ഥ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

523 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വിശദമാക്കാമോ?

## റൈസ് പാർക്കുകൾ

524 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച റൈസ് പാർക്കുകളിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂരിൽ ആരംഭിച്ച റൈസ് പാർക്ക് നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം എന്താണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

## കണ്ണമ്പ്ര വ്യവസായ പാർക്ക്

525 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

**ഒളവണ്ണ സിഡ്കോ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റ പ്രവർത്തനം**

526 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ കീഴിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഐ.എസ്.ആർ.ഒ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ സ്ഥിരം ജീവനക്കാരുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലേക്ക് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് വഴി വിജ്ഞാപനം ചെയ്ത തസ്തികകളിൽ സ്ഥിരനിയമന നടപടികൾ വേഗത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേൺ സിഡ്കോയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് റിയാബ് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**സിഡ്കോയിലെ അൺ-സ്കിൽഡ് വർക്കർമാരുടെ ഇ.പി.എഫ്. കുടിശിക**

527 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽ PW/Workers /2013-14/Recruitment, Dated -20/08/2015 ലെ ഉത്തരവ് അനുസരിച്ച് എത്രപേരെ അൺ സ്കിൽഡ്

വർക്കർ തസ്തികയിൽ പാപ്പനംകോട് പ്രൊഡക്ഷൻ ഡിവിഷൻ സെന്റർ -ൽ നിയമിച്ചുവെന്നതിന്റെ വിദശാംശം ലഭ്യമാക്കുമോ;

(ബി) പാപ്പനംകോട് പ്രൊഡക്ഷൻ ഡിവിഷൻ സെന്റർ-ൽ നിയമനം നേടിയ ശേഷം 19/06/2019 ലെ No. PW/1407/WPC/16 പ്രകാരം പിരിച്ചുവിടപ്പെട്ട അൺ സ്കിൽഡ് വർക്കർ തസ്തികയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. പിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോരുത്തരുടെയും ശമ്പളത്തിൽ നിന്നും എത്ര തുക വീതം പിടിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) മേൽ ഉത്തരവ് പ്രകാരം പിരിച്ചുവിടപ്പെട്ട പ്രൊഡക്ഷൻ ഡിവിഷൻ സെന്റർ-ലെ വർക്കർമാരുടെ ഇ.പി.എഫ്. അക്കൗണ്ട് വിവരങ്ങളും ഓരോരുത്തരുടെയും അക്കൗണ്ടിലേക്ക് സിഡ്കോ നിക്ഷേപിച്ച തുകയുടെ വിശദാംശവും ഇനി ബാക്കി എത്ര തുക നിക്ഷേപിക്കാൻ ഉണ്ടെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കിയ ഇ.പി.എഫ്. തുക യഥാസമയം അക്കൗണ്ടിൽ അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക അടക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>വടകര കശുവണ്ടി ഫാക്ടറിയുടെ ഭൂമി</u>

528 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വടകരയിലെ കശുവണ്ടി ഫാക്ടറിക്ക് കീഴിൽ ആകെ എത്ര ഭൂമിയാണ് ഉണ്ടായിരുന്നത്;

(ബി) മാഹി-തലശ്ശേരി ബൈപ്പാസിന്റെ നിർമ്മാണ ആവശ്യത്തിന് കശുവണ്ടി ഫാക്ടറിയുടെ ഭൂമി നൽകുകയുണ്ടായോ;

(സി) എങ്കിൽ ആകെ എത്ര സെന്റ് ഭൂമിയാണ് ഇപ്രകാരം കൈമാറിയത്; ബാക്കി എത്ര ഭൂമിയാണ് വടകരയിലെ കശുവണ്ടി ഫാക്ടറിക്ക് കീഴിൽ നിലവിലുള്ളത്;

(ഡി) വർഷങ്ങളായി ഉപയോഗ ശൂന്യമായി കിടക്കുന്ന പ്രസ്തുത ഭൂമി മറ്റു വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സാമ്പത്തിക സഹായം**

529 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്കുള്ള സാമ്പത്തിക സഹായം നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദുരിത ബാധിതരായ സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സാമ്പത്തിക സഹായത്തിന് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

**ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം**

530 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിലെ ടെക്സ്റ്റൈൽ മിൽ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അല്ലെങ്കിൽ ഇത് ലാഭത്തിലാക്കാൻ പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിൽ ഉണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റ പരിസരത്ത് ദേശിയ പാത 66 നോട് ചേർന്ന് എത്ര ഏക്കർ ഭൂമി കാടുപിടിച്ച് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥലം പ്രയോജനപ്പെടുത്തി ജില്ലയിൽ പുതിയ വ്യവസായ സംരംഭം തുടങ്ങുന്ന വിഷയം പരിഗണിക്കാമോ; വിശദാംശം അറിയിക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ വ്യവസായ പുരോഗതി**

531 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2026 കാലയളവിൽ കോതമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിച്ച് പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**കൊച്ചി തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതി**

532 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തീരദേശ മണ്ഡലത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉപജീവനത്തിനപ്പുറം പുതിയ വ്യവസായ-സംരംഭകത്വ മേഖലകളിലേക്ക് കടന്നുവരുന്നതിനും മൂല്യവർദ്ധിത മത്സ്യോല്പന്ന സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെ ആരംഭിക്കുന്നതിനും വ്യവസായ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന മത്സ്യത്തൊഴിലാളികൾക്കും ചെറുകിട കൂട്ടായ്മകൾക്കും സർക്കാർ നൽകുന്ന മൂലധന സബ്സിഡികൾ, സാമ്പത്തിക ആനുകൂല്യങ്ങൾ, സാങ്കേതിക സഹായം, മാർക്കറ്റിംഗ് പിന്തുണ എന്നിവ എന്തൊക്കെയാണെന്നും ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഭാവിയിൽ പുതിയ എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് തടസ്സങ്ങൾ കൂടാതെ ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കാനും സംരംഭങ്ങൾ ആരംഭിക്കാനും വ്യവസായ വകുപ്പിന്റെ പ്രത്യേക ഫെസിലിറ്റേഷൻ സെന്ററുകൾ വഴിയോ ഏതെങ്കിലും ലളിതമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള ബ്രാൻഡ് പദ്ധതി**

533 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾക്ക് ആഗോളതലത്തിൽ സ്വീകാര്യമായ ഗുണനിലവാര മുദ്ര ഉറപ്പാക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തിന് പുറമേ കേരള ബ്രാൻഡ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) സാമൂഹികവും പരിസ്ഥിതിപരവുമായ ഏതൊക്കെ മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങൾക്കാണ് കേരള ബ്രാൻഡ് അംഗീകാരം നൽകാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) യൂറോപ്യൻ യൂണിയൻ പോലെ കർശനമായ ഗുണനിലവാര മാനദണ്ഡങ്ങൾ നിലനിൽക്കുന്ന വിദേശവിപണികളിൽ മത്സരക്ഷമത ഉറപ്പാക്കാൻ കേരള ബ്രാൻഡ് പദ്ധതി സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ ഏതെല്ലാം വിധത്തിൽ പ്രാപ്തരാക്കുമെന്ന് വിശദമാക്കാമോ;

(ഡി) ബ്രാൻഡ് സർട്ടിഫിക്കേഷന് പുറമേ സംരംഭകർക്ക് പദ്ധതിയിലൂടെ സാമ്പത്തിക സഹായങ്ങളും മാർക്കറ്റിംഗ് പിന്തുണയും നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>പേരാമ്പ്ര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ</u>

534 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ യുവാക്കൾക്കും വനിതകൾക്കും ചെറുകിട സംരംഭകർക്കും വേണ്ടി പേരാമ്പ്ര നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>കേരള ധാതു അവകാശ നിയമം</u>

535 **ശ്രീ. കെ. രാജൻ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുക്കൾ പോലെയുള്ള പ്രകൃതിവിഭവങ്ങൾ പൊതുനന്മയ്ക്കായി നിയന്ത്രിക്കുകയും വിതരണം നടത്തുകയും ചെയ്യേണ്ട ബാധ്യത സംസ്ഥാനത്തിനാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിയമസഭ പാസാക്കിയ കേരള ധാതു അവകാശ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിലപാട് സംശയാസ്പദമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മലബാർ മേഖലയിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിയുള്ള 2021-ലെ നിയമം അസാധുവാക്കിയ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>കരിമണൽ ഖനനം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തൽ</u>**

536 **ശ്രീ. വി. ജോയി**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തുന്നതിന് പകരം സ്വകാര്യ കുത്തകകൾക്ക് കൂടി ഈ മേഖല തുറന്നുകൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ, വിശദമാക്കുമോ;

(ബി) കരിമണൽ ഖനന രംഗത്തേക്ക് സ്വകാര്യ നിക്ഷേപകരെ കടന്നുവരാൻ അനുവദിക്കുന്നത് സംസ്ഥാന ഖജനാവിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നും സ്വകാര്യ ലാഭത്തിനുവേണ്ടിയുള്ള അമിതമായ പ്രകൃതി ചൂഷണത്തിന് ഇത് വഴിയൊരുക്കുമെന്നുള്ള വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിന്റെ തീരദേശ മേഖലയുടെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തിൽ, സ്വകാര്യ കമ്പനികൾക്ക് ഖനനാനുമതി നൽകുന്നതിനായി ക്രിട്ടിക്കൽ മിനറൽ കോറിഡോർ പോലുള്ള എന്തെങ്കിലും നയപരമായ മാറ്റങ്ങളോ പുതിയ പദ്ധതികളോ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) അനിയന്ത്രിതമായ പ്രകൃതി ചൂഷണത്തിന് വഴിയൊരുക്കുന്ന ഈ സ്വകാര്യവൽക്കരണ നയത്തിൽ നിന്ന് പിന്മാറാനും പകരം ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന മാത്രം ഖനനം പരിമിതപ്പെടുത്താനും തയ്യാറാകുമോ; വ്യക്തമാക്കുമോ?

<u>**ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**</u>

537 **ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിങ്ങിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള ധാതുക്കളുടെ വിൽപനയ്ക്കും കെട്ടിടനിർമാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിനും ജിയോളജി വകുപ്പിൽ നിന്നും സമയബന്ധിതമായി അനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടും ഉദ്യോഗസ്ഥർ വരുത്തുന്ന ഈ അനാസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ കുളങ്ങളിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്യുന്നതിന് ജനങ്ങളിൽ നിന്നും ഫീസ് ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ഈടാക്കിയിട്ടും അനുമതി നൽകാത്ത ജിയോളജി വകുപ്പിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കോടതിയിൽ നിന്ന് വ്യക്തമായ ഉത്തരവുകൾ ലഭിച്ചാലും ഉത്തരവുകൾ നടപ്പിലാക്കാതിരിക്കുകയും നിയമാനുസൃതം അനുമതി നൽകാവുന്ന വിഷയങ്ങളിൽ പോലും കാലതാമസം വരുത്തുകയും ചെയ്യുന്ന പ്രവണതയ്ക്ക് ശാശ്വത പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>കൈത്തറി മേഖലയുടെ ഉന്നമനത്തിന് നടപടി</u>**

538 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഖാദി കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിൽ ഒന്നായ വടകര മേഖലയിലെ കൈത്തറി സംഘങ്ങളുടെ ശോച്യാവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇടിഞ്ഞുവീഴാറായ കെട്ടിടങ്ങളും അപകടാവസ്ഥയിലുള്ള മേൽക്കൂരയുമെല്ലാം സാധാരണക്കാരായ സംഘാംഗങ്ങൾക്കും തൊഴിലാളികൾക്കും ഭീഷണി ഉയർത്തുന്ന സാഹചര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) റിബേറ്റും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പലതും മുടങ്ങിയിരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ റിബേറ്റും മറ്റാനുകൂല്യങ്ങളും തൊഴിലാളികളുടെ ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിനും കൈത്തറി മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**<u>കൈത്തറി നെയ്ത്ത് സഹകരണ സംഘം നവീകരണം</u>**

539 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**എ.ഐ. മേഖലയിലെ വികസനം**

540 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഐ. മേഖലയിലെ വികസനത്തിനായി ഇന്ത്യയിലാദ്യമായി ഒരു പ്രത്യേക കാബിനറ്റ്തല എ.ഐ. പോർട്ട്ഫോളിയോ/മന്ത്രാലയം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന ലക്ഷ്യം വിശദമാക്കുമോ;

(ബി) ഫയൽ നീക്കങ്ങൾ വേഗത്തിലാക്കാനും രേഖകൾ ചുരുക്കി തയ്യാറാക്കാനും ഭൂമി ഏറ്റെടുക്കൽ നടപടികൾ ലളിതമാക്കാനും എ.ഐ. സാങ്കേതികവിദ്യ വിവിധ മേഖലകളിൽ പരിചയപ്പെടുത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ശക്തമായ ഡിജിറ്റൽ സാക്ഷരതയും തദ്ദേശീയമായ എ.ഐ. സ്റ്റാർട്ടപ്പുകളും സംസ്ഥാനത്തിന്റെ ഭാവി പുരോഗതിക്ക് നൽകുന്ന സാധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എ.ഐ. സാങ്കേതികവിദ്യ കൂടുതൽ പ്രചാരത്തിലാക്കുന്നതിനായി വിവരസാങ്കേതികവിദ്യാ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവും നിക്ഷേപ ആകർഷണവും**

541 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ. എസ്. യു. എം.) വഴി സംസ്ഥാന സമ്പദ്വ്യവസ്ഥയിലേക്ക് കടന്നുവന്ന ആകെ നിക്ഷേപത്തിന്റെയും വെഞ്ചർ ക്യാപിറ്റൽ ഫണ്ടുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി.സ്റ്റാർട്ടപ്പുകളുടെ എണ്ണവും അവ വഴി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളും എത്രയെന്ന് വിശദമാക്കാമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, സെമികണ്ടക്ടർ തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ കേന്ദ്രീകരിച്ച് പുതിയ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്തെല്ലാം സവിശേഷ നയങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ**

542 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലുൾപ്പെട്ട അച്ചൻകോവിൽ പ്രദേശത്തെ വൈദ്യുതി തടസത്തിനു ശാശ്വത പരിഹാരം കാണാൻ ചെമ്പനരുവി മുതൽ അച്ചൻകോവിൽ വരെ വനമേഖലയിലൂടെ 17 കി.മീ ദൂരം 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനോ തമിഴ്നാട്ടിൽ നിന്നുള്ള ഇന്റർ സ്റ്റേറ്റ് 11 കെ.വി. ലൈൻ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനോ കെ.എസ്.ഇ.ബി. പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പുനലൂർ പേപ്പർ മിൽ സബ് സ്റ്റേഷൻ കെ.എസ്.ഇ.ബി ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

**പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ വിഭജനവും മട്ടാഞ്ചേരിയിലെ വൈദ്യുതീകരണ പദ്ധതികളും**

543 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇടക്കൊച്ചി ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിന് ഒൻപത് വർഷം മുമ്പ് സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവിറക്കിയിരുന്നുവെങ്കിലും നാളിതുവരെ അത് നടപ്പിലായിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം ഉടൻ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

(ബി) മട്ടാഞ്ചേരിയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദീകരിക്കാമോ;

(സി) മട്ടാഞ്ചേരിയിൽ എവിടെയെങ്കിലും പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി**

544 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് നിലവിൽ സബ് സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് എത്ര കെ.വി.യുടേതാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സീതാംഗോളി സെക്ഷൻ ഓഫീസ് നിലവിൽ ശോചനീയാവസ്ഥയിലുള്ള വാടക മുറിയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി.-യുടെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>**

545 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ഉപഭോക്തൃ സേവനങ്ങൾ, പരാതിപരിഹാരം, ഓൺലൈൻ സേവനങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി മുടക്കമില്ലാതെ നൽകുന്നതിനും പുതിയ വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും

കെ.എസ്.ഇ.ബി. സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) വൈദ്യുതി തൂണുകളും ലൈനുകളും അപകടാവസ്ഥയിലുള്ള പ്രദേശങ്ങളിൽ അടിയന്തര അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മുൻസർക്കാരുകളുടെ കാലയളവിലെ വൈദ്യുതി നിയന്ത്രണങ്ങൾ

546 **ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ,പ്രഖ്യാപിത/ അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് ഏർപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എങ്കിൽ, ഏതൊക്കെ കാലയളവുകളിലായിരുന്നുവെന്നും എന്തൊക്കെ കാരണങ്ങളാലാണ് ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഗാർഹിക, വ്യവസായ, കാർഷിക മേഖലകളിൽ ഏർപ്പെടുത്തിയ പ്രതിദിന/പ്രതിമാസ വെട്ടിക്കുറവുകളുടെയും നിയന്ത്രണങ്ങളുടെയും കണക്കുകൾ ലഭ്യമാക്കാമോ?

## മുൻ സർക്കാരുകളുടെ കാലഘട്ടത്തിലെ വൈദ്യുതി നിരക്ക് വർധന

547 **ശ്രീ. കെ. ജയന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള ഭരണകാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര തുകയാണ് വർധിപ്പിച്ചത്; പ്രസ്തുത ഇനത്തിൽ ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വൈദ്യുതി നിരക്ക് വർധനയ്ക്കു പുറമെ, വിവിധ വൈദ്യുതി സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകൾ ഉൾപ്പെടെയുള്ളവയിൽ ഈ കാലയളവിൽ എന്തൊക്കെ വർധനവുകളാണ് വരുത്തിയിട്ടുള്ളത്; ഓരോ ഇനത്തിലും ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>**വൈദ്യുതി നിയന്ത്രണം**</u>

548 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം വിശദമാക്കാമോ;

(ബി) ആകെ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

<u>**വൈദ്യുതി പ്രതിസന്ധി**</u>

549 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള വൈദ്യുതി പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വൈദ്യുതി പ്രതിസന്ധി ശാശ്വതമായി പരിഹരിക്കാൻ സർക്കാർ ആവിഷ്കരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>**ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം**</u>

550 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ; മുപ്പത്തയ്യായിരത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം വൈദ്യുതി ഭവനിലും വകുപ്പിലും ഉള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>എടയൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

551 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും വ്യാവസായിക മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനും സഹായകരമാകുന്ന എടയൂർ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; എടയൂർ 110 കെ.വി സബ്സ്റ്റേഷൻ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വികരിക്കുമോ?

**<u>കുന്ദമംഗലം മണ്ഡലത്തിലെ കുറ്റിക്കാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>**

552 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കോവൂർ, കുന്ദമംഗലം കെ.എസ്.ഇ.ബി. സെക്ഷനുകളിലെ ജനബാഹുല്യവും ഉപഭോക്താക്കളുടെ അമിത വർദ്ധനവും കാരണം വൈദ്യുതി വിതരണത്തിലും പരാതി പരിഹരിക്കുന്നതിലും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യാത്രാ-സേവന പ്രയാസങ്ങൾക്ക് പരിഹാരമായി കുറ്റിക്കാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കുറ്റിക്കാട്ടൂർ പുതിയ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. അധികൃതർ പഠനമോ സർവേയോ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രദേശവാസികളുടെ ദീർഘകാല ആവശ്യമായ കുറ്റിക്കാട്ടൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തത്വത്തിൽ അംഗീകരിച്ച് അടിയന്തരമായി അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ?

<u>**കെ.എസ്.ഇ.ബി.യുടെ വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനവും ഉപകരണങ്ങളുടെ വാറന്റിയും**</u>

553 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; ഇതിൽ നിലവിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം വാഹന ചാർജിംഗ് ഉപകരണങ്ങൾക്ക് വാറന്റി ലഭ്യമാണോ;എങ്കിൽ എത്ര കാലയളവാണ് വാറന്റി നിശ്ചയിച്ചിട്ടുള്ളത്;

(സി) വാറന്റി കാലയളവിനുള്ളിൽ തകരാറിലായ/പ്രവർത്തനം നിലച്ച ചാർജിംഗ് മെഷീനുകൾ വേഗത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി കരാർ കമ്പനികൾക്കെതിരെയും അറ്റകുറ്റപ്പണികൾക്കുമായി കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>കുറ്റ്യാടി വൈദ്യുതി നിലയത്തിന്റെ സുരക്ഷ</u>

554 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി വൈദ്യുത നിലയത്തിലെ ജനറേറ്ററുകൾക്ക് സാങ്കേതിക തകരാറുകളുണ്ടാകാതെ പ്രവർത്തിപ്പിക്കുന്നതിനും അതുവഴി മലബാർ മേഖലയിലെ വൈദ്യുതി വിതരണം തൃപ്തികരമായി നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കനത്ത മഴയും ഉരുൾപൊട്ടലും ഉണ്ടാകുന്ന പക്ഷം മലയോരമേഖലകളിലെ ട്രാൻസ്മിഷൻ ലൈനുകൾ തകരാറാകാതെ കാത്തുസൂക്ഷിക്കുന്നതിനും പവർ ഹൗസുകളിൽ വെള്ളം കയറാതിരിക്കുന്നതിനുമായി സ്വീകരിച്ച സുരക്ഷാ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ?

<u>വൈദ്യുതി വിതരണ പ്രതിസന്ധി</u>

555 **ശ്രീ. ബി. ബി. ഗോപകുമാർ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും പഴയ ട്രാൻസ്ഫോർമറുകളും വൈദ്യുതി ലൈനുകളും നവീകരിക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സൗരോർജ വൈദ്യുതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഗാർഹിക റൂഫ്ടോപ്പ് സോളാർ കണക്ഷനുകൾ വർധിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി അപര്യാപ്തമാകുന്ന സാഹചര്യം സംസ്ഥാനത്ത് എത്രയിടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്,ഇത്തരം പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ, അധിക ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ടോ,

(ഡി) ട്രാൻസ്ഫോർമർ ശേഷിയില്ലെന്ന കാരണത്താൽ സോളാർ കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന ഉപഭോക്താക്കളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ കെ.എസ്.ഇ.ബി-യുടെ കൈവശമുണ്ടോ; വിശദമാക്കാമോ;

(ഇ) സോളാർ കണക്ഷനുള്ള അപേക്ഷകൾ വർധിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക വൈദ്യുതി ശൃംഖലയുടെ ശേഷി മുൻകൂട്ടി വർധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>തിരുവല്ല നിയോജകമണ്ഡലത്തിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കിനു വൈദ്യുതി കണക്ഷൻ</u>

556 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ വൈദ്യുതി കണക്ഷനും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിലേക്ക് വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രത്യേക മുൻഗണന നല്കി വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ നടപടികൾ ത്വരിതപ്പെടുത്താമോ?

## <u>വൈദ്യുതി പ്രതിസന്ധി</u>

557 **ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ നേരിടുന്ന ഗുരുതരമായ വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡാം മാനേജ്മെന്റിൽ കെ. എസ്.ഇ.ബി.യ്ക്ക് പിഴവ് ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം കേന്ദ്രവിഹിതമായി ലഭിച്ച വൈദ്യുതി വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കെഎസ്ഇബി പദ്ധതികൾ</u>**

558 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ കുമ്മിണി പറമ്പിൽ ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ 33 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ധ്യുതി പദ്ധതിയിൽ ഏതൊക്കെ വർക്കുകൾ നടക്കുന്നുണ്ട്;

(ഇ) പ്രസ്തുത മണ്ഡലത്തിൽ ആർ.ഡി.എസ്. സ്കീമിൽ ഏതൊക്കെ വർക്കുകൾ നടക്കുന്നുണ്ട്? വിശദമാക്കാമോ?

**<u>വൈദ്യുതി മേഖലയുടെ സ്വകാര്യവല്ക്കരണം</u>**

559 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. പ്രേമൻ**
**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ ബോംബെ, നാഷണൽ ഓഹരി വിപണികളിൽ ലിസ്റ്റ് ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ പൂർണ്ണമായ സ്വകാര്യവല്ക്കരണത്തിന് വഴിയൊരുക്കുമെന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി വിതരണം പൂർണമായി സ്വകാര്യവല്ക്കരിക്കുന്നതിനായി കേന്ദ്രം മുന്നോട്ട് വെച്ച ഏഴിന കരട് നിർദേശങ്ങൾക്ക് സംസ്ഥാന സർക്കാർ അനുകൂലമായ മറുപടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്താമോ;

(സി) സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്, വൈദ്യുതി ഉൽപ്പാദന-വിതരണ മേഖലകളിലെ വൻകിട സ്വകാര്യ കമ്പനികളെ സഹായിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് അധികമായി അനുവദിക്കുന്ന വായ്പാ പരിധിക്കായി കെ.എസ്.ഇ.ബി.-യുടെ ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് വൈദ്യുതി വിതരണം പൂർണമായി സ്വകാര്യവൽക്കരിക്കാനുള്ള സമ്മതപത്രം നൽകാനും, മുൻ സർക്കാർ ഉപേക്ഷിച്ച സ്വകാര്യവൽക്കരണ മാതൃകയിലുള്ള (ടോട്ടെക്സ്) സ്മാർട്ട് മീറ്റർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനും സർക്കാർ തയ്യാറാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>നെല്ലിക്കുന്ന് ശിവപാർവ്വതി ശിലാക്ഷേത്രത്തിന് വൈദ്യുതി കണക്ഷൻ</u>**

560 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം നെല്ലിക്കുന്ന് ശിവപാർവ്വതി ശിലാക്ഷേത്രത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം എന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ കണക്ഷൻ നൽകുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ വ്യക്തമാക്കാമോ?

**<u>അരുവിക്കര നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ</u>**

561 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഈ സ്ഥലങ്ങളിൽ സ്വന്തമായി കെട്ടിടം സ്ഥാപിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ജനവാസ മേഖലയിലൂടെ കടന്നുപോകുന്ന ത്രീ ഫേസ് എൽടി ലൈൻ</u>**

562 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി കെ.എസ്.ഇ.ബി. സെക്ഷന് കീഴിലുള്ളതും കൊടിഞ്ഞി അൽ അമീൻ നഗറിൽ ഊർപ്പായി റോഡിൽ നിന്നും ആരംഭിക്കുന്നതുമായ ജനവാസ മേഖലയിലൂടെയുള്ള ത്രീ ഫേസ് എൽടി ലൈൻ അപകടരഹിതമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കാമോ;

(ബി) പ്രദേശത്തുകൂടി നടന്നു പോകുന്ന വിദ്യാർത്ഥികൾക്കും മറ്റും മുൻപ് വൈദ്യുതി ഷോക്ക് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്കും കെ.എസ്.ഇ.ബി. ചെയർമാനും എം.എൽ.എ. നൽകിയ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) ഈ അടിയന്തര സാഹചര്യമുള്ള പ്രവർത്തി എന്നേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, വെന്നിയൂർ, എടരിക്കോട് കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിൽ സമാന സ്വഭാവം ഉള്ള മറ്റു പ്രവർത്തികൾ ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി

563 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശരാശരി വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടാണ്;

(ബി) പവർകട്ട് ഏർപ്പെടുത്തിയതിലൂടെ ഓരോ മാസവും ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) 2025 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓരോ മാസത്തെയും ശരാശരി വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടായിരുന്നു;

(ഡി) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള പവർകട്ട് എന്നത്തേക്ക് ഒഴിവാക്കാൻ കഴിയും; വ്യക്തമാക്കാമോ?

## വൈദ്യൂതി മുടക്കം

564 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി മുടക്കം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയദൈർഘ്യം എത്രയെന്ന് വിശദമാക്കാമോ;

(ബി) ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി മുടക്കം തുടരേണ്ടതായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു വരെ എന്ന് വ്യക്തമാക്കാമോ?

**ട്രാൻസ്ഫോർമർ കപ്പാസിറ്റി**

565 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കുറവ് കാരണം ഉപഭോക്താക്കൾക്ക് സോളാർ കണക്ഷൻ എടുക്കുവാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി സെക്ഷനുകളിലുള്ള കപ്പാസിറ്റി കുറവുള്ള ട്രാൻസ്ഫോർമറുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**കണ്ണൂർ ജില്ലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ**

566 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യാൻ നടപടി**

567 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 11 കെ.വി. ലൈനുകൾ പുതിയതായി വിന്യസിച്ച സ്ഥലങ്ങളിൽ പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 11 കെ.വി. ലൈനുകൾ പുതിയതായി വിന്യസിച്ച ഇടങ്ങളിലെ പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഴയ ലൈനുകൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>തിരൂരങ്ങാടി മണ്ഡലത്തിലെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ</u>

568 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി മലപ്പുറം കളക്ടറേറ്റിൽ ജില്ലയിലെ എം.എൽ.എ.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് മന്ത്രിവിളിച്ചു ചേർത്ത യോഗത്തിൽ തിരൂരങ്ങാടി മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ട നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) തിരൂരങ്ങാടി എം.എൽ.എ പ്രസ്തുത യോഗത്തിൽ വൈദ്യുതി വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓരോ വിഷയത്തിലും സ്വീകരിച്ച നടപടികളും ഇവയുടെ ഫയലുകൾ ഇപ്പോൾ ഏത് വകുപ്പിലാണെന്നും ഫയൽ നമ്പറുകളും സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിന്റെ തുടർനടപടികളും മറ്റും ഏത് രൂപത്തിലാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും എം.എൽ.എ നൽകിയ പ്രൊപ്പോസലിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദവിവരങ്ങളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച മറുപടി പ്രസ്തുത എം.എൽ.എ.ക്ക് ഇ-മെയിൽ (pmasameermla@gmail.com)മുഖേനയോ അല്ലാതെയോ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാമോ; വിശദമാക്കാമോ?

**വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം**

569 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകാൻ സാധിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കാമോ;

(ബി) സ്വകാര്യ സംരംഭകർക്ക് ചെറുകിട വൈദ്യുത മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ ഏതെല്ലാം; വിശദമാക്കുമോ?

**ബേപ്പൂരിലെ വോൾട്ടേജ് ക്ഷാമം**

570 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ആർ.ഡി.എസ്.എസ്.ൽ ഉൾപ്പെടുത്തി പുതിയ 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് എന്നും എത്ര മെഗാവാട്ട് ശേഷിയുള്ള സംവിധാനമാണ് ഒരുക്കുന്നതെന്നും വ്യക്തമാക്കാമോ?

**ചെമ്പകടവ് ഫേസ് 3 പദ്ധതി**

571 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ വർഷങ്ങളായി കെ.എസ്.ഇ.ബി. പ്രോജക്ട് വിങ്ങിന്റെ കയ്യിലിരിക്കുന്ന ചെമ്പകടവ് ഫേസ് 3 പദ്ധതി നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബിക്ക് സാധിക്കുമോ; സാധിക്കാത്ത

പക്ഷം സ്വകാര്യ സംരംഭകർക്ക് അവസരം നൽകി സമയബന്ധിതമായി ഏറ്റവും ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ആഭ്യന്തര ഉൽപാദനവും**</u>

572 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയും ആഭ്യന്തര ഉൽപ്പാദനവും വർഷം തിരിച്ച് വിശദമാക്കാമോ;നിലവിൽ എത്ര കമ്പനികളിൽ നിന്നും സർക്കാർ വൈദ്യുതി വാങ്ങുന്നുണ്ട് എന്നും ഓരോ കരാറിലും യൂണിറ്റിന് നൽകുന്ന ശരാശരി നിരക്ക് എത്രയെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് ദിവസത്തിൽ എത്ര തവണയെന്നും എത്ര സമയം വീതമാണെന്നും വ്യക്തമാക്കാമോ; വൈദ്യുതി നിയന്ത്രണം എന്ന് വരെ തുടരുമെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ട സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ട്രാൻസ്ഫോമറുകളുടെ എണ്ണം എത്രയെന്നും അവയിൽ കാലപ്പഴക്കമുള്ളവ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) പുരപ്പുറ സൗരോർജ്ജം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ദിനംപ്രതി എത്ര വൈദ്യുതിയാണ് ലഭിക്കുന്നതെന്ന കണക്ക് ലഭ്യമാക്കാമോ?

<u>**വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**</u>

573 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസുലേഷൻ ഇല്ലാത്ത അലൂമിനിയം കമ്പികൾ മാറ്റി ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിച്ച് കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം നടത്തുന്നത് ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അപകടകരമായതും ഇടയ്ക്കിടെ മരങ്ങൾ വീണ് വൈദ്യുതി വിതരണം തടസ്സപ്പെടാൻ കാരണമാകുന്നതുമായ പഴയ കമ്പികൾ മാറ്റി, ഇൻസുലേറ്റഡ് കേബിളുകൾ വഴി കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിരവധി ഉപഭോക്താക്കൾ വീടുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സന്നദ്ധമായിരിക്കുന്ന ഈ കാലഘട്ടത്തിൽ പല സ്ഥലങ്ങളിലും കെ.എസ്.ഇ .ബി.യുടെ ട്രാൻസ്ഫോർമറിന് കപ്പാസിറ്റി ഇല്ലാത്തതിനാൽ അപേക്ഷകർക്ക് ഫീസിബിലിറ്റി ലഭിക്കാത്ത ഒരു സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള കരട് ചട്ടങ്ങൾ</u>

574 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2027–31 കാലയളവിൽ താരിഫ് പരിഷ്കരിക്കുന്നതിനായി വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കരട് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി-യ്ക്കുള്ള സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്നതിനുള്ള നിർദേശം പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) രാത്രികാലത്ത് വൈദ്യുതിക്ക് കൂടുതൽ നിരക്ക് ഈടാക്കുന്നതിനുള്ള നിർദേശമുണ്ടോ; പീക്ക് സമയത്തെ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള ഈ നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കെ.എസ്.ഇ.ബി.യുടെ 1912 കേന്ദ്രീകൃത കോൾ സെന്റർ**

575 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ 1912 കേന്ദ്രീകൃത കോൾ സെന്ററിൽ ഒരേ സമയം പരമാവധി എത്ര ഇൻകമിംഗ് കോളുകളാണ് സ്വീകരിക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉടനീളം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്ന സമയങ്ങളിൽ കൂടുതൽ കോളുകൾ ഒരേ സമയം എത്തുന്നതോടെ 1912 കോൾ സെന്റർ ലഭ്യത തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾ അടിയന്തര പരാതികൾ ഉൾപ്പെടെ രജിസ്റ്റർ ചെയ്യാൻ ആശ്രയിക്കുന്ന 1912 കോൾ സെന്ററിൽ ഒരേ സമയം കൂടുതൽ ഇൻകമിംഗ് കോളുകൾ സ്വീകരിക്കാൻ സാധിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ഡി) 9496001912 എന്ന നമ്പറിൽ കെ.എസ്.ഇ.ബി.യുടെ ക്ലൗഡ് ടെലിഫോണി സേവനം നിലവിൽ ലഭ്യമാണോ; ഈ നമ്പറിൽ വിളിച്ച് പരാതികൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

**പീക്ക് ലോഡ് മാനേജ്മെന്റ് – വൈദ്യുതി മേഖല**

576 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി ഏത് സമയത്താണ് പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഒരു ട്രാൻസ്ഫോർമറിന് കീഴിൽ പ്രതിദിനം എത്ര സമയമാണ് പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി. നാളിതുവരെ പീക്ക് ലോഡ് മാനേജ്മെന്റിന്റെ ഭാഗമായി പവർ സപ്ലൈ തടസ്സപ്പെട്ടേക്കാം എന്ന എസ്.എം.എസ്. എത്ര എണ്ണം അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) വരാനിരിക്കുന്ന വേനൽക്കാലത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്?

## സംസ്ഥാനത്ത് ആണവ നിലയം

577 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആണവ നിലയം സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥർ ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജനസാന്ദ്രതയേറിയ സംസ്ഥാനത്ത് ആണവ നിലയങ്ങൾ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന സാമൂഹിക-പാരിസ്ഥിതിക ആഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി തടസ്സം സംബന്ധമായ പരാതികളുടെ എണ്ണം

578 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1912 നമ്പറിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉപഭോക്തൃ സേവന കേന്ദ്രം വഴി 2025 ജൂലൈ മുതൽ 2026 സെപ്റ്റംബർ വരെ സംസ്ഥാനത്ത് ആകെ ഓരോ മാസവും രജിസ്റ്റർ ചെയ്ത വൈദ്യുതി തടസ്സം സംബന്ധമായ പരാതികളുടെ എണ്ണം പ്രതിമാസ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിലെ ക്രമക്കേട്

579 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24 മെഗാവാട്ട് ശേഷിയുള്ള ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയിലെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 18 മാസത്തിനകം പൂർത്തിയാക്കണമെന്ന കരാർ വ്യവസ്ഥ നിലനിൽക്കെ കരാറുകാരൻ ചൈനീസ് കമ്പനിയുമായി ഒത്തുകളിച്ച് ക്രമക്കേട് നടത്തിയതുമൂലം പദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യകതമാക്കാമോ;

(സി) പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; പദ്ധതി യാഥാർഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ?

**<u>കെ.എസ്.ഇ.ബി.-യുടെ നഷ്ടം</u>**

580 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തെ കെ.എസ്.ഇ.ബി.യുടെ നഷ്ടം എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ നഷ്ടത്തിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള വരവും ചെലവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; കഴിഞ്ഞ 10 വർഷത്തിനിടെ കെ.എസ്.ഇ.ബി-യ്ക്ക് സഹായമായി സർക്കാർ നൽകിയ തുക എത്രയാണ്; വ്യക്തമാക്കാമോ?

**<u>ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി</u>**

581 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ റൂഫ്ടോപ്പ് സൗരോർജ അപേക്ഷകളും പി.എം. സൂര്യഘർ പദ്ധതി നടത്തിപ്പും</u>**

582 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. സൂര്യഘർ: മുഫ്ത് ബിജ്ലി യോജന പ്രകാരവും കെ.എസ്.ഇ.ബി.-യുടെ സൗരോർജ പദ്ധതികൾ വഴിയും തളിപ്പറമ്പ് മണ്ഡലത്തിൽ ഗാർഹിക ആവശ്യങ്ങൾക്കായി ലഭിച്ച റൂഫ്ടോപ്പ് സൗരോർജ അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അവയിൽ എത്ര അപേക്ഷകൾക്ക് ലൈറ്റ്/സൗരോർജ പാനലുകൾ സ്ഥാപിച്ച് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിദ്യാലയങ്ങൾ, വില്ലേജ് ഓഫീസുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ റൂഫ്ടോപ്പ് സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവയുടെയും നിലവിൽ പെൻഡിങ്ങിലുള്ളവയുടെയും എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) സോളാർ പവർ സിസ്റ്റം പൂർത്തിയാക്കിയ ഉപഭോക്താക്കൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനായി നെറ്റ് മീറ്ററുകൾ സ്ഥാപിക്കുന്നതിൽ കടുത്ത ക്ഷാമവും കാലതാമസവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നെറ്റ് മീറ്ററുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അപേക്ഷകർക്ക് വേഗത്തിൽ ഗ്രിഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി.

കൈക്കൊണ്ട അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>ഊർജസുരക്ഷ ഉറപ്പാക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതികൾ</u>**

583 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പി.എം. സൂര്യഘർ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകളിൽ പുരപ്പുറ സൗരോർജ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്; ഈയിനത്തിൽ കേന്ദ്ര സബ്സിഡിയായി എത്ര തുക ലഭിച്ചു; വിശദമാക്കാമോ;

(ബി) പി.എം. സൂര്യഘർ പദ്ധതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഇനിയും അനുമതി നല്കാൻ അവശേഷിക്കുന്നവയെത്ര; വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) ഇന്ത്യയിലെ കർഷകരുടെ ഊർജസുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക മേഖലയിൽ സൗരോർജം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പി.എം. കുസും പദ്ധതിയിൽ കേരളത്തിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എം. കുസും പദ്ധതിക്കു കീഴിൽ കേന്ദ്രസർക്കാർ 2023–24 കാലഘട്ടത്തിൽ അനുവദിച്ച തുക സംസ്ഥാനം വിനിയോഗിക്കാത്തതിനാൽ കേന്ദ്രസർക്കാർ തിരിച്ചെടുത്തിട്ടുണ്ടോ; ഇതിലേക്ക് നയിച്ച സാഹചര്യം വിശദീകരിക്കാമോ;

(ഇ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപറേഷൻ (ടി.എച്ച്.ഡി.സി.) തയ്യാറാക്കിയ 13 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കേരളം സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ;

(എഫ്) ഈ പദ്ധതിയിൽ ഇനി കരാർ ഒപ്പിടാനുള്ള സാധ്യതയുണ്ടോ; വിശദീകരിക്കാമോ?

**<u>'പഴശ്ശിസാഗർ' ജലവൈദ്യുത പദ്ധതി</u>**

584 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശിസാഗർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എത്ര രൂപ ആവശ്യമായിവരും; വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയും ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളും</u>**

585 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിനും വേനൽക്കാലത്തെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം എത്രയാണെന്നും, പുറമെ നിന്നുള്ള കരാറുകൾ വഴിയും എക്സ്ചേഞ്ചുകൾ വഴിയും എത്ര തുകയുടെ വൈദ്യുതി വാങ്ങേണ്ടി വന്നിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രമുഖ ജലവൈദ്യുത പദ്ധതികളുടെയും സോളാർ, വിൻഡ് തുടങ്ങിയ പുനരുപയോഗ ഊർജ്ജ (Renewable Energy) പദ്ധതികളുടെയും നിലവിലെ പുരോഗതി എന്താണെന്ന് അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ .ഡി.എസ് .എസ് )പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തോത് അടിസ്ഥാനമാക്കിയുള്ള ടോട്ടൽ എക്സ്പെൻഡീച്ചർ (TOTEX) സ്മാർട്ട് മീറ്റർ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും, ഉപഭോക്താക്കൾക്ക്

അധിക സാമ്പത്തിക ഭാരമില്ലാത്ത രീതിയിൽ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ?

**അരുവിക്കര നിയോജക മണ്ഡലത്തിലെ ദ്യുതി പദ്ധതി**

586 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര നിയോജക മണ്ഡലത്തിലെ പട്ടിക വർഗ്ഗ മേഖലകളിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശവും ഫണ്ട് സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ?

**ആലത്തൂർ നിയോജക മണ്ഡലത്തിലെ 33 കെ.വി.സബ്സ്റ്റേഷൻ**

587 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 33 കെ.വി.സബ്സ്റ്റേഷന്റെ ശേഷി 10 എം.വി.എ. യിൽ നിന്നും 15 എം.വി.എ. യിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയും; പദ്ധതി പൂർത്തിയാകുമ്പോൾ മണ്ഡലത്തിലെ വൈദ്യുത മേഖലയിൽ ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. മുഖേന കൂടുതൽ ലൈനുകളും, ഫീഡറുകളും സ്ഥാപിച്ച് കാർഷിക മേഖലയുടെ വികസനം സാധ്യമാക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**സീതാർകുണ്ടിൽ കെ.എസ്.ഇ.ബി. ടവർ**

588 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ടിൽ കെ.എസ്.ഇ.ബി. ടവർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷന്റെ വാഗ്ദാനം</u>**

589 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത്, 2025 ജനുവരിയിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ തെഹ്‌രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ കുറഞ്ഞ നിരക്കിൽ 184.08 മെഗാവാട്ട് വൈദ്യുതി നൽകുന്നതിനുള്ള ദീർഘകാല കരാർ വാഗ്ദാനവുമായി സംസ്ഥാനത്തെ സമീപിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കരാറിൽ സംസ്ഥാനം താൽപര്യം കാണിക്കാതിരുന്നതിനെ തുടർന്ന് ടി.എച്ച്.ഡി.സി. മറ്റു സംസ്ഥാനങ്ങളെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കരാർ നിരസിച്ച മുൻ സർക്കാരിന്റെ നടപടി സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി രൂക്ഷമാകുന്നതിന് കാരണമായോ; വിശദമാക്കുമോ?

**<u>വേനൽക്കാല ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>**

590 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷം പ്രതീക്ഷിക്കുന്ന പ്രതിദിന അറ്റ ഊർജ്ജ ആവശ്യകത (പീക്ക് ഡിമാൻഡ് ) എത്ര മെഗാവാട്ടാണെന്നും ഇത്

മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണെന്നും വ്യക്തമാക്കാമോ;

(ബി) വേനൽക്കാലത്തെ കടുത്ത പ്രതിസന്ധി പരിഹരിക്കാൻ കെ.എസ്.ഇ.ബി പുറത്തുനിന്ന് ഉയർന്ന തുകയ്ക്ക് വൈദ്യുതി പവർ പർച്ചേസ് കരാർ പ്രകാരം വാങ്ങുന്നുണ്ടോ; എങ്കിൽ ഇതിനായി പ്രതിദിനം ചെലവഴിക്കുന്ന തുക എത്രയാണ്;

(സി) മുൻകാലങ്ങളിൽ റദ്ദാക്കിയ ദീർഘകാല വൈദ്യുതി കരാറുകൾക്ക് (Unapproved PPAs) പകരമായി കുറഞ്ഞ നിരക്കിൽ പുതിയ ദീർഘകാല കരാറുകളിൽ ഏർപ്പെടാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിന്നും സർക്കാരിൽ നിന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## സമഗ്രവും ആധുനികവുമായ വൈദ്യുതി നയം

591 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രവും ആധുനികവുമായ വൈദ്യുതി നയം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ ആസൂത്രണമില്ലായ്മയും കെടുകാര്യസ്ഥതയും മൂലം സംസ്ഥാനം നിലവിൽ വൈദ്യുതി പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധിയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(സി) കുറഞ്ഞ നിരക്കിന് വൈദ്യുതി ലഭ്യമായിരുന്ന ദീർഘകാല വൈദ്യുത കരാറുകൾ മുൻ സർക്കാർ നിർത്തലാക്കിയത് സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ; പ്രസ്തുത കരാർ പുനഃസ്ഥാപിക്കുവാൻ ഇനി സാധ്യമാണോ;

(ഡി) കുറഞ്ഞ നിരക്കിൽ കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെടുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി**</u>

592 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി.യുടെ ചങ്ങനാശ്ശേരി ഡിവിഷനിൽ നിലവിലുള്ള 66 കെ.വി.സബ്സ്റ്റേഷന്റെ ശേഷി, വർദ്ധിച്ചുവരുന്ന ഉപഭോഗത്തിന് അപര്യാപ്തമാണെന്നതും എം.സി. റോഡിന്റെ ഇരുവശങ്ങളിലുമുള്ള വ്യാപാര സ്ഥാപനങ്ങൾ, കോളേജുകൾ, പുതിയ മാളുകൾ, എയർകണ്ടീഷണറുകളുടെയും സോളാർ പ്ലാന്റുകളുടെയും വർദ്ധിച്ച ഉപയോഗം എന്നിവ കാരണം വോൾട്ടേജ് ക്ഷാമവും വൈദ്യുതി വാഹക ശേഷിയുടെ കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുറിച്ചിയിൽ പുതിയ സബ്സ്റ്റേഷനായി ഒരേക്കർ ഭൂമി കെ.എസ്.ഇ.ബി. കണ്ടെത്തി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ ഭരണപരമായ തടസ്സങ്ങൾ നീക്കി അനുമതി നൽകുന്നതിനും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പുതിയ കണക്ഷൻ നൽകുന്നതിലെ തടസ്സങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ചെത്തിപ്പുഴയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും കിടങ്ങറയ്ക്ക് സമീപം മുട്ടാറിലെ 33 കെ.വി. സബ്സ്റ്റേഷന്റെ പണികൾ പൂർത്തീകരിക്കുന്നതിനും എ.സി. റോഡ്, പൂവ്വം, പറാൽ, വെട്ടിത്തുരുത്ത് തുടങ്ങിയ പടിഞ്ഞാറൻ മേഖലകളിലെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. ജീവനക്കാരുടെ പ്രവർത്തനം കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഡിവിഷനുകളിലേക്ക് സ്കൈലിഫ്റ്റ് അടിയന്തരമായി

അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

(ഇ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പഴക്കം ചെന്ന പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുന്നതിനും ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി തീർക്കുന്നതിനും നടപ്പു വർഷം എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് കണക്കുകൾ സഹിതം മറുപടി നൽകാമോ?

**കെ.എസ്.ഇ.ബി. അഴിയൂർ സെക്ഷനു പ്രത്യേക ഫീഡർ ലൈൻ**

593 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിയൂർ വൈദ്യുത സെക്ഷനു കീഴിൽ വൈദ്യുതി മുടക്കവും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി അഴിയൂർ സെക്ഷന് വേണ്ടി ഒരു പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ നൽകിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) 84 ട്രാൻസ്ഫോർമറുകളും 14,000-ലധികം കണക്ഷനുകളും ഒന്നര കോടിയോളം രൂപ വരുമാനവുമുള്ള അഴിയൂർ സെക്ഷനിലെ വോൾട്ടേജ്, പവർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അഴിയൂർ സെക്ഷനു വേണ്ടി ഒരു പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉടുപ്പി- കാസർഗോഡ് 400 കെ. വി. ലൈൻ**

594 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ഇനി എന്തൊക്കെ പ്രവർത്തികളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) കരിന്തളത്ത് സ്ഥാപിച്ച 400 കെ. വി. സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണ വികസന പദ്ധതികൾ**</u>

595 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ വികസനത്തിനായി ഏതൊക്കെ പ്രധാന പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(സി) ഇനിയും അംഗീകാരം നൽകാൻ ബാക്കിയുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

<u>**തളിപ്പറമ്പ് മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ ശേഷിവർദ്ധനവും നെറ്റ്‌വർക്ക് ആധുനികവൽക്കരണവും**</u>

596 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും അടിക്കടിയുണ്ടാകുന്ന വൈദ്യുതിതടസ്സങ്ങളും പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി നടപ്പിലാക്കിവരുന്ന സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിക്കുന്ന പദ്ധതികളും നെറ്റ്‌വർക്ക് ആധുനികവൽക്കരണ പദ്ധതികളും ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) തളിപ്പറമ്പ് 110 കെ.വി സബ്സ്റ്റേഷൻ ഉൾപ്പെടെയുള്ള പ്രമുഖ സബ്സ്റ്റേഷനുകളുടെ നിലവിലെ ട്രാൻസ്ഫോർമർ ശേഷിയെത്ര; വർദ്ധിച്ചുവരുന്ന ലോഡ് അനുസരിച്ച് ഇവയുടെ ശേഷി ഉയർത്തുന്നതിനു (Capacity Enhancement) നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ചപ്പാരപ്പടവ്, കുറുമാത്തൂർ, പരിയാരം, കടന്നപ്പള്ളി-പാണപ്പുഴ, ആലക്കോട് ഉടുങ്ങിയ വിസ്തൃതമായ ഗ്രാമീണ/ മലയോര മേഖലകളിൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ ലോഡ് ബാലൻസിങ്ങിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ലൈൻ നിർമ്മാണത്തിനുമായി അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) വോൾട്ടേജ് ഡ്രോപ്പ് നേരിടുന്ന പ്രദേശങ്ങളിൽ 11കെ.വി ലൈനുകളുടെ ദൂരം കുറയ്ക്കുന്നതിനായി പുതിയ 33കെ.വി /11കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനോ നിലവിലുള്ള എച്ച്.ടി/എൽ.ടി ലൈനുകൾ എ.ബി. കേബിളുകളാക്കി മാറ്റുന്നതിനോ കെ.എസ്.ഇ.ബി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം</u>

597 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്യുതിപദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിൽ നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ വൈദ്യുത പ്രസരണത്തിന് എ.ബി. കേബിളുകൾ എത്ര ദൂരത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടെന്നും അതിൽ എത്ര ദൂരം സ്ഥാപിതമായിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കാമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ യു.ജി. കേബിളുകൾ എത്ര ദൂരത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടെന്നും അതിൽ എത്ര ദൂരം സ്ഥാപിതമായിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കാമോ;

(ഡി) ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എ.ബി.സി, യു.ജി. കേബിളുകൾ സ്ഥാപിക്കുന്നത് പൂർത്തിയായി കഴിഞ്ഞാൽ വൈദ്യുത പ്രസരണത്തിന് ഉപയോഗിക്കുന്ന ലോഹ കമ്പികൾ എത്ര ദൂരം ബാക്കിയുണ്ടാകുമെന്ന് അറിയിക്കാമോ;

(ഇ) തിരൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാം ആണെന്നും അത്തരം പ്രദേശങ്ങളിൽ

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

**തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ സബ്സ്റ്റേഷനുകൾ**

598 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വെന്നിയൂർ സബ് സ്റ്റേഷൻ 110 കെ.വി ആയും പിന്നീട് 220 കെ.വി ആയും ഉയർത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി; വിശദമാക്കാമോ;

(ബി) വെന്നിയൂർ, പരപ്പനങ്ങാടി, എടരിക്കോട്, കൂരിയാട് സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നും പ്രസ്തുത പ്രവർത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**വൈദ്യുതി വിതരണ ശൃംഖല, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

599 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ ഉപഭോക്താക്കൾക്ക് സോളാർ വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സോളാർ കണക്ഷനുകൾ വർധിക്കുന്നതിനനുസരിച്ച് ശേഷി കുറവുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനായി ജില്ലാതലത്തിലോ മേഖലാതലത്തിലോ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) സോളാർ കണക്ഷനുകൾക്കായി അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക് ട്രാൻസ്ഫോർമർ കപ്പാസിറ്റി പരിമിതി മൂലം കാത്തിരിക്കേണ്ട സാഹചര്യം

നിലവിലുണ്ടോ; വ്യക്തമാക്കുമോ?

**<u>കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി</u>**

600 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാറിലൂടെ പ്രതിദിനം ഉല്പാദിപ്പിക്കുന്ന ശരാശരി വൈദ്യുതിയുടെ അളവെത്ര; അതിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവെത്ര; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പകൽ സമയം സോളാറിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ രാത്രികാലത്തേക്ക് ഉപയോഗിക്കുന്നതിനായി സംഭരിക്കുന്ന വൈദ്യുതിയുടെ അളവെത്ര, പകൽ സമയം സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്ന് അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന വൈദ്യുതിയുടെ അളവെത്ര; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പകൽ സമയം സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംഭരിക്കുന്നതിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

**<u>നെറ്റ് മീറ്ററുകളുടെ ലഭ്യത</u>**

601 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സൗരോർജ വൈദ്യുതി പദ്ധതി നടപ്പിലാക്കിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ തിരിച്ച് വ്യക്തമാക്കാമോ;

(ബി) സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. നൽകേണ്ടതായിട്ടുള്ള നെറ്റ് മീറ്ററുകളുടെ ലഭ്യതക്കുറവ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ വേഗത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>പട്ടികവർഗ്ഗ ഉന്നതികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ</u>**

602 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പറമ്പിക്കുളം മേഖലയിലുള്ള പൂപ്പാറ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ തേക്കടി അല്ലിമൂപ്പൻ, മുപ്പത് ഏക്കർ, ഒറവമ്പാടി, കുരിയാർകുറ്റി, കച്ചിത്തോട് എന്നീ ഉന്നതികളിൽ 2016-ൽ സ്ഥാപിച്ച ഓഫ്-ഗ്രിഡ് സോളാർ പ്ലാന്റുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ആവശ്യമായ സോളാർ വൈദ്യുതി എത്തിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായി ഫണ്ട് ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) പൂപ്പാറ ഉന്നതിയിലെ 56 കുടുംബങ്ങൾക്ക് ഉൾപ്പെടെ നിലവിലുള്ള സോളാർ സംവിധാനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഇ) പൂപ്പാറ ഉന്നതിയിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനായി തമിഴ്നാട്ടിലെ ഷേക്കൽമുടി മുതൽ പൂപ്പാറ വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സ്കൂൾ കോമ്പൗണ്ടിലെ അപകടാവസ്ഥയിലുള്ള വൈദ്യുതി ലൈനുകൾ</u>**

603 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ കോമ്പൗണ്ടിനുള്ളിലൂടെ കടന്നു പോകുന്ന അപകടാവസ്ഥയിലുള്ള വൈദ്യുതി ലൈനുകൾ യു.ജി. കേബിളാക്കി മാറ്റുന്നത്

പരിഗണനയിലുണ്ടോ; വിദ്യാർത്ഥികളുടെ സുരക്ഷ പരിഗണിച്ച് ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

**തിരുവല്ല നിയോജകമണ്ഡലത്തിൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി**

604 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ട്രാൻസ്മിഷൻ ഡിവിഷനു കീഴിൽ തിരുവല്ല നിയോജകമണ്ഡലത്തിലുൾപ്പെട്ട തിരുമൂലപുരം, തോട്ടഭാഗം എന്നീ സ്ഥലങ്ങളിൽ പുതുതായി കെ.എസ്.ഇ.ബി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ സ്ഥലലഭ്യത, സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക, വിഭാവനം ചെയ്തിരിക്കുന്ന സബ്സ്റ്റേഷന്റെ ശേഷി, പ്രതീക്ഷിക്കുന്ന അടങ്കൽ തുക, പദ്ധതി സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

(ബി) തിരുവല്ല നിയോജകമണ്ഡലത്തിലെ വിവിധ സബ്സ്റ്റേഷനുകൾക്ക് പുറമേ റാന്നി, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മണ്ഡലങ്ങളിലെ വിവിധ സബ്സ്റ്റേഷനുകൾക്ക് കൂടി തടസരഹിത വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി തിരുവല്ല മണ്ഡലത്തിലെ ആനിക്കാട് പ്രദേശത്തു കൂടി കടന്നുപോകുന്ന 220 കെ.വി ട്രാൻസ്മിഷൻ ലൈൻ പ്രയോജനപ്പെടുത്തി ആനിക്കാട് പ്രദേശത്ത് പുതിയ 220 കെ വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിക്കാമോ; വിശദമാക്കാമോ?

**കുട്ടനാട് 66 കെ.വി സബ്സ്റ്റേഷനെ 110 കെ.വിയായി ഉയർത്തുന്നതിനുള്ള നടപടി**

605 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് 66 കെ.വി സബ്സ്റ്റേഷനെ 110 കെ.വി സബ്സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഈ പ്രവൃത്തി ഏത് സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) നിലവിൽ പള്ളം സബ്സ്റ്റേഷനിൽ നിന്നുള്ള ഒരു സിംഗിൾ സർക്യൂട്ട് 66 കെ.വി ലൈനിനെ മാത്രം ആശ്രയിക്കുന്ന കുട്ടനാട് സബ്സ്റ്റേഷനെ 110 കെ. വി നിലവാരത്തിലേക്ക് ഉയർത്താൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി</u>**

606 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

(ബി) നിർമ്മാണനടപടികൾ വേഗത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

**<u>കടമ്പഴിപ്പുറം സബ് സ്റ്റേഷൻ</u>**

607 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപ്പുറം സബ് സ്റ്റേഷൻ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ഇരിണാവിൽ 110 കെ.വി. സബ്സ്റ്റേഷൻ</u>**

608 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, കല്ല്യാശ്ശേരി പഞ്ചായത്തുകളിലെ ജനങ്ങൾ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) മേല്പറഞ്ഞ പഞ്ചായത്തുകളിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഇരിണാവിൽ 110 കെ.വി.

സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള ഹൈഡൽ ടൂറിസം സെന്റർ**

609 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിങ് ഡയറക്ടറെ സഹായിക്കുന്നതിന് വേണ്ടി രണ്ട് പേരെ മുൻ സർക്കാരിന്റെ കാലത്ത് കേരള ഹൈഡൽ ടൂറിസം സെന്റർ നിയമിച്ചിരുന്നോ;എങ്കിൽ ഇവർക്ക് നിശ്ചയിച്ച പ്രതിമാസ വേതനം എത്ര രൂപ വീതമായിരുന്നുവെന്നും ഇതുവരെ എത്ര രൂപ പ്രസ്തുതയിനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത നിയമനത്തിന്റെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള ഹൈഡൽ ടൂറിസം സെന്റർ മുൻ സർക്കാരിന്റെ കാലത്ത് നിയമിച്ച ടെക്നോളജി പാർട്ട്നർ എന്ന സ്ഥാപനത്തിന് എത്ര രൂപ ഇതുവരെ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഏജൻസിയെ നിയമിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സി.എം.ഡി.എന്ന സ്ഥാപനം മുഖേന എത്ര താൽക്കാലിക കരാർ ജീവനക്കാരെയാണ് കേരള ഹൈഡൽ ടൂറിസം സെന്റർ മുൻ സർക്കാരിന്റെ കാലത്ത് നിയമിച്ചിരുന്നത്; ഇത് സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരള ഹൈഡൽ ടൂറിസം സെന്റർ സ്പോൺസർഷിപ്പ്, പരസ്യം എന്നീ ഇനങ്ങളിൽ മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) കേരള ഹൈഡൽ ടൂറിസം സെന്റർ മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ടെൻഡറുകളുടെ ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഇ -ടെൻഡർ പോർട്ടലിൽ നിന്നുള്ള സമ്മറി റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

**കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിലെ പ്രശ്നങ്ങൾ**

610 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പൊന്മുടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>ടെക്നോപാർക്കിലെ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി</u>**

611 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപിതമായി 30 വർഷത്തിലേറെയായ കഴക്കൂട്ടത്തെ ടെക്നോപാർക്കിൽ അക്കാലത്ത് തന്നെ സ്ഥാപിച്ച 11 കെ.വി. വൈദ്യുതി സബ്സ്റ്റേഷനാണ് ഇപ്പോഴും നിലവിലുള്ളതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവിടെ 30 വർഷത്തിലേറെയായി ഉപയോഗത്തിലിരിക്കുന്ന ഭൂഗർഭ കേബിളുകളുടെ തകരാർ മൂലം ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ടെക്നോപാർക്കിൽ പുതുതായി ആരംഭിക്കുന്ന കമ്പനികൾക്ക് 11 കെ.വി. ലൈനിൽനിന്ന് നേരിട്ട് വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്തതിനാൽ അവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ടെക്നോപാർക്കിലേക്ക് 22 കെ.വി. ലൈൻ മുഖേന വൈദ്യുതി ലഭ്യമാക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടി</u>**

612 **ശ്രീമതി ഫാത്തിമ തഹ്‌ലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധിയെ തുടർന്ന് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ലോഡ് ഷെഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി ഉപഭോഗം വർധിക്കുന്ന സാഹചര്യത്തിൽ ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിനായി സർക്കാർ/കെ.എസ്.ഇ.ബി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>വയനാട് സോളാർ ഫെൻസിങ്ങുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം</u>

613 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സോളാർ ഫെൻസിങ്ങുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തെ തുടർന്ന് അനെർട്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(ബി) ഇക്കാര്യത്തിൽ ഏത് ചട്ടപ്രകാരമാണ് അനെർട്ട് മേധാവി അച്ചടക്കനടപടി ആരംഭിച്ചതെന്ന് വിശദമാക്കാമോ;

(സി) അച്ചടക്കനടപടി പൂർത്തിയാകുന്നതിന് മുമ്പ് അനെർട്ട് മേധാവി കുറ്റാരോപിതനായ ഉദ്യോഗസ്ഥന് നിലവിൽ വഹിച്ചിരുന്ന തസ്തികയിൽനിന്ന് റീ-സ്ട്രക്ച്ചറിംഗ്/ റീ-ഡെസിഗ്നേഷൻ/ റീ-പ്ലേസ്മെന്റ്/ റീ-അലോക്കേഷൻ എന്നിവയിലൂടെ ഉയർന്ന പദവിയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് അച്ചടക്കനടപടി തുടരേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ, ഏത് തസ്തികയിൽനിന്നാണ് ഏത് തസ്തികയിലേക്കാണ് സ്ഥാനക്കയറ്റം നൽകിയതെന്ന്, പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിലുകൾ സഹിതം വ്യക്തമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ അനെർട്ട് മേധാവിയുടെ നടപടി നിയമാനുസൃതമാണോ; അല്ലെങ്കിൽ, ക്രമവിരുദ്ധമായി നൽകിയ സ്ഥാനക്കയറ്റം പിൻവലിച്ച്

അച്ചടക്കനടപടി പുനരാരംഭിക്കാൻ സർക്കാർ തയ്യാറാണോ; വ്യക്തമാക്കാമോ?

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇ.എസ്.എ. കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട വില്ലേജുകൾ**

614 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 11 വില്ലേജുകളിൽ 6 വില്ലേജുകളും നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട 6 വില്ലേജുകളിലെ ജനവാസ മേഖലകളെ പൂർണ്ണമായും അന്തിമ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുവാനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ**

615 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതിലോല പ്രദേശം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടം മേഖലകൾ എന്നിവ ഇ.എസ്.എ. (ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ) പരിധിയിൽ ഉൾപ്പെടുന്നതു മൂലം പ്രദേശവാസികൾക്ക് ഉണ്ടാകാവുന്ന നിയന്ത്രണങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പത്തനാപുരം നിയോജകമണ്ഡലത്തിലെ പത്തനാപുരം, പിറവന്തൂർ വില്ലേജുകൾ പോലെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജനവാസ

മേഖലകൾ ഇ.എസ്.എ. പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**പരിസ്ഥിതി ലോലമേഖലയിൽ നിന്നും ജനവാസ മേഖല ഒഴിവാക്കാൻ നടപടി**

616 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വനമേഖലയോട് ചേർന്ന് കിടക്കുന്ന ഏകദേശം 64 -ഓളം നിയോജക മണ്ഡലങ്ങളിലെ ജനവാസമേഖലകളെക്കൂടി പരിസ്ഥിതിലോല പ്രദേശമായി വിജ്ഞാപനം ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ പരിസ്ഥിതിലോല മേഖല ഏതൊക്കെ വില്ലേജുകളെ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാർ വരുത്തിയതായി പറയപ്പെടുന്ന തെറ്റുകൾ തിരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ഇ.എസ്.എ പരിധി**

617 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വാഴിച്ചൽ, കള്ളിക്കാട്, അമ്പൂരി വില്ലേജുകളിലെ ജനവാസ-കാർഷിക മേഖലകൾ പരിസ്ഥിതി സംവേദക പ്രദേശത്തിന്റെ (ഇ.എസ്.എ) പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളുടെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജനവാസ മേഖലകളും കൃഷിഭൂമികളും ശാസ്ത്രീയ പരിശോധനയും സ്ഥലപരിശോധനയും വിധേയമാക്കി പരിസ്ഥിതി ഇ.എസ്.എ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ഇ.എസ്.എ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതുമൂലം പ്രദേശത്തെ ജനങ്ങളുടെ താമസം, കൃഷി, ജീവനോപാധി, സ്വത്ത് എന്നിവയ്ക്ക് ഉണ്ടാകാവുന്ന

പ്രയാസങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വാഴിച്ചൽ, കള്ളിക്കാട്, അമ്പൂരി വില്ലേജുകളിലെ ജനവാസ-കാർഷിക മേഖലകളെ ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിർദേശങ്ങളോ നിവേദനങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളെ ഒഴിവാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഇ.എസ്.എ. കരട് വിജ്ഞാപനം</u>

618 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച ഇ.എസ്.എ. കരട് വിജ്ഞാപനത്തിൽ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി, പരിയാരം വില്ലേജുകളിലെ ജനവാസ മേഖലകളും കൃഷിഭൂമിയും ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനഭൂമിയില്ലാത്തതും പൂർണമായും ജനവാസ മേഖലകളും കൃഷിഭൂമിയും മാത്രമുള്ളതുമായ പരിയാരം വില്ലേജിനെയും അതിരപ്പിള്ളി വില്ലേജിലെ ജനവാസ മേഖലകളെയും ഇ.എസ്.എ. പട്ടികയിൽനിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാപ്പിൽനിന്ന് പരിയാരം വില്ലേജിനെയും അതിരപ്പിള്ളി വില്ലേജിലെ ജനവാസ മേഖലകളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസിദ്ധീകരിച്ചിട്ടുള്ള മാപ്പിൽ പരിയാരം വില്ലേജിന്റെയും അതിരപ്പിള്ളി വില്ലേജിന്റെയും വിസ്തൃതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>എൽനിനോ പ്രതിഭാസം</u>

619 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽനിനോ പ്രതിഭാസത്തിന്റെ ഫലമായി സംസ്ഥാനത്ത് അനുഭവപ്പെടുന്ന താപവർധനവ്, മഴക്കുറവ്, കടൽക്ഷോഭം, കുടിവെള്ളക്ഷാമം എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) കൃഷി, മത്സ്യബന്ധനം, വനം-വന്യജീവി മേഖലകൾ നേരിടുന്ന/ നേരിടാൻ പോകുന്ന പ്രത്യാഘാതങ്ങൾ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ പ്രത്യാഘാതങ്ങൾ നേരിടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>**പശ്ചിമഘട്ട പരിസ്ഥിതിലോലമേഖല കരട് വിജ്ഞാപനം**</u>

620 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ കേന്ദ്രങ്ങൾ പശ്ചിമഘട്ട പരിസ്ഥിതിലോലമേഖല കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പൂർണ്ണമായും ജനവാസ കേന്ദ്രമായ പാട്യം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചെറുവാഞ്ചേരി പ്രദേശം ഈ പട്ടികയിൽ ഉൾപ്പെട്ടത് ജനങ്ങളിലാകെ ആശങ്ക ഉയർത്തിയ കാര്യം പരിശോധിക്കുമോ;

(സി) ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഈ വിജ്ഞാപനത്തിൽ നിന്ന് ചെറുവാഞ്ചേരി വില്ലേജിനെ ഒഴിവാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>**ഇ.എസ്.എ. വിജ്ഞാപനത്തിലെ ആശങ്കകൾ**</u>

621 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖലാ നിയമങ്ങളുടെ പേരിൽ കർഷകരുടെ ഭൂമി നിർബന്ധിതമായി ഏറ്റെടുക്കുകയില്ലെന്നും ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായാൽ മതിയായ നഷ്ടപരിഹാരം നൽകി മാത്രമേ ഏറ്റെടുക്കുകയുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പരമാവധി പ്രദേശങ്ങളെ ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വിശദമാക്കുമോ;

(സി) ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും തോട്ടം മേഖലയെയും ഇ.എസ്.എ. പരിധിയിൽനിന്ന് പൂർണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഇ.എസ്.എ. കരട് വിജ്ഞാപനം</u>**

622 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂലൈ 27-ന് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പശ്ചിമഘട്ട ഇ.എസ്.എ.(ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ) കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനവാസ മേഖലകൾക്കും കൃഷിയിടങ്ങൾക്കും അനാവശ്യ നിയന്ത്രണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുമായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം കേരളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശത്തിന്റെ വിസ്തീർണ്ണം എത്രയാണ്; പുതിയ കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) കേരളത്തിലെ ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണം എത്രയാണ്; ഇ.എസ്.എ. പരിധിയിൽ ഉൾപ്പെട്ട ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ജൈവവൈവിധ്യ പൈതൃക കേന്ദ്രം

623 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ഉടമസ്ഥതയിലുള്ള പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി സംരക്ഷിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉടമസ്ഥാവകാശം പൂർണമായി ഉടമകളിൽ നിലനിർത്തിയാണോ പദ്ധതി നടപ്പാക്കുക, മറ്റെന്തെല്ലാം മാനദണ്ഡങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നിവ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) രാജ്യത്ത് ആദ്യമായാണോ ഒരു സംസ്ഥാനം ഇത്തരത്തിൽ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം പരിസ്ഥിതി സംരക്ഷണം മാത്രമാണോ എന്ന് വിശദമാക്കുമോ?

## പശ്ചിമഘട്ട പരിസ്ഥിതിലോല മേഖല

624 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിന് സംസ്ഥാന സർക്കാർ നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പരിസ്ഥിതിലോല മേഖല (ഇ.എസ്.എ.) വനഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇ.എസ്.എ.യ്ക്കുള്ളിൽ ജനവാസമേഖല ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുമോ; ഇത് ഒഴിവാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ;

(സി) 2026-ലെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 131 വില്ലേജുകളുടെ ആകെ വിസ്തീർണ്ണം എത്രയാണ്; പ്രസ്തുത വില്ലേജുകളിൽ ഉൾപ്പെടുന്ന മൊത്തം വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

(ഡി) സംസ്ഥാന സർക്കാർ നൽകിയ ഏഴാമത്തെ കരട് വിജ്ഞാപനത്തിന് നൽകിയ മറുപടിയിൽ ഉൾപ്പെടുന്ന, ഇ.എസ്.എ.-കളുടെ പരിധിയിൽ വരുന്ന ആകെ വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

(ഇ) കാർഡമം ഹിൽ റിസർവിന്റെ (സി.എച്ച്.ആർ.) പദവി സംബന്ധിച്ച നിലപാട് എന്താണ്; സി.എച്ച്.ആർ. മേഖലയിൽ വനഭൂമി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും</u>

625 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം മൂലം കേരളത്തിൽ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളെ കുറിച്ച് മുൻകൂട്ടി അറിയാൻ സംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ക്ലൈമറ്റ് ചെയ്ഞ്ച് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പെട്ടെന്നുണ്ടാകുന്ന അതിതീവ്ര മഴ മൂലമുള്ള വെള്ളപ്പൊക്കം ഒഴിവാക്കുന്നതിന് എന്തൊക്കെ പാരിസ്ഥിതിക ഇടപെടൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണലും എക്കലും മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>സി .ആർ .ഇസഡ്- ൽ വരുന്ന അപേക്ഷകൾ</u>

626 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി സി.ആർ.ഇസഡ്-ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) സി.ആർ.ഇസഡ് സംബന്ധിച്ച ഫയൽ തീർപ്പാക്കൽ പ്രക്രിയ ലളിതമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ താനൂർ നഗരസഭ,നിറമരുതൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2020 ജനുവരി മുതൽ 2026 ഒക്ടോബർ 1 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ പരിഹരിച്ചതും പരിഹരിക്കാത്തതുമായ അപേക്ഷകൾ ഏതെല്ലാമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

<u>**കോസ്റ്റൽ റെഗുലേഷൻ സോൺ- ലെ നിർമ്മാണ പ്രവർത്തനങ്ങൾ**</u>

627 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) കെട്ടിടങ്ങൾ, Sluice കൾ തുടങ്ങിയ നിർമ്മിതികൾ നിലവിലുണ്ടായിരുന്ന ജനവാസ മേഖലകളെ കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) മാപ്പിൽ എപ്രകാരമാണ് രേഖപ്പെടുത്തുന്നത്; ഇത്തരം പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) എറണാകുളം മണ്ഡലത്തിലെ ചേരാനെല്ലൂർ പഞ്ചായത്തിലെ Sluice കൾ തുടങ്ങിയ നിർമ്മിതികൾ നിലവിലുണ്ടായിരുന്ന ജനവാസ മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മേഖലകളിലെ ജനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

## എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നത്

628 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശിക്ഷാനടപടികളിലെ പോരായ്മകൾ, ലഹരിപദാർത്ഥങ്ങളുടെ മാറുന്ന സ്വഭാവം, അധികാരവികേന്ദ്രീകരണം തുടങ്ങിയ പോരായ്മങ്ങൾ ഉള്ള നിലവിലെ എക്സൈസ് നിയമം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ചിറയിൻകീഴ് എക്സൈസ് സ്റ്റേഷൻ നിർമ്മാണം

629 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് എക്സൈസ് സ്റ്റേഷന്റെ നിലവിലെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ എക്സൈസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും അതോടൊപ്പം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കുമോ?

## ലഹരി വസ്തുക്കളുടെ വിവരങ്ങൾ

630 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം എക്സൈസ് വകുപ്പിൻെറ നേതൃത്വത്തിൽ കണ്ടെത്തിയ നിയമവിരുദ്ധമായി ഉല്പാദിപ്പിച്ചതും സൂക്ഷിച്ചതുമായ ലഹരിപദാർത്ഥങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലഹരി പദാർത്ഥങ്ങൾ കേരളത്തിൽ എവിടെ നിന്നെല്ലാമാണ് പിടിച്ചെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) അത്യന്തം കുറ്റകരമായ ലഹരി ഉല്പാദനവും വിതരണവും നടത്തിയ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണമെത്രയെന്ന്

അറിയിക്കുമോ; അറസ്റ്റ് ചെയ്തവർ ഏത് ജയിലിലാണെന്ന് അറിയിക്കുമോ?

**ലഹരി പദാർത്ഥങ്ങൾ കണ്ടെത്തിയതിന്മേലുള്ള നടപടികൾ**

631 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളിയിൽ വെച്ച് ഒരു ലോറി നിറയെ ലഹരി പദാർത്ഥങ്ങളുമായി പിടികൂടിയ ശേഷം കുറ്റവാളികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ ഏത് കോടതിയിലാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

(സി) കുറ്റവാളികളെ രക്ഷപ്പെടുത്താൻ പോലീസും എക്സൈസും ഒത്തുകളിച്ചതായുള്ള ആക്ഷേപം പൊതുജനമധ്യത്തിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസ് ചട്ടപ്രകാരം പുനരന്വേഷിക്കുമോ എന്നും കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കുറ്റകൃത്യത്തിന് രാഷ്ട്രീയമായ സംരക്ഷണം നൽകിയത് ആലപ്പുഴ ജില്ലയിലെ ഒരു ജനപ്രതിനിധിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ജനപ്രതിനിധി ഇപ്പോഴും തൽസ്ഥാനത്ത് തുടരുന്നുണ്ടോ; എങ്കിൽ, തിരഞ്ഞെടുപ്പ് ചട്ടപ്രകാരം ടി ജനപ്രതിനിധിയെ അയോഗ്യനാക്കുന്നതിനും ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ളവരുടെ സ്വത്ത് വിവരങ്ങൾ അന്വേഷിച്ച്, അനധികൃതമായി സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ജി) പ്രസ്തുത ലഹരിക്കടത്തിന് ചട്ടപ്രകാരം കേസ് എടുക്കാതിരുന്ന എക്സൈസ്, പോലീസ് അധികാരികളുടെ മേൽ നടപടികൾ സ്വീകരിക്കുമോ എന്നും ആലപ്പുഴ ജില്ലയിലെ കായംകുളം, ഹരിപ്പാട്, അമ്പലപ്പുഴ, ആലപ്പുഴ, ചെങ്ങന്നൂർ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വ്യാജ ലഹരി സംഘങ്ങൾ പരസ്പരം സഹകരിച്ച് ലഹരികച്ചവടം

നടത്തുന്ന എന്ന പൊതുജനാക്ഷേപം അന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

**<u>ബാറുടമകളിൽ നിന്ന് മാസപ്പടി</u>**

632 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ ബാറുടമകളിൽ നിന്ന് മാസപ്പടി കൈപ്പറ്റുന്നത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ കണക്കുബുക്ക് പുറത്തുവന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

(ബി) അമിതമായ പണപ്പിരിവിനെക്കുറിച്ച് ബാറുടമകൾ നേരിട്ട് പരാതി നൽകിയിട്ടും യഥാസമയം നടപടിയെടുക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ;

(സി) മാസപ്പടി പിരിവ് നേരിട്ട് പിടികൂടി അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത ഉന്നത ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്ന് മാറ്റാൻ അഴിമതി ലോബി നീക്കങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ കാണുന്നുവെന്ന് അറിയിക്കുമോ;

(ഡി) കോഴ വാങ്ങി തയ്യാറാക്കുന്നതായി പറയപ്പെടുന്ന സ്ഥലംമാറ്റ പട്ടികയിലൂടെ, വകുപ്പിൽ അഴിമതി വ്യാപകമാകുന്നത് തടയാനും കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാനും എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>2021-2026 വർഷം പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവ്</u>**

633 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെയുള്ള കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യാജമദ്യത്തിന്റെയും കഞ്ചാവ്, എം.ഡി.എം.എ. അടക്കമുള്ള ലഹരി വസ്തുക്കളുടേയും വിതരണവും വില്പനയും തടയുന്നതിനായി എക്സൈസ്

വകുപ്പ് നടത്തിയ റെയിഡുകളുടെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു; ഇതിൽ എത്ര പ്രതികൾ ഉണ്ട്; ഓരോ വർഷത്തേയും കണക്ക് പ്രത്യേകം വ്യക്തമാക്കുമോ;

(ബി) 2021-2026 വരെയുള്ള കാലയളവിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഓരോന്നിന്റെയും അളവ് പ്രത്യേകം വ്യക്തമാക്കുമോ?

**<u>ഒല്ലൂർ മണ്ഡലത്തിലെ എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ</u>**

634 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും പ്രദേശവ്യാപ്തിയും പരിഗണിച്ച് എക്സൈസ് വകുപ്പിന്റെ പരിശോധനാ-എൻഫോഴ്സ്മെന്റ് സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എക്സൈസ് ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ, നിലവിലുള്ള ജീവനക്കാർ, വാഹനങ്ങളുടെ എണ്ണം, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലഹരി വിരുദ്ധ പരിശോധനകൾ, അനധികൃത മദ്യവിൽപ്പന തടയൽ, അബ്കാരി കേസുകൾ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ജീവനക്കാരുടെ അപര്യാപ്തത തടസ്സമാകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് അധിക ജീവനക്കാരെയും വാഹനങ്ങളും അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**<u>കോഴിക്കോട് ജില്ലയിലെ എക്സൈസ് സംവിധാനം മെച്ചപ്പെടുത്തൽ</u>**

635 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എക്സൈസ് ഡിവിഷൻ, റേഞ്ച് സർക്കിൾ ഓഫീസുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, പരിശോധനാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തീരദേശ മേഖലയായ കോഴിക്കോട് ജില്ലയിലെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ?

**<u>പീപ്പിൾസ് ഐ ആപ്പ്</u>**

636 **ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച് എക്സൈസ് വകുപ്പിന് ലഭിക്കുന്ന വിവരങ്ങളിൽ സമയബന്ധിതമായ ഇടപെടൽ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി വിരുദ്ധ പോരാട്ടത്തിൽ എക്സൈസ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ 'പീപ്പിൾ ഐ' ആപ്പ് ഒരുക്കിയിട്ടുണ്ടോ;

(സി) ലഹരി നിർമ്മാണവും വില്പനയും ഉപയോഗവും സംബന്ധിച്ച വിവരം നൽകുന്നവരുടെ വ്യക്തിഗത വിശദാംശങ്ങൾ വെളിപ്പെടുത്താതെ തന്നെ വിവരങ്ങൾ നൽകാനുള്ള സംവിധാനം പ്രസ്തുത ആപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ആപ്പിലൂടെ നൽകുന്ന പരാതികളിൽ തുടർ നടപടികൾ ഉറപ്പാക്കുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മാവേലിക്കര തഴക്കരയിൽ സ്ഥിതിചെയ്യുന്ന എക്സൈസ് ഓഫീസിന്റെ നിർമ്മാണം</u>**

637 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കരയിൽ സ്ഥിതിചെയ്യുന്ന എക്സൈസ് ഓഫീസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**പാറശ്ശാല നിയോജകമണ്ഡലത്തിലെ എക്സൈസ് ചെക്ക് പോസ്റ്റുകൾ**

638 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കടുക്കറ(നെട്ട) എന്നീ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ പരിശോധന ശക്തമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ എക്സൈസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) അമ്പൂരി, കടുക്കറ(നെട്ട) എന്നിവിടങ്ങളിൽ സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) അതിർത്തി കടന്നുള്ള ലഹരിക്കടത്ത് തടയുന്നതിനായി എക്സൈസ്, പോലീസ് വകുപ്പുകളുടെ സംയുക്ത പരിശോധനയും നിരീക്ഷണവും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം**

639 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് സംസ്ഥാനത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് വകുപ്പിന്റെ വാഹനങ്ങൾ, പരിശോധനാ ഉപകരണങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ എന്നിവ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ അനധികൃത കടത്ത് കണ്ടെത്തുന്നതിന് സൈബർ നിരീക്ഷണവും ആധുനിക സാങ്കേതികവിദ്യകളും കൂടുതൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരമുള്ള കേസുകളുടെ വിശദാംശങ്ങൾ**</u>

640 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി മുതൽ 2026 സെപ്റ്റംബർ വരെ ഓരോ മാസവും എക്സൈസ് വകുപ്പ് സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളുടെ എണ്ണം പ്രതിമാസപട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2021 മുതൽ 2026 ഏപ്രിൽ മാസം വരെ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളിലായി എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഇനവും അളവും എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(സി) 2026 മെയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളിലായി എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഇനവും അളവും എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

<u>**ലഹരി ഉപയോഗവും ലഹരി വസ്തുക്കളുടെ വിൽപനയും തടയുന്നതിനുള്ള നടപടികൾ**</u>

641 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉപയോഗവും ലഹരി വസ്തുക്കളുടെ വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ കർമ്മപരിപാടി ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കുമോ?

## ഹോട്ട്സ്പോട്ട് മാപ്പിങ് സംവിധാനം

642 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ ലഹരി വില്പന തടയാൻ ഹോട്ട്സ്പോട്ട് മാപ്പിങ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പുകയില ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപ്പന തടയുന്നതിനായി സ്കൂൾ കോളേജ് പരിസരങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

## ലഹരി കടത്ത് തടയുന്നതിന് നടപടി

643 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ അനധികൃത മദ്യവും ലഹരിവസ്തുക്കളും കണ്ടെത്തുന്നതിനുള്ള പരിശോധന എത്രത്തോളം ശക്തിപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിർത്തി ജില്ലകളിൽ ലഹരി കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പും പോലീസ് വകുപ്പും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ടോ; ഈ വർഷത്തെ പരിശോധനകളുടെ കണക്ക് നൽകുമോ;

(സി) ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അനധികൃത ക്രയവിക്രയം കണ്ടെത്താൻ പുതിയ സാങ്കേതിക വിദ്യകൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മദ്യക്കുപ്പികൾ തിരികെ ശേഖരിക്കുന്നത്</u>**

644 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് ഔട്ട് ലെറ്റുകളിൽ നിന്നും വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് മദ്യക്കുപ്പികൾക്ക് കുപ്പിയുടെ വില ഇപ്പോഴും ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഔട്ട് ലെറ്റുകളിൽ നിന്നും വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് മദ്യക്കുപ്പികൾ നിലവിൽ തിരികെ ശേഖരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയാണ് തിരികെ ശേഖരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കുപ്പിക്കും എത്ര രൂപ വീതമാണ് തിരികെ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്ലാസ്റ്റിക് മദ്യക്കുപ്പികൾ നിലവിൽ തിരികെ ശേഖരിക്കുന്നില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

**<u>ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ്</u>**

645 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ശിപാർശയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

**പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

646 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം നാടിന് എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കുറ്റ്യാടി എക്സൈസ് റേഞ്ച് ഓഫീസ്**

647 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ആസ്ഥാനമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

648 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എക്സൈസ് റെയിഞ്ച് ഓഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

**കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം**

649 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എക്സൈസ് ഓഫീസിൽ നിലവിൽ ഉപയോഗിച്ചു വരുന്ന വാഹനം ഏറെ പഴക്കം ചെന്നതും സ്ഥിരമായി പ്രവർത്തനക്ഷമമല്ലാതാകുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ വാഹനം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ എക്സൈസ് കേസുകൾ**

650 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ഒറ്റൂർ, മണമ്പൂർ, ചെറുന്നിയൂർ, കരവാരം, വക്കം എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ ആറുമാസക്കാലമായി എത്ര എക്സൈസ് കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

**കിളിമാനൂർ എക്സൈസ് ഓഫീസ് നവീകരണം**

651 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ എക്സൈസ് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**മഞ്ചേശ്വരത്ത് എക്സൈസ് സർക്കിൾ ഓഫീസ്**

652 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുമ്പള എക്സൈസ് ഓഫീസിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള യാർഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൈവെളിഗെയിൽ എക്സൈസ് ഓഫീസ് അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ?

**കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണം**

653 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലയളവിൽ റവന്യൂ ഭൂമി ലഭ്യമാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി നിലവിൽ പുരോഗമിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

654 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ /പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മയക്കുമരുന്ന് ശൃംഖലകൾ ഏറ്റവും കൂടുതൽ ലക്ഷ്യം വയ്ക്കുന്ന മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഹരി മാഫിയയിൽ നിന്ന് സംരക്ഷണമൊരുക്കാൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**വിമുക്തി പദ്ധതി**

655 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലഹരിക്ക് അടിമയായവരെ രക്ഷിക്കുവാൻ എക്സൈസ് വകുപ്പ് നടത്തി വരുന്ന വിമുക്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ ത്രിതല പഞ്ചായത്ത്, യൂത്ത് ക്ലബ്ബുകൾ, സ്കൂൾ-കോളേജുകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കോതമംഗലം നിയോജകമണ്ഡലത്തിലെ കള്ള് ഷാപ്പിന്റെ പ്രവർത്തനം**

656 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ കള്ള് ഷാപ്പ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാദേശികമായി ജനങ്ങൾക്കിടയിൽ വലിയ എതിർപ്പ് ഉയർന്ന പ്രസ്തുത കള്ള് ഷാപ്പിന്റെ പ്രവർത്തനം നിർത്തലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ?

**<u>സഹകരണ ബാങ്കുകൾ കാർഷിക മേഖലക്ക് നൽകുന്ന വായ്പ പദ്ധതികൾ</u>**

657 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലക്ക് കൈതാങ്ങാവാൻ സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വായ്പ പദ്ധതികൾക്ക് എത്ര ശതമാനം പലിശയാണ് നിലവിൽ സഹകരണ ബാങ്കുകൾ ഈടാക്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) ഈ വായ്പ പദ്ധതികളിലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം പത്ത് വർഷത്തിലധികമായി കുടിശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി തുക സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സഹകരണ ബാങ്കുകളുടെ ജപ്തി നടപടികളിലെ ഇളവുകൾ</u>**

658 **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ ജപ്തി നടപടികൾ കാരണം ദുരിതത്തിലാകുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ജപ്തി നടപടികളിലേക്ക് കടക്കുന്നതിന് മുൻപ് വായ്പ തിരിച്ചടവിന് സാവകാശം നൽകുന്നതിനോ തിരിച്ചടവ് പുനഃക്രമീകരിക്കുന്നതിനോ സർക്കാരിന്റെ ഭാഗത്തുനിന്നും സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) ജപ്തി നടപടി നേരിടുന്നവർക്ക് വായ്പാ തിരിച്ചടവിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം</u>

659 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ആശ്വാസ് 2026 കുടിശിക നിവാരണ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇതുവഴി സഹകരണ സംഘങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

## <u>സഹകരണ മേഖലയിലെ പ്രതിസന്ധി</u>

660 **ശ്രീ. ബി. ബി. ഗോപകുമാർ**
**ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സഹകരണ സംഘങ്ങളിലും നിക്ഷേപ തട്ടിപ്പ്, വായ്പാ ക്രമക്കേട്, സാമ്പത്തിക ദുരുപയോഗം, വ്യാജ രേഖകൾ ഉപയോഗിച്ചുള്ള ഇടപാടുകൾ തുടങ്ങിയ സാമ്പത്തിക കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ തടയുന്നതിനും നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സഹകരണ ബാങ്കുകളിലും സംഘങ്ങളിലും സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് എത്ര പരാതികളും കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ സഹകരണ വകുപ്പ് ഓഡിറ്റ് അന്വേഷണം, വിജിലൻസ് പരിശോധന എന്നിവ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കുന്നതിനും നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ബാങ്ക് ജീവനക്കാരോ ഭരണസമിതി അംഗങ്ങളോ ഉൾപ്പെട്ട സാമ്പത്തിക കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ അവർക്കെതിരെ ക്രിമിനൽ നടപടി, വകുപ്പുതല നടപടി, നഷ്ടപ്പെട്ട പണം തിരിച്ചുപിടിക്കൽ എന്നിവ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ/തട്ടിപ്പുകൾ സംബന്ധിച്ച് ലഭിച്ച പരാതികൾ, രജിസ്റ്റർ ചെയ്ത കേസുകൾ, അവയുടെ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം നൽകാമോ?

**നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആശ്വാസ് 2026 പദ്ധതി**

661 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിലും സംഘങ്ങളിലും വായ്പ തിരിച്ചടവ് മുടങ്ങിയവർക്കായി ആവിഷ്കരിച്ച ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 2026 ജൂൺ 1 മുതൽ 2026 സെപ്റ്റംബർ 30 വരെ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ആനുകൂല്യം ലഭിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിലൂടെ വായ്പക്കാർക്ക് ഇളവായി നൽകിയ തുകയുടെ വിശദാംശങ്ങളും പേരുവിവരങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ആശ്വാസ് 2026 പദ്ധതിയുടെ കാലാവധി പൂർത്തിയായിട്ടുണ്ടോ; ഈ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) കാലാവധി അവസാനിച്ചെങ്കിൽ, സഹകരണ വായ്പ കുടിശ്ശികക്കാർക്കായി പുതുതായി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പുന്നപ്ര അക്ഷര നഗരിയിലെ സഹകരണ സ്ഥാപനങ്ങളിലെ സി.എ.പി.ഇ നിയന്ത്രണം</u>**

662 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പുന്നപ്ര അക്ഷര നഗരിയിലെ സഹകരണ എഞ്ചിനീയറിംഗ് കോളേജ്, സഹകരണ ആശുപത്രി, എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ട്, സഹകരണ നേഴ്സിംഗ് കോളേജ്, സഹകരണ ഫിനിഷിംഗ് സ്കൂൾ എന്നിവയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയെ നിയന്ത്രിക്കുന്ന സി.എ.പി.ഇ. (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ)ന്റെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സി.എ.പി.ഇ. ഡയറക്ടർ ആരാണെന്നും ഈ വർഷം പ്രസ്തുത സ്ഥാപനങ്ങൾ എത്ര തവണ ഡയറക്ടർ സന്ദർശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രയാസം നേരിട്ടാൽ സി.എ.പി.ഇ-യുടെ സഹായം ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലഭ്യമാകുന്നുണ്ടെങ്കിൽ 2026 ജനുവരി മുതൽ സെപ്റ്റംബർ വരെ ലഭ്യമായ സഹായം സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>ആർബിട്രേഷൻ കേസുകൾക്കുള്ള ഭീമമായ ഫീ</u>**

663 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുമ്പോൾ ഫീസിനത്തിൽ ഭീമമായ തുക സഹകരണ ബാങ്കുകൾ അടയ്ക്കേണ്ടി വരുന്നുമൂലം ബാങ്കുകൾക്ക് വലിയ ബാധ്യത വരുന്നത് കണക്കിലെടുത്ത് ഫീസ് കുറയ്ക്കുന്നതിനു ആലോചനയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി</u>

664 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ഇ) പ്രകാരം രൂപീകരിക്കപ്പെട്ട കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ പ്രാഥമിക സംഘങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആദ്യഘട്ട ധനസഹായ വിതരണം എന്നു മുതൽ ആരംഭിച്ചുവെന്നും ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ആകെ എത്ര കോടി രൂപയാണ് സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ ആകെ എത്ര തുക, എത്ര സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

<u>സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>

665 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതും സംഘങ്ങളുടെ ഫയലുകളിൽ തീരുമാനം എടുക്കുന്നത് വൈകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓഡിറ്റ് പൂർത്തീകരിക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; സ്വന്തം ജില്ലക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; ജില്ലക്കകത്ത് സ്ഥലം മാറ്റിയ ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സഹരണ സംഘങ്ങളിൽ കോമൺ സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സംഘങ്ങളിൽ പുതുതായി വകുപ്പ് 65, 66 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഭരണ സമിതികൾ പിരിച്ചു വിട്ടിട്ടുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

666 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ മേഖലയെ കൂടുതൽ വിശ്വാസ്യതയുള്ളതും ജനകീയവുമായ സംവിധാനമാക്കി മാറ്റാൻ ദീർഘകാല പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യകതമാക്കാമോ;

(സി) നഷ്ടത്തിലോടുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

667 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ദുർബലമായ സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സാമ്പത്തികമായി ദുർബലമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളുടെ കണക്ക് ജില്ല തിരിച്ച് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സർക്കാർ ധനസഹായം ലഭിച്ചിട്ടും പ്രവർത്തനം മെച്ചപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; പ്രസ്തുത സ്ഥാപനങ്ങൾ മെച്ചപ്പെടാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ആശ്വാസ് പദ്ധതി

668 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് ആശ്വാസ് പദ്ധതിയിലൂടെ നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പുതുതലമുറയെ പ്രാഥമിക സഹകരണ സംഘങ്ങളിലേക്ക് ആകർഷിക്കുന്നതിനും അവരിലെ നിക്ഷേപക സാന്നിധ്യം വർധിപ്പിക്കുന്നതിനും ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തിരൂർ നിയോജകമണ്ഡലത്തിലെ ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

669 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് 2026 പദ്ധതിയിലൂടെ എന്തെല്ലാം ഇളവുകൾ ആണ് ലഭ്യമാക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) സഹകരണ വകുപ്പ് നടപ്പിലാക്കിയ ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തിരൂർ നിയോജക മണ്ഡലത്തിൽ വായ്പകൾ തീർപ്പാക്കിയവരുടെ എണ്ണം സഹകരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) സഹകരണ വകുപ്പ് നടപ്പിലാക്കിയ ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തിരൂർ നിയോജക മണ്ഡലത്തിൽ വായ്പയെടുത്തവർക്ക് പലിശയിനത്തിൽ ആകെ എത്ര രൂപയുടെ ഇളവ് ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവരിൽ വിവിധകാരണങ്ങളാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പ തിരിച്ചടക്കാൻ സാധിക്കാത്തവർക്ക് അവ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശവും ഇളവും നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

## <u>സഹകരണ ബാങ്കുകളിലെ നിക്ഷേപ സുരക്ഷിതത്വം</u>

670 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും പ്രാഥമിക സഹകരണ സംഘങ്ങളിലും പൊതുജനങ്ങൾ നടത്തുന്ന നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളും പുതിയ നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം നിലവിൽ ഒരു നിക്ഷേപകന് ലഭിക്കുന്ന പരമാവധി ഗ്യാരന്റി പരിരക്ഷ എത്ര രൂപയാണെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട്, സഹകരണ പുനരുദ്ധാരണ ഫണ്ട് എന്നിവയിലായി നിലവിൽ എത്ര രൂപ വീതം നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ; നിക്ഷേപ സുരക്ഷ ഉറപ്പാക്കുന്ന വിവിധ സ്കീമുകൾക്കായി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ</u>

671 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2026 കാലയളവിൽ മലപ്പുറം ജില്ലയിൽ ഏതല്ലാം സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിൽ പുതുതായി രജിസ്റ്റർ ചെയ്ത ടൂറിസം സൊസൈറ്റികളുടെ വിശദാംശം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ടൂറിസം സൊസൈറ്റികളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രധാനപ്പെട്ട ടൂറിസം സൊസൈറ്റികളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>മലപ്പുറം ജില്ല സഹകരണ ബാങ്കിന്റെ കേരളം ബാങ്ക് ലയനം</u>

672 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിച്ച സമയത്ത് അവിടുത്തെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശികയായിരുന്നോ; എങ്കിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ല സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിച്ച സമയത്ത് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കേരള ബാങ്കിലേക്ക് നിയമനം നൽകാതെ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവരുടെ വിവരവും അവരെ ഒഴിവാക്കിയതിനുള്ള കാരണവും വ്യക്തമാക്കാമോ?

## <u>സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന സമാശ്വാസ പദ്ധതികൾ</u>

673 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത ശേഷം ആ വ്യക്തി അപകടത്താലോ മറ്റ് രോഗങ്ങളാലോ വായ്പ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ വലിയ ബാധ്യത കുടുംബാംഗങ്ങളിൽ എത്തപ്പെടുന്ന സ്ഥിതിയ്ക്ക് പരിഹാരമായി ഏതൊക്കെ സമാശ്വാസ പദ്ധതികളാണ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ വർഷം മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ റിസ്ക് ഫണ്ട് ബോർഡ് മുഖേന ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിരുന്നതെന്നും ഇതിൽ എത്ര പേരുടെ അപേക്ഷകൾക്ക് തീർപ്പുകൽപിച്ച് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ഡി) കാർഷിക മേഖലയിൽ പലിശരഹിത വായ്പകൾ സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>സഹകരണ ബാങ്കുകളിലെ വായ്പാ കുടിശിക നിവാരണ പദ്ധതി</u>

674 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ വിവിധ കാരണങ്ങളാൽ വായ്പാ കുടിശിക ഉണ്ടായിട്ടുള്ള സാധാരണക്കാരും ചെറുകിട വ്യാപാരികളും കർഷകരും സ്വയംതൊഴിൽ സംരംഭകരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് വായ്പാ കുടിശിക തീർപ്പാക്കുന്നതിനായി കൂടുതൽ പ്രായോഗികമായ ഏകീകൃത ആശ്വാസ പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വൺ ടൈം സെറ്റിൽമെന്റ് (ഒ.ടി.എസ്.)/കുടിശിക തീർപ്പാക്കൽ സംവിധാനങ്ങൾ കൂടുതൽ ലളിതവും ജനസൗഹൃദവുമാക്കുന്നതിനും അർഹരായ വായ്പക്കാർക്ക് പലിശയിലും പിഴപ്പലിശയിലും ഇളവ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സാമ്പത്തികമായി തിരിച്ചടയ്ക്കാൻ ശേഷിയുള്ളതും എന്നാൽ ഒരുമിച്ച് മുഴുവൻ തുകയും അടയ്ക്കാൻ കഴിയാത്തതുമായ വായ്പക്കാർക്ക് വായ്പ പുനഃക്രമീകരിച്ച് ഘട്ടം ഘട്ടമായി തിരിച്ചടയ്ക്കാനുള്ള അവസരം കൂടുതൽ വിപുലീകരിക്കുമോ;

(ഡി) കുടിശിക തീർപ്പാക്കുന്നതിലൂടെ സഹകരണ ബാങ്കുകളുടെയും വായ്പക്കാരുടെയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി

സംസ്ഥാനതല പ്രത്യേക വായ്പ കുടിശിക പരിഹാര പദ്ധതി പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**സഹകരണ ബാങ്കുകളിലെ സേവനം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടി**

675 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ കൂടുതൽ ജനകീയമാക്കാൻ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പേഴ്സണൽ ലോൺ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ ലോണുകളുടെ ലഭ്യമാക്കൽ പ്രക്രിയ ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം**

676 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളും സംഘങ്ങളും മുഖേന കർഷകർക്കും സാധാരണക്കാർക്കും നൽകുന്ന വായ്പാ പദ്ധതികളും കാർഷിക സേവനങ്ങളും കൂടുതൽ ജനകീയമാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ മേഖലയിൽ തുകകളുടെ വിതരണത്തിലും നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിലും എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും അവ പരിഹരിക്കാൻ വകുപ്പ് എന്ത് ഇടപെടലാണ് നടത്തുന്നതെന്നും വിശദമാക്കാമോ;

(സി) വായ്പയെടുത്ത് മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്കും ഗുരുതരമായ അസുഖങ്ങൾ കാരണം പണം തിരിച്ചടയ്ക്കാൻ സാധിക്കാത്ത വ്യക്തികൾക്കും സഹകരണ ബാങ്കുകളുടെ വായ്പകളിൽ മുതൽ മാത്രം

അടച്ചു തീർക്കൽ, പലിശയിളവ്, പിഴപ്പലിശ ഒഴിവാക്കൽ എന്നിവ നൽകുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പ്രതിസന്ധിയിലായ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി വായ്പകളിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി സാധാരണക്കാർക്കും കർഷകർക്കും വായ്പകൾ തീർക്കുന്ന തരത്തിലുള്ള പ്രത്യേക പദ്ധതികളുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനുമായി നടപ്പു വർഷം അനുവദിച്ച ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം നൽകാമോ?

## സർവീസ് സഹകരണ ബാങ്കുകളുടെ വികസനം

677 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സർവീസ് സഹകരണ ബാങ്കുകളുടെ വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും പുതിയ എത്ര സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകിയെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്വാസ് തുടങ്ങിയ പദ്ധതികളിൽപ്പെടുത്തി എത്ര തുകയുടെ വായ്പാ ഇളവുകൾ അനുവദിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ എത്ര സർവീസ് സഹകരണ ബാങ്കുകൾക്ക് അനുമതി നൽകി എന്ന് അറിയിക്കാമോ;

(ഡി) ആലിൻചുവട് സർവീസ് സഹകരണ ബാങ്കിന് വെളിമുക്ക് എന്ന പ്രദേശത്ത് ഒരു ശാഖ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ ബാങ്ക് വായ്പ ഇളവ്

678 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ ബാങ്ക് വായ്പ എടുത്തതിൽ എത്ര പേർക്കാണ് ഇളവ് നൽകിയിട്ടുള്ളതെന്നും എത്ര രൂപയുടെ ആനുകൂല്യമാണ് വ്യക്തികൾക്ക് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

**തൃശ്ശൂർ ഒരുമനയൂർ സർവീസ് സഹകരണബാങ്ക് നിയമനത്തിലെ ക്രമക്കേടുകൾ**

679 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ സർവീസ് സഹകരണ ബാങ്ക് നിയമനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധികൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോടതി വിധിക്ക് വിരുദ്ധമായി ബാങ്കിൽ നിയമനം നടത്തുന്നതിനുള്ള ഭരണസമിതി തീരുമാനം നടപ്പിലാക്കുന്നതിന് വിസമ്മതിച്ച ഒരുമനയൂർ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്കെതിരെ ഭരണസമിതി സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സെക്രട്ടറിയെ സസ്പെൻഡ് ചെയ്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

**സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തൽ**

680 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും വിശ്വസനീയതയും ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ശക്തിപ്പെടുത്താനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളും മുൻകൂട്ടി കണ്ടെത്തുന്നതിനായി കേന്ദ്രീകൃത 'ഓൺലൈൻ മോണിറ്ററിംഗ് ആൻഡ് റിയൽ ടൈം ഓഡിറ്റിംഗ് സോഫ്റ്റ്‌വെയർ'

സംവിധാനം പൂർണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) നിലവിൽ ഏതൊക്കെ ഘട്ടങ്ങളിലാണ് സാമ്പത്തിക ഓഡിറ്റിംഗ് വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്നും ഇത് എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും (പി.എ.സി.എസ്.) എന്ന് പൂർണമായി നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) ഓഡിറ്റ് തടസ്സപ്പെടുന്നത് ഒഴിവാക്കാനും ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും വകുപ്പ് തലത്തിൽ പുതിയ നിർദ്ദേശങ്ങളോ മാർഗരേഖകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി

681 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കും സാധാരണക്കാർക്കും കുറഞ്ഞ പലിശ നിരക്കിൽ ഏറ്റവും വേഗം വായ്പ ലഭ്യമാക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സഹകരണ പ്രസ്ഥാനത്തിൽ ജീർണതകൾ ഉള്ളതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സാധാരണക്കാരിൽനിന്നും വലിയ തോതിൽ പലിശ ഈടാക്കുന്നത് തടയാനും വിവിധ കാരണങ്ങളാൽ റിക്കവറി നടപടി നേരിടുന്നവർക്ക് സാധാരണ പലിശ കൂട്ടിചേർത്ത് വായ്പ പുതുക്കി നല്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക

682 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് എന്തെങ്കിലും സഹായപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സഹകരണ വകുപ്പിന്റെ ആശ്വാസ് പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) നിയോജക മണ്ഡല അടിസ്ഥാനത്തിലും ജില്ലാ തലത്തിലും വകുപ്പ് നടപ്പിലാക്കുന്ന സഹകരണ അദാലത്തിന്റെ പുരോഗതി വിശദീകരിക്കാമോ?

**ഒറ്റതവണ തീർപ്പാക്കൽ പദ്ധതി**

683 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്തതിനുശേഷം സാമ്പത്തിക പ്രതിസന്ധി, ഗുരുതര രോഗം, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സാധാരണക്കാർക്ക് ആശ്വാസം നൽകാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും തിരിച്ചടക്കാൻ ബുദ്ധിമുട്ട് നേരിടുന്നവർക്കും കൂടുതൽ ആശ്വാസം നൽകുന്നതിനായി ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ കാര്യം പരിഗണിക്കുമോ?

**റിസ്ക് ഫണ്ടിൽ നിന്നും തുക അനുവദിക്കൽ**

684 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ വഴി ലോൺ എടുത്തയാൾ മരണപ്പെട്ടാൽ റിസ്ക് ഫണ്ടിൽനിന്നും തുക അനുവദിച്ച് ലോൺ എടുത്ത ബാക്കി തുക എഴുതി തള്ളാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) ലോൺ കുടിശിക ഉള്ളവർക്ക് കൂടി ഈ സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) അപകടങ്ങൾ, മാരക രോഗങ്ങൾ ഉൾപ്പടെയുള്ളവ കാരണം മരണപ്പെടുന്നവരുടെ ലോൺ എഴുതി തള്ളാൻ എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ലോൺ എടുക്കുമ്പോൾ തന്നെ ഒരു

ഇൻഷ്വറൻസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിന് റിസ്ക് ഫണ്ട് ഉപയോഗിക്കാൻ പറ്റുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## യുവജനസഹകരണ സംഘങ്ങൾ

685 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ സഹകരണമേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ആരംഭിച്ച യുവജനസഹകരണ സംഘങ്ങൾ എത്രയെണ്ണമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ആരംഭിച്ച യുജനസഹകരണസംഘങ്ങളിൽ നിലവിൽ പ്രവർത്തനം അവസാനിപ്പിച്ചവ എത്രയെണ്ണമാണെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ വായ്പ

686 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് വിതരണം ചെയ്ത കാർഷിക വായ്പ തുക ആകെ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ചെറുകിട-നാമമാത്ര കർഷകർക്ക് പ്രത്യേക കടാശ്വാസ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റീ(പി.എ.സി.എസ്സ് )കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കർഷകരിൽ നിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പുതിയ നീതി, ത്രിവേണി, മൊബൈൽ സ്റ്റോറുകൾ**

687 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പുതുതായി നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും മൊബൈൽ സ്റ്റോറുകളും ഉൾപ്പടെ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**സഹകരണ അദാലത്ത്**

688 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ദിവസങ്ങളിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സഹകരണ അദാലത്തുകൾ വഴി സംസ്ഥാനത്തുടനീളം സാധാരണക്കാർക്കും പ്രയാസമനുഭവിക്കുന്നവർക്കും എന്തെല്ലാം ആശ്വാസ നടപടികളാണ് ലഭ്യമാക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദാലത്തുകളിൽ ആകെ എത്ര അപേക്ഷകളും പരാതികളുമാണ് ലഭിച്ചതെന്നും അതിൽ എത്ര കേസുകൾ വിജയകരമായി ഒത്തുതീർപ്പാക്കാൻ സാധിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ഒത്തുതീർപ്പാക്കിയ കേസുകൾ വഴി ബാധ്യതകളിൽ ഇളവ് ലഭിച്ചവർക്ക് എത്ര കോടി രൂപയുടെ സാമ്പത്തിക ആശ്വാസമാണ് നൽകാനായതെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പരാതികളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവയിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**സഹകരണ ബാങ്കുകളിലെ ഒറ്റത്തവണ തീർപ്പാക്കൽ (ഒ.ടി.എസ്.) പദ്ധതികൾ**

689 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ, രോഗങ്ങൾ, തൊഴിലില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കുടിശികക്കാരായ വായ്പക്കാർക്ക് ആശ്വാസമേകാൻ സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കിയ 'ഒറ്റത്തവണ തീർപ്പാക്കൽ' (വൺ ടൈം സെറ്റിൽമെന്റ്-ഒ.ടി.എസ്.) പദ്ധതിയുടെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജനങ്ങളുടെ മോശം സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് വായ്പകളുടെ പിഴപ്പലിശ ഒഴിവാക്കാനും അസൽ തുക ഗഡുക്കളായി അടയ്ക്കാനും എന്തെങ്കിലും പുതിയ ഇളവുകൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വായ്പയെടുത്ത വ്യക്തി മരണപ്പെടുകയോ ഗുരുതരമായ രോഗബാധിതനാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ കുടിശിക തീർപ്പാക്കാൻ സഹായിക്കുന്ന 'സഹകരണ റിസ്ക് ഫണ്ട്' (കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട്) വഴി അനുവദിച്ച ധനസഹായത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള പരമാവധി വായ്പാ പരിധി ഉയർത്താനും പ്രക്രിയ കൂടുതൽ ലളിതമാക്കാനും നടപടി സ്വീകരിക്കുമോ?

## <u>കാർഷിക കടാശ്വാസ വായ്പകൾ</u>

690 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ കാർഷിക കടാശ്വാസ പദ്ധതിയുടെ പരിധിയിൽപ്പെടുത്തി കുടിശിക തീർപ്പാക്കിയിട്ടും കടാശ്വാസ വിഹിതം ലഭിക്കാത്തതിനാൽ വായ്പയ്ക്ക് ഈടായി നൽകിയ ആധാരം ഉൾപ്പെടെയുള്ള രേഖകൾ വായ്പക്കാരന് തിരികെ നൽകാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാർഷിക കടാശ്വാസത്തിന് അർഹമായ വായ്പകളിൽ കടാശ്വാസ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവിലെ പലിശയും കൂട്ടുപലിശയും

ചില സഹകരണ സംഘങ്ങൾ വായ്പക്കാരിൽ നിന്ന് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം സാഹചര്യങ്ങളിൽ വായ്പക്കാരിൽ നിന്ന് ഈടാക്കുന്ന പലിശ, കൂട്ടുപലിശ എന്നിവ സംബന്ധിച്ച് സഹകരണ സംഘങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കാർഷിക കടാശ്വാസത്തിന് അർഹരായ ഗുണഭോക്താക്കൾക്ക് കടാശ്വാസ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കടാശ്വാസം ലഭിക്കുന്നതുവരെ അധിക പലിശഭാരം ഉണ്ടാകാതിരിക്കുന്നതിനും വായ്പ തീർപ്പാക്കിയവർക്ക് ഈടായി നൽകിയ രേഖകൾ തിരികെ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് സ്കീം</u>**

691 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദവിവരങ്ങളും അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങളും മണ്ഡലത്തിലെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ അനുമതി നൽകാതെ അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അവശേഷിക്കുന്ന അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി ധനസഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി നിശ്ചയിച്ചിട്ടുള്ള കാലപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് ബോർഡ് അപേക്ഷകൾ</u>**

692 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന റിസ്ക് ഫണ്ട് ബോർഡിൽ നൽകുന്ന അപേക്ഷകളിൽ തീരുമാനമാകുന്നതിനുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) റിസ്ക് ഫണ്ട് ബോർഡിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ അപേക്ഷകളിൽ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വായ്പക്കാരന്റെ മരണമോ രോഗമോ കാരണമാണ് വായ്പ കുടിശ്ശികയാകുന്നതെങ്കിൽ ഇത്തരം വായ്പക്കാരുടെ അപേക്ഷകൾ യോഗ്യതയുള്ളതായി പരിഗണിച്ച് സഹായങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കാമോ?

<u>റിസ്ക് ഫണ്ട് ആനുകൂല്യം</u>

693 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകളാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>റിസ്ക് ഫണ്ട്</u>

694 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ നിലവിൽ തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം തീർപ്പുകൽപിക്കാൻ ബാക്കിയുള്ള അപേക്ഷകളിൽ മരണാനന്തര ആനുകൂല്യം, ഗുരുതര രോഗബാധിതർക്കുള്ള വായ്പാ ഇളവ് എന്നിവയ്ക്കായി സമർപ്പിക്കപ്പെട്ടവ എത്ര വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര ഗുണഭോക്താക്കൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>**സഹകരണ വകുപ്പിലെ ബന്ധു നിയമനങ്ങൾ**</u>

695 **ശ്രീ. സേനാപതി വേണു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ സ്വയംഭരണ സ്ഥാപനത്തിൽ (അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) മുൻ സർക്കാരിന്റെ കാലത്തു നടത്തിയ ബന്ധു നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് മുൻമന്ത്രിയുടെ ബന്ധുവിനെ ഇവിടെ പിൻവാതിൽ വഴി നിയമനം നടത്തിയിരുന്നോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രായപരിധി കഴിഞ്ഞ ഈ വ്യക്തിക്ക് മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലെന്നും വ്യാജ സർട്ടിഫിക്കറ്റ് ചമച്ചാണ് നിയമനം നേടിയതെന്നുമുള്ള പരാതി ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ?

<u>**കേപ്പ് ന്റെ കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലെ തസ്തികകളിലെ ഒഴിവ്**</u>

696 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കേപ്പ് ന്റെ കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിലെ ഫാക്കൽറ്റികളുടെയും അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ പലതും ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>**കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന് കീഴിലുള്ള സ്റ്റോറുകൾ**</u>

697 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ലാബുകൾ, കൺസ്യൂമർ സ്റ്റോറുകൾ,

സഹകരണ ആശുപത്രികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) വനിത സഹകരണ സംഘങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവ ശാക്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>സഹകരണ സംഘങ്ങളുടെ കേന്ദ്രാവിഷ്കൃത കമ്പ്യൂട്ടറൈസേഷൻ പദ്ധതി</u>

698 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ കേരളം പങ്കാളിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) 2925.39 കോടി രൂപ കേന്ദ്രം വകയിരുത്തിയ പ്രസ്തുത പദ്ധതിയിൽ കേരളം പങ്കുചേർന്നിട്ടില്ലെങ്കിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ജില്ലാ സംസ്ഥാനതല സഹകരണ ബാങ്കുകൾക്കും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിക്ക് പകരം സംസ്ഥാന സർക്കാർ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ആയതിലേക്ക് എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവായത്; വിശദാംശം ലഭ്യമാക്കാമോ?

<u>സഹകരണ മേഖലയിലെ നിക്ഷേപത്തിന്റെ ഫലപ്രദമായ വിനിയോഗം</u>

699 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ നിക്ഷേപം വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി

എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

**<u>സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ</u>**

700 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വികസനത്തിനും സാധാരണ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിവരുന്നതും പുതുതായി ആവിഷ്കരിച്ചതുമായ വായ്പ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ഡിജിറ്റൽ സേവനങ്ങൾ വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ള കർഷകർ, ചെറുകിട സംരംഭകർ എന്നിവർക്ക് പ്രകൃതിക്ഷോഭങ്ങളും മറ്റും കണക്കിലെടുത്ത് വായ്പ തിരിച്ചടവിന് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 05, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].